Reg. No. C 191, M. 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1125 ധനു 20 | ലക്കം 19

# ആദ്ധ്യാത്മിക പാപ്പരത്തം

(കെ. എം. ജോസഫ് ബി. എസ്സ്‌സി., ബി. എൽ.)

ഒരാൾക്ക് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവരിൽ ഇളയവൻ അപ്പനോട് ഇങ്ങനെ പറഞ്ഞു: "അപ്പാ, എന്റെ വീതം സ്വത്ത് എനിക്കു തിരിച്ചുതന്നേക്കൂ." ആ പിതാവ് ഇതനുസരിച്ചു തന്റെ സ്വത്ത് മക്കൾക്കായി വീതിച്ചുകൊടുത്തു. ഏറെ താമസിയാതെ ഇളയപുത്രൻ അയാളുടെ വീതം മുതൽ മുഴുവൻ ശേഖരിച്ചുകൊണ്ട് വിദേശത്തേക്കു യാത്രയായി. അവിടെ അയാൾ ധൂർത്തനായി ജീവിച്ച് സ്വത്തു മുഴുവൻ നഷ്ടപ്പെടുത്തി.

ഇങ്ങനെയാണ് ക്രിസ്തുനാഥൻ ധൂർത്തപുത്രന്റെ കഥ ആരംഭിക്കുന്നത്. ഇതു കേൾക്കുമ്പോൾ ഒരു ചോദ്യം നമ്മുടെ മനസ്സിൽ ഉദിക്കുന്നു. എന്തുകൊണ്ടാണ് ആ ചെറുപ്പക്കാരൻ വീട്ടിലെ ജീവിതം ഇഷ്ടപ്പെടാതെ അവിടം വിട്ടുവാൻ ആഗ്രഹിച്ചതു്? വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു നോക്കിയാൽ അതു മാതൃകാപരമായ ഒരു വീടായിരുന്നു. പക്ഷേ ആ യുവാവിനു് ഇതു് എങ്ങനെയോ മനസ്സിലായില്ല. പുറത്തുചെന്നു് കഷ്ടപ്പെട്ടു ജീവിച്ചു തിരിച്ചുവന്നപ്പോഴേ സ്വന്തം വീടിന്റെ മേന്മ അയാൾ ഗ്രഹിച്ചുള്ളൂ. അതിനുമുമ്പു് പിതാവിന്റെ അധികാരവും അച്ചടക്കനിയമങ്ങളും കടുകട്ടിയായിട്ടാണു് ആ ചെറുപ്പക്കാരൻ കരുതിയിരുന്നതു്. കുട്ടികളെ വളർത്തുന്ന കാര്യത്തിൽ അപ്പൻ പഴഞ്ചൻ സമ്പ്രദായക്കാരനാണെന്നും കാലത്തിനൊത്ത പരിഷ്കാരം അദ്ദേഹത്തിനു വന്നിട്ടില്ലെന്നും അയാൾക്കു് അഭിപ്രായം ഉണ്ടായിരുന്നിരിക്കാം. ഏതായാലും പിതാവിന്റെ നുകം വലിച്ചെറിഞ്ഞു് സ്വതന്ത്രനായി ജീവിക്കുന്നതിനു് തീർച്ചപ്പെടുത്തി. ഉടനെ തന്നെ സ്വത്തിന്റെ വീതം ആവശ്യപ്പെട്ടു. മനസ്സില്ലാത്തവനെ പിടിച്ചുനിറുത്തിയിട്ടു് എന്തു ഗുണം വരാനാണു്? കഴിയുന്നതും വേഗം അദ്ദേഹം സ്വത്തു വീതിച്ചുകൊടുത്തു. ഇതുപോലെയാണു് നമ്മുടെ സ്വർഗ്ഗീയ പിതാവു് സ്വാതന്ത്ര്യമനസ്സിനെ ഉപയോഗിക്കാൻ അനുവദിക്കുന്നതു്. നമ്മുടെ വീതത്തിലുള്ള ശക്തിവിശേഷങ്ങൾ നാം പലപ്പോഴും ദുർവിനിയോഗം ചെയ്യുന്നുണ്ടു്. എന്നിട്ടും നമ്മുടെ പിതാവു് അതു തിരിച്ചെടുക്കുന്നില്ല. സ്വതന്ത്രനായ ഒരു വ്യക്തിയെ അവന്റെ ഇഷ്ടത്തിനു വിരുദ്ധമായി എങ്ങനെ നന്നാക്കും?


ഏറെ താമസിയാതെ ഇളയപുത്രൻ അയാളുടെ മുതൽ മുഴുവൻ ശേഖരിച്ചുകൊണ്ടു് വിദേശത്തേക്കു് യാത്രയായി. മനസ്സിനു വരുന്ന മാററത്തെയാണു് ഈ പുറപ്പാടു് സൂചിപ്പിക്കുന്നതു്. ഒരാൾ സ്വന്തം കാര്യം നോക്കുന്നതിൽ തകരാറൊന്നുമില്ല; ദുശ്ശീലങ്ങളും പാപങ്ങളും വന്നുകൂടുന്നതുവരെ. ദുശ്ശീലങ്ങളും പാപങ്ങളേയും സംഭരിക്കുവാനും കുറച്ചു സമയം വേണം. ഒരിക്കൽ അവയെ അടുപ്പിച്ചു കഴിഞ്ഞാൽ അയാൾ പരദേശത്തേക്കു് യാത്രതിരിക്കും. യഥാർത്ഥ പരദേശം ദൈവമില്ലാത്ത ദേശമാണു്, പുതുതായി സ്വാതന്ത്ര്യം ലഭിച്ചു; പണം വേണ്ടുവോളമുണ്ടു്; അപ്പന്റെ നിയന്ത്രണം അശേഷമില്ല. ഇത്രയുംകൊണ്ടു് സ്വർഗ്ഗ സ്വഭാവത്തിന്റെ താക്കോൽ കൈക്കലായെന്നാണു് ആ തരുണൻ വിചാരിച്ചതു്.

ഓരോരുത്തർക്കും ഇഷ്ടമുള്ളതു് അവരവർക്കു ചെയ്യാം; അതിലൊന്നും പാപമില്ല. മുടക്കുവാൻ പണം വേണം, അത്രയേ ഉള്ളൂ. ഇമ്മാതിരി ഉപദേശിക്കുന്നവർ ധാരാളമുണ്ടല്ലോ. അവർ നമ്മുടെ യുവസ്നേഹിതനു് ഉണർവും ഉത്സാഹവും പോരാഞ്ഞതു് ഉണ്ടാക്കിക്കൊടുത്തു സ്വപ്നസാമ്രാജ്യങ്ങൾ പലതും അയാൾ പിടിച്ചടക്കി. സുഖാനുഭവങ്ങൾക്കും ലോഭമില്ലായിരുന്നു.

പക്ഷേ ഇതെല്ലാം ഒരു വസന്തകാലത്തെ സുഖാനുഭൂതി മാത്രമായിരുന്നു. സുഖങ്ങൾ സുഖങ്ങളെത്തന്നെ നിഹനിച്ചുതുടങ്ങി. കിട്ടിയ സുഖഭോഗങ്ങൾകൊണ്ടു് അയാൾക്കു് തൃപ്തിവരാതായി. സുഖങ്ങളെ തേടിനടന്നു് അയാൾക്കു മനസ്സും മുട്ടി. സുഖിക്കുവാനുള്ള ശക്തിതന്നെ അസ്തമിച്ചു. ജീവിതം ചെന്നു് മുള്ളുകളിൽ പതിക്കുന്നതുപോലെ അയാൾക്കു തോന്നി. ആരോഗ്യവും നശിച്ചു. ധൂർത്തനായി ജീവിച്ചു് സ്വത്തു മുഴുവൻ നഷ്ടപ്പെടുത്തി എന്നു വേദപുസ്തകത്തിൽ പറയുന്ന അവസ്ഥയിൽ അയാൾ എത്തി. ഇതു് ജീവിതത്തിന്റെ കഥയാണു്—ഒരു കുതിച്ചുചാട്ടവും നാശവും! ലോകം കൈകൾ വിരിച്ചു പിടിച്ചാണു് ആ ഭാഗ്യശാലിയെ സ്വീകരിച്ചതു്. പക്ഷേ അയാളുടെ ധനമെല്ലാം തീർന്നപ്പോൾ കുളത്തിലേക്കു ഒരു കല്ലിടുന്നതുപോലെ ഇട്ടുകളഞ്ഞു.

ഈ കഥ വ്യക്തികളുടെ ജീവിതത്തിൽ മാത്രമല്ല, ലോകത്തിന്റെ വളർച്ചയിലും കാണാവുന്നതാണു്. ഇളയ പുത്രൻ പാശ്ചാത്യസംസ്കാരമാണു്. അയാളുടെ വീടു് ക്രിസ്തുവിന്റെ സഭയാണു്; പിതാവു് ക്രിസ്തുവിന്റെ വികാരിയും. അദ്ദേഹത്തിന്റെ സ്വത്തു് സ്വർണ്ണമോ വെള്ളിയോ അല്ല, സഭയുടെ അഗാധമായ ജ്ഞാനവും വിലതീരാത്ത പാരമ്പര്യങ്ങളുമാണു്. രക്തം ചിന്തിയും വേദന സഹിച്ചുമാണു് ഈ അമൂല്യസ്വത്തിനെ സഭയും സഭയുടെ പിതാവും പരിരക്ഷിച്ചുവന്നതു്. പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യസംസ്കാരം അതിന്റെ വീതം വാങ്ങി വേർപിരിഞ്ഞു. സഭയുടെ സർവ്വപ്രധാനങ്ങളായ സത്യങ്ങളായിരുന്നു അവരുടേയും വീതത്തിനു ലഭിച്ചതു്. അവയെ ശേഖരിച്ചുകൊണ്ടു് പാശ്ചാത്യസംസ്കാരം വിദൂരത്തേക്കു് യാത്രയായി. അവിടെ ഒരു ആദ്ധ്യാത്മികപിതാവിന്റെ നിയന്ത്രണം അവർ അനുഭവിക്കേണ്ടിവന്നില്ല. അവരെ നയിച്ചതു് അവരുടെ വികാരങ്ങളും വിഭ്രാന്തികളുമാണു്. സ്വാതന്ത്ര്യത്തെ കുറിച്ചുള്ള പ്രസംഗമേ എവിടെയും കേൾക്കുവാനുണ്ടായിരുന്നുള്ളൂ. കല്പനകളുടെ അടിമത്തവും റോമ്മായുടെ ചങ്ങലയും തങ്ങൾ തകർത്തു എന്നവർ അട്ടഹസിച്ചു. തിരുസഭയിൽനിന്നും കൊണ്ടുപോന്ന നിത്യസത്യങ്ങളെ ഓരോന്നായി ചെലവഴിച്ചു; അല്ലാ, അവയെ ഓരോന്നായി അവർ ധൂർത്തടിച്ചു. കഴിഞ്ഞ നാലു നൂററാണ്ടുകളിലെ പാശ്ചാത്യസംസ്കാരചരിത്രം ഈ ധൂർത്തടിയുടെ ചരിത്രമാണു്. പതിനാറാം നൂററാണ്ടിൽ, അധികാരം ആവശ്യമാണെന്നുള്ള സഭയുടെ വിശ്വാസം അവർ ദൂരെയെറിഞ്ഞു. പതിനേഴാം നൂററാണ്ടിൽ സുവിശേഷങ്ങൾ ദൈവവാക്യങ്ങളാണെന്നുള്ള വിശ്വാസം അവർ ഉപേക്ഷിച്ചു. പതിനെട്ടാം നൂററാണ്ടിൽ ക്രിസ്തുവിന്റെ ദൈവികത്വംതന്നെ വിററഴിച്ചു. പത്തൊമ്പതാം നൂററാണ്ടിൽ ദൈവത്തിന്റെ ആസ്തിക്യംതന്നെ അവർ നിഷേധിച്ചു. നമ്മുടെ നൂററാണ്ടിലാകട്ടെ മതംതന്നെ അനാവശ്യമാണെന്നു തീരുമാനിച്ചു. ഇങ്ങനെ പാശ്ചാത്യസംസ്കാരം പൂർവ്വസ്വത്തിന്റെ അവസാനത്തെ പൈസയും ചെലവഴിച്ചു. ഇപ്പോഴിതാ സർവ്വത്ര അസ്വസ്ഥതയും അസംതൃപ്തിയും നിരാശയും.

(തുടരും)



കരിമണ്ണൂർ "സത്യാരാധന" മഹാസമ്മേളനത്തിൽ എറണാകുളം, ചങ്ങനാശേരി, കോട്ടയം രൂപതകളിലെ 25 ഇടവകകളിൽനിന്നും വന്നുചേർന്ന സഖ്യപ്രതിനിധികൾ.

---

## ക. കോ. ആദ്ധ്യാത്മികോപദേഷ്ടാവ്

അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ ആദ്ധ്യാത്മികോപദേഷ്ടാവായി വെ. റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരിയെ മലബാർ കാത്തലിക് ബിഷപ്സ് കോൺഫറൻസ് തിരഞ്ഞെടുത്തിരിക്കുന്നു.




## Bosco Children's Club (ബി. സി. സി.)

# 13. രക്ഷകന്റെ മുന്നോടി

"ദീനാവനാർത്ഥം മിശിഹാവരുന്നോ-
രാനാളിലങ്ങേ വഴി ഭദ്രമാക്കും.
മാനാർഹനാമശ്ശിശുവിന്നു യോഹ-
ന്നാനാഹ്വയം സൽഗുരുവയ്ക്കുനേകി."

പ്രിയ കുഞ്ഞുങ്ങളേ,

രക്ഷകന്റെ മാതാവിനെയും വളർത്തുപിതാവിനെയും, നിത്യപിതാവു സജ്ജമാക്കിക്കഴിഞ്ഞു. ഇനി ഒരു മുന്നോടിയാണുണ്ടാകേണ്ടതു്. അതായതു്, രാജാവിന്റെ എഴുന്നെള്ളത്തിനുമുമ്പു്, ആ വിവരം വിളിച്ചറിയിച്ചുകൊണ്ടു്, വഴി തയാറാക്കുന്നതിനുള്ള ഒരു ദൂതൻ മുമ്പേ പുറപ്പെടാറുണ്ടല്ലോ. അതുപോലെയുള്ള ഒരു പ്രതിപുരുഷനെ രംഗപ്രവേശം ചെയ്യിക്കുന്നതിനാണു് അടുത്തതായി സർവ്വേശ്വരന്റെ ശ്രദ്ധ പതിയുന്നതു്.

സുവിശേഷകനായ വി. ലൂക്കാ ഇതേപ്പററി വിവരിച്ചു തുടങ്ങുന്നതു കേൾക്കുക: "യൂദന്മാരുടെ രാജാവായ ഹേറോദേസിന്റെ നാളുകളിൽ അബിയാ കുടുംബത്തിന്റെ ശുശ്രൂഷയിൽ സ്ക്കറിയാ എന്നു പേരുള്ള ഒരു പുരോഹിതനുണ്ടായിരുന്നു. ഏലീശ്വാ എന്നു പേരോടുകൂടി അഹറോന്റെ പുത്രിമാരിൽ ഒരുത്തിയായിരുന്നു അവന്റെ ഭാര്യ. അവരിരുവരും ദൈവസന്നിധിയിൽ നീതിമാന്മാരായിരുന്നു...എന്നാൽ ഏലീശ്വാ മച്ചിയായിരുന്നതുകൊണ്ടു് അവർക്കു സന്താനമുണ്ടായിരുന്നില്ല. അവർ ഇരുവരും വയസ്സു ചെന്നവരുമായിരുന്നു.

"അവൻ തന്റെ ശുശ്രൂഷയുടെ ക്രമപ്രകാരം ദൈവസന്നിധിയിൽ പൗരോഹിത്യം നടത്തിവരുമ്പോൾ സംഭവിച്ചതെന്തെന്നാൽ: പൗരോഹിത്യമുറപ്രകാരം അവൻ ധൂപം സമർപ്പിക്കാറായി. ആകയാൽ അവൻ കർത്താവിന്റെ ഭവനത്തിൽ പ്രവേശിച്ചു. ജനക്കൂട്ടം മുഴുവനുമോ ധൂപത്തിന്റെ സമയത്തു വെളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ സുഗന്ധബലിപീഠത്തിന്റെ വലത്തുവശത്തു നില്ക്കുന്നവനായി സ്ക്കറിയായ്ക്കു കാണപ്പെട്ടു. അവനെ കണ്ടപ്പോൾ സ്ക്കറിയാ കലങ്ങി; അവൻ ഭയപരവശനായി.

"അപ്പോൾ ദൂതൻ അവനോടു പറഞ്ഞു: സ്ക്കറിയാ, നീ ഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു. നിന്റെ ഭാര്യയായ ഏലീശ്വാ നിനക്കു ഒരു പുത്രനെ പ്രസവിക്കും. അവനു യോഹന്നാൻ എന്നു നീ പേർ വിളിക്കണം..." (ലൂക്കാ , 5-1 .)

ഇങ്ങനെ ഏലീശ്വാ ഗർഭം ധരിച്ചു പ്രസവിച്ച ആ അത്ഭുതശിശുവത്രെ, അനന്തരകാലത്തു "കർത്താവിനു വഴികളെ ഒരുക്കുവിൻ" എന്നു പ്രസംഗിച്ചുകൊണ്ടു യോർദനാൻ നദിക്കടുത്തുള്ള വനങ്ങളിൽ ചുററിസഞ്ചരിച്ചിരുന്ന സ്നാപകയോഹന്നാൻ. "സ്ത്രീകളിൽനിന്നു പിറന്നവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവനില്ല" എന്നു ദിവ്യരക്ഷകൻതന്നെ തന്റെ മുന്നോടിയെപ്പററി സാക്ഷിച്ചിരിക്കുന്നു.

ഓർശ്ലെം ദേവാലയത്തിൽ പരികർമ്മം ചെയ്യുന്നതിനു ഇരുപത്തിനാലായിരം പുരോഹിതന്മാരുണ്ടായിരിക്കണമെന്നാണു ദാവീദുരാജാവു വ്യവസ്ഥ ചെയ്തിരുന്നതു്. അവരെ 24 ഗണങ്ങളായി അദ്ദേഹം വിഭജിച്ചിരുന്നു. ഓരോ ഗണത്തിലും പ്രധാനാചാര്യൻ, ആചാര്യന്മാർ, ലേവായക്കാർ എന്ന മൂന്നു തരക്കാരുമുണ്ടായിരുന്നു. മേല്പറഞ്ഞ സ്ക്കറിയാ എന്ന ആചാര്യൻ ആബിയാ എന്ന എട്ടാമത്തെ ഗണത്തിൽ പെട്ടവനായിരുന്നു. ഈ പുരോഹിതന്മാരോ, ലേവായക്കാരോ, ഓറെശ്ലത്തു സ്ഥിരമായി താമസിക്കാൻ ആവശ്യമുണ്ടായിരുന്നില്ല. തവണമുറയ്ക്കു ആണ്ടിൽ രണ്ടാഴ്ചയോളം അവിടെച്ചെന്നു താമസിച്ചു ജോലി നടത്തിയാൽ മതിയായിരുന്നു. കാലത്തു ഒൻപതു മണിക്കും ഉച്ചകഴിഞ്ഞു മൂന്നു മണിക്കും ഓരോ ബലിയാണുണ്ടായിരുന്നതു്. അന്നത്തെ ബലി നടത്തേണ്ട പുരോഹിതനെ ചിട്ടിയിട്ടു തിരഞ്ഞെടുത്തിരുന്നു. കാർമ്മികനായ ആചാര്യനും രണ്ടു ലേവായക്കാരുംമാത്രം ശുദ്ധസ്ഥലത്തേക്കു പ്രവേശിക്കും. ബാക്കിയുള്ളവരെല്ലാം തിരശ്ശീലയ്ക്കു പുറത്തു നില്ക്കുകയേയുള്ളു. ഒരു നിശ്ചിതസമയത്തിനുള്ളിൽ ആചാര്യൻ പുറത്തുവന്നു ജനങ്ങളെ ആശീർവ്വദിക്കുകയാണു മുറ. എന്നാൽ പതിവുള്ള നേരമെല്ലാം കഴിഞ്ഞിട്ടും സ്ക്കറിയായെ പുറത്തേക്കു കാണാതെവന്നപ്പോൾ ജനങ്ങൾ പരിഭ്രാന്തരായി. ഒടുവിൽ ഇറങ്ങിവന്നപ്പോഴോ? അദ്ദേഹത്തിനു സ്വരമില്ല; ഊമനായി ചമഞ്ഞിരുന്നു. "ഈ വാക്കുകൾ നീ വിശ്വസിക്കാതിരുന്നതുകൊണ്ടു് ഇവ സംഭവിക്കുന്ന ദിവസംവരെ സംസാരിക്കുവാൻ നിനക്കു സാധിക്കയില്ല" എന്നായിരുന്നു ദൈവദൂതന്റെ അനുശാസനം. സ്നാപകയോഹന്നാന്റെ ഛേദനാചാരകർമ്മം കഴിയുന്നതുവരെ പിതാവായ സ്ക്കറിയാ ഊമനായിക്കഴിയുകതന്നെ ചെയ്തു.

പ്രിയകുഞ്ഞുങ്ങളേ, പരമപിതാവു തന്റെ ദിവ്യപുത്രന്റെ മനുഷ്യാവതാരത്തിനുവേണ്ട കാര്യങ്ങൾ ക്രമപ്പെടുത്തുന്നതു് എത്ര അത്ഭുതകരമായ വിധത്തിലാണെന്നു നോക്കുക. ആ ദൈവപുത്രൻ തന്നെയല്ലയോ വിശുദ്ധകുർബാനവഴിയായി നമ്മുടെ ഹൃദയങ്ങളിലേക്കു എഴുന്നള്ളിവരുന്നതു്? ഏതുവിധത്തിൽ നമ്മെത്തന്നെ അതിലേക്കു ഒരുക്കുന്നുവെന്നു ചിന്തിച്ചുനോക്കുക. എന്റെ കർത്താവേ! എത്രവലിയ സംഭവമാണു് അപ്പോൾ നടക്കുന്നതു്? മഹത്വത്തിന്റെ ദൈവം എന്റെ ഹൃദയത്തിലേക്കു വരുന്നു. നിത്യപിതാവു തന്റെ പുത്രന്റെ വരവിനായി നാലായിരംകൊല്ലംകൊണ്ടാണു ലോകത്തെ സജ്ജമാക്കിയതു്. ഞാനോ, നാലു വിനാഴികപോലും എന്റെ ഹൃദയത്തെ യഥായോഗ്യം ഒരുക്കുന്നതിനു വിനിയോഗിക്കുന്നില്ല. എന്റെ ദിവ്യരക്ഷനാഥാ! നിന്റെ വഴികളെ സന്നദ്ധമാക്കുന്നതിനു നിന്റെ ദൂതനെ നീ അയക്കുക. എന്റെ പരിശുദ്ധ കാവൽമാലാഖായേ! ഈശോയ്ക്കുവേണ്ടി എന്റെ ഹൃദയത്തെ നീ അലങ്കരിച്ചു തയാറാക്കണമേ.

### ജന്മദിന സമ്മാനങ്ങൾ

117 ആൺകുട്ടികളും 81 പെൺകുട്ടികളും ഉൾപ്പെടെ 198 പേരുടെ ജന്മദിനങ്ങളാണു് ഈ ജനുവരിമാസത്തിലുള്ളതു് (ബോസ്കോ കുടുംബം എത്ര വളർന്നുപോയെന്നു നോക്കുക. അതും ഈ റേഷൻകാലത്തു്.) കുഞ്ഞുമക്കൾക്കെല്ലാം വല്യച്ചന്റെ ഇരട്ട മംഗളാശംസ—നവവത്സരത്തിന്റെയും ജന്മദിനത്തിന്റെയും. ആളെണ്ണം കൂടുമ്പോൾ യൂണിററു കുട്ടിക്കിട്ടുമെന്നുള്ളതു ചില്ലറ കാര്യമല്ല. അന്യോന്യപ്രാർത്ഥനകൾ എത്ര വർദ്ധിച്ചുകിട്ടും. കർത്താവേ! ഇന്നത്തെ ജന്മദിനക്കാരെ ആശീർവ്വദിക്കണമേ എന്നു ഓരോദിവസവും പ്രാർത്ഥിപ്പാൻ മറന്നുപോകരുതു്. അതുപോലെതന്നെ ജന്മദിനക്കാരെല്ലാവരും ഓരോജന്മദിനത്തിലും ബാലരംഗം മുഴുവനുംവേണ്ടിയും പ്രാർത്ഥിക്കണം. സമ്മാനാർഹരുടെ പേരുവിവരം:

495 പൗലോ പൗലോ മുളേരിക്കൽ, തൊറസ്സൽ
739 പാലത്തിങ്കൽ വാവു ജോസ്, വടക്കാഞ്ചേരി
177 അന്നക്കുട്ടി പുല്ലുന്നേരം, തൊടുപുഴ
777 ത്രേസ്യാമ്മ നല്ലുനിരപ്പേൽ, വെളിച്ചിയാനി

### ബി. സി. സി. മിഷൻമഹാദിനം

നമ്മുടെ മിഷൻദിനം വി. ജോൺ ബോസ്കോയുടെ തിരുനാളിൽ വേണമെന്നാണല്ലോ അറിയിച്ചിരുന്നതു്—അതായതു ജനുവരി 31-ാംതീയതി. ആദ്യമാസത്തിന്റെ അവസാനദിവസം. ഓർമ്മിക്കാൻ വളരെ എളുപ്പമുണ്ടു്. ഇക്കൊല്ലം അതു ചൊവ്വാഴ്ചയായിട്ടാണു വരുന്നതു്. എങ്കിലും ക്യാപ്റ്ററൻ ജനറാളിന്റെ തിരുനാളും മിഷൻ മഹാദിനവും അന്നു ഇടിയാപൊടിയായിട്ടുതന്നെ നമുക്കു കൊണ്ടാടണം. രണ്ടായിരം ബോസ്കോപട്ടാളം കൂടിയാൽ ഇന്നു എന്താണു സാധിക്കാത്തതു്? മലയാളം തലകീഴ്മറിക്കാൻ കഴിയുമല്ലോ. ആകയാൽ നിവൃത്തിയുള്ള കുഞ്ഞുമക്കളെല്ലാവരും അന്നു ദിവ്യകാരുണ്യം സ്വീകരിച്ചു് കമാൻഡർ ഇൻചീഫിനു സല്യൂട്ടു നൽകണം. (തീരെ സാധിക്കാതെവരുന്നവർ അതിനടുത്ത ഞായറാഴ്ചയും), ക്രിസ്ത്യാനികളുടെ സഹായമേ, ആജ്മീറിനുവേണ്ടി, വിശിഷ്യ ലാഡപുരത്തിനും ഗ്വാറിക്കുംവേണ്ടി അപേക്ഷിക്കണമേ എന്നു പത്തുപ്രാവശ്യം ചൊല്ലി ഒരു ത്രിത്വസ്തുതിയോടെ വി. ജോൺ ബോസ്കോവഴി അമ്മയ്ക്കു സമർപ്പിക്കണം. അന്നു രാത്രി കിടക്കുന്നതിനുമുമ്പു 10 ത്യാഗകൃത്യങ്ങളെങ്കിലും കൃത്യമായി ക്യാപ്റ്ററൻ ജനറാളിനെ ഏല്പിക്കണം. അങ്ങനെ പ്രാർത്ഥനയും ത്യാഗവുമായി.

---

## പ്രാർത്ഥനാമഞ്ജരി—വള്ളത്തോൾ

ക്രിസ്തീയ സന്ധ്യാനമസ്കാരങ്ങൾ ആസ്ഥാനമഹാകവി വള്ളത്തോളിന്റെ ലളിതകോമളമായ ഗാഥാരീതിയിൽ. കുട്ടികൾക്കു കൂട്ടമായി സന്ധ്യാനമസ്കാരത്തിനു വളരെ വിശേഷം.

ഒന്നിനു 4 ണ.
12 ഒരുമിച്ചു. ക. 1—8—0 മാത്രം.

പി. ജെ. തോമാസ്
ഡ്രോയിങ്ങ് മാസ്റ്റർ, കുമ്പളങ്ങി

---

### നോട്ടീസ്ബോർഡ്

ക്രിസ്മസ്സ്പ്രമാണിച്ചു പൂട്ടിയിരിക്കുന്ന പദ്യരചനക്ലാസു ഫെബ്രുവരി ആദ്യവാരത്തിൽ മാത്രമേ തുറക്കുകയുള്ളു എന്നു ഇതിനാൽ എല്ലാവരെയും അറിയിച്ചുകൊള്ളുന്നു. അതിനിടയ്ക്കു പഴയ പാഠങ്ങളെല്ലാം മറവിതീർത്തുകൊള്ളണം. ക്ലാസുതുടങ്ങുന്നതിനോടെ ഒരു പരീക്ഷയുണ്ടാകുന്നതാണു്.

### കവിതാമത്സരം

വിജ്ഞാപനം പത്രത്തിൽ കണ്ടയുടനെ മി. സെബാസ്റ്റ്യൻ 15 ക. ഇതാ എന്റെ പേർക്കു മണിയോർഡറായി അയച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ കവിതാവിഷയത്തിൽ പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹത്തിനുള്ള താല്പര്യത്തിന്റെ ഒരു പ്രത്യക്ഷലക്ഷ്യം. പ്രിയ കുഞ്ഞുങ്ങളേ, അദ്ദേഹം ഇത്ര ഉദാരമായി പ്രവർത്തിച്ചിരിക്കുന്നതിനാൽ നാമും തദനുസരണംതന്നെ പ്രവർത്തിക്കണം. പാട്ടുള്ള കുഞ്ഞുങ്ങളെല്ലാവരും മത്സരത്തിൽ പങ്കെടുക്കണമെന്നു ഞാൻ പ്രത്യേകം താല്പര്യപ്പെടുന്നു. ക്രിസ്തുനാഥചരിതം സർവ്വത്ര പ്രചരിപ്പിക്കുന്നതിനും നിങ്ങൾ കഴിയുന്നത്ര താല്പര്യപ്പെടണം. കഴിഞ്ഞതവണ അറിയിച്ചിരുന്നതുപോലെ പദ്യങ്ങൾ നൂറുവരിയും ചൊല്ലിക്കേൾപ്പിച്ചു യഥാസമയം പേരും മേൽവിലാസവും അയക്കുന്നതിനു മറന്നുപോകരുതു്.

സമാരംഭിച്ചിരിക്കുന്ന നവവത്സരം—വിശുദ്ധവത്സരം—ബാലരംഗാംഗങ്ങൾക്കെല്ലാം യഥാർത്ഥത്തിൽ വിശുദ്ധവത്സരമായിത്തന്നെ ഭവിക്കുന്നതിനു് ഉണ്ണിമിശിഹാ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡണ്ടു് ആരാണു്?
2 പോർത്തുഗലിലെ പ്രസിഡണ്ടാരാണു്?
3 ഐർലണ്ടിലെ പ്രസിഡണ്ടാരാണു്?
4 ഇൻഡ്യൻ നാഷനൽകോൺഗ്രസിന്റെ പ്രസിഡണ്ടാരാണു്?
5 മേൽപ്പറഞ്ഞവരിൽ ആരെല്ലാമാണു് കത്തോലിക്കർ?

(ഉത്തരങ്ങൾ 11-ാം പേജിൽ)

[നമ്മുടെ ബാലികാബാലന്മാരുടെ ലൗകികവിജ്ഞാനംകൂടി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി മേലാൽ ലൗകികവിഷയങ്ങളും ഈ പംക്തിയിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നു.]

കഴിഞ്ഞലക്കത്തിലെ

### പ്രശ്നങ്ങൾക്കുത്തരം

1

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 16 | 15 | 14 | 13 | 12 | 11 | 10 | 9 |
| 17 | 18 | 19 | 20 | 21 | 22 | 23 | 24 |

മേൽക്കാണിച്ചിരിക്കുന്ന ക്രമത്തിനു് 1 മുതൽ 64 വരെയുള്ള സംഖ്യകൾ എഴുതിയാൽ മതി.

2 $\frac{9873 \times 9874}{2}$

---

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

ദിവ്യസ്ഥാപനം

### VI

മനുഷ്യചരിത്രത്തിന്റെ പൊൻപുലരിയിൽ ത്രിതൈ്വകസർവ്വേശ്വരൻ മനുഷ്യന്റെ മൺരൂപത്തിന്മേൽ നിശ്വസിച്ചു് ദൈവികപ്രതിഛായയുള്ള ആത്മാവിനെ നല്കി മനുഷ്യനെ ഇതരമൃഗങ്ങളിൽനിന്നു ഊഹത്തെക്കവിയും വിധം ഉയർത്തി പ്രതിഷ്ഠിച്ചു. സഹസ്രാബ്ദങ്ങൾക്കിപ്പുറം—എത്ര ആയിരം കൊല്ലങ്ങൾ കഴിഞ്ഞിട്ടാണെന്നു ആർക്കും തിട്ടമായി പറയുകവയ്യ — ദൈവമാനുഷനായ മിശിഹാ ഏതാനും മനുഷ്യരുടെമേൽ സാരഗർഭമായരീതിയിൽ നിശ്വസിക്കയുണ്ടായി. അങ്ങനെ അവർക്കു ദൈവികമായ ഒരു വിശിഷ്ടാധികാരം കൊടുത്തു് അവരെ മററു മനുഷ്യരിൽനിന്നു ഊഹാതീതമായൊരു പദവിയിലേക്കുയർത്തി. അതിസ്വാഭാവികജീവന്റെ ഒരു നവപ്രഭാതത്തിന്റെ സമുദയത്തെ കുറിക്കുന്ന ഒരു മഹാസംഭവമായിരുന്നു അതു്. അന്നത്തെ നിശ്വാസം നിർജ്ജീവപിണ്ഡത്തെ സജീവമാക്കിത്തീർത്തു. ഇന്നത്തെ നിശ്വാസനമാകട്ടെ നിർജ്ജീവാത്മാവിനെ സജീവമാക്കിപ്പുതുക്കുവാനുള്ള സ്വർഗ്ഗീയവരം പ്രദാനം ചെയ്തു. സെഹിയോൻ ഊട്ടുശാലയിലെ തട്ടിൻപുറത്തുവെച്ചു നടന്ന ആ നിശ്വാസനം മനുഷ്യരാശിക്കു അതുവരെയും അനുഭവപ്പെട്ടതിനെയെല്ലാം അനന്തമായ വിധം അതിശയിക്കുന്നതും, മനുഷ്യനു ഒരിക്കലും പ്രതീക്ഷിക്കാനാവാത്തതുമായ ഒരു ശ്രേഷ്ഠാധികാരത്തിന്റെ സമുൽഘാടനമത്രെ നിർവ്വഹിച്ചതു്.

ലോകൈകമഹാഗുരുവിന്റെ സുവ്യക്തമായ പ്രസ്താവനയെയും, അതിനു പ്രത്യക്ഷത്തിലുള്ള അർത്ഥത്തെയും നിഷേധിക്കുവാൻ മുതിരുന്നവർ ക്രിസ്തുവിനെത്തന്നെ നിഷേധിക്കയായിരിക്കും ചെയ്യുന്നതു്. ക്രിസ്തുവിനെ നിഷേധിക്കുന്നവനാകട്ടെ സകലത്തെയും നിഷേധിക്കുന്നു. അപ്പസ്തോലന്മാർക്കുമാത്രമേ പാപമോക്ഷാധികാരം നല്കപ്പെട്ടിട്ടുള്ളു എന്നു വാദിക്കുന്നതു് നിരർത്ഥകമാണു്. അങ്ങനെയെങ്കിൽ ജ്ഞാനസ്നാനം നല്കുവാനും, സുവിശേഷം പ്രസംഗിക്കുവാനുമുള്ള അധികാരവും അവരോടുകൂടി അസ്തമിച്ചു എന്നു സമ്മതിക്കേണ്ടിവരും. ക്രിസ്തുവിന്റെ രക്ഷണീയവേലയുടെ ദിവ്യഫലങ്ങളിൽ ലോകാവസാനംവരെയുള്ള സകലർക്കും പങ്കു സിദ്ധിക്കണം. പാപവിമോചനംമൂലം സ്രഷ്ടാവുമായി രമ്യപ്പെടുവാൻ സാധിക്കുക എന്നതാണല്ലോ പ്രസ്തുത ഫലങ്ങളിൽ സർവ്വപ്രധാനം. പാപമുള്ളകാലത്തോളം തിരുസഭയിൽ പാപനിർമ്മാർജ്ജനത്തി

(ശേഷം 8-ാം പേജിൽ)

# ഫാത്തിമായിലെ കുട്ടികൾ *


അദ്ധ്യായം 6

## അപ്രതീക്ഷിതമായ ഒരു യാത്ര

ഫാത്തിമായ്ക്കുചുറ്റുമുള്ള ഔറേം പട്ടണത്തിലെ മേയർ കോവയിലെ അത്ഭുതസംഭവങ്ങളെക്കുറിച്ചു കേട്ടു. നിരീശ്വരനായ അദ്ദേഹത്തെ ആ വാർത്ത കലികൊള്ളിച്ചു.

"മൂന്നു" ഇടയക്കുട്ടികൾ സ്വയം ദീർഘദർശികളായെന്നാണോ നിങ്ങൾ പറയുന്നതു്? എന്തസംബന്ധം! ഇമ്മാതിരി കെട്ടുകഥകൾകൊണ്ടു് എൻെറയും നിങ്ങളുടെയും സമയം വൃഥാകളയരുതു്." നഗരനാഥൻ സഹപ്രവർത്തകരോടു ഗർജ്ജിച്ചു.

ഫാത്തിമായിലെ സംഭവങ്ങൾ അറിഞ്ഞില്ലെന്നു നടിക്കത്തക്കതല്ലെന്നു സഹപ്രവർത്തകന്മാർ സാദരം അദ്ദേഹത്തെ അറിയിച്ചു. കഴിഞ്ഞതവണ അയ്യായിരത്തോളം ജനങ്ങൾ അവിടെക്കൂടിയിരുന്നു. പത്രങ്ങൾ വഴിയായും മററും



വലിയ പ്രചരണം നടന്നിരിക്കുന്നതുകൊണ്ടു് ഇപ്രാവശ്യം—ആഗസ്റ്റ്മാസത്തിൽ—മുമ്പിലത്തേതിൻെറ മൂന്നിരട്ടിയോ അതിൽക്കൂടുതലോ ജനങ്ങൾ കൂടുമെന്നാണു പ്രതീക്ഷ. എല്ലാവരും അതിൽ തൽപരരായിരിക്കയാണു്.

"കൊള്ളാം, ഞാൻമാത്രം അതിൽ തൽപരനല്ല. ഞാൻ ദൈവവിശ്വാസിയല്ലെന്നു നിങ്ങൾക്കറിയാമല്ലോ. പിന്നെയെന്തിനാണു്, കൊന്തയുരുട്ടണമെന്നുംമററും പറഞ്ഞുനടക്കുന്ന ഇത്തരം കഥയില്ലാത്ത ദർശനങ്ങളിൽ വിശ്വസിക്കുന്നതു്?" നഗരാദ്ധ്യക്ഷൻ ധിക്കാരപൂർവ്വം പറഞ്ഞു.

"പക്ഷേ അങ്ങു് ജാഗരൂകനായിരിക്കണം. അങ്ങയുടെ അധികാരസീമയിൽപ്പെട്ട ഒരു സ്ഥലമല്ലേ? ആ സ്ഥിതിക്കു് അടുത്തമാസത്തിൽ അവിടെ എന്തെങ്കിലും അസമാധാനം നേരിട്ടാൽ?" നയജ്ഞനായ ഒരു അസിസ്റ്റൻറ് നിർദ്ദേശിച്ചു.

"അതെ, പതിനയ്യായിരം ആളുകൾ കൂടുന്ന സ്ഥലത്തു് അവർ ഏതെങ്കിലും കാരണവശാൽ ഇളകിവശാകുന്നപക്ഷം അതു വലിയ കുഴപ്പമുണ്ടാക്കും. ഇക്കാര്യത്തിൽ അങ്ങു് വേണ്ടത്ര മുൻകരുതലുകൾ ചെയ്തിരുന്നില്ലെന്നറിഞ്ഞാൽ ലിസ്ബണിലെ ഗവർമ്മെൻറു് നമ്മെ വിഴ്ചക്കാരാക്കും." ഡെപ്യൂട്ടി പറഞ്ഞു.

"ഞാനെന്താണിപ്പോൾ ചെയ്യേണ്ടതു്?" നഗരപിതാവു് ഈർഷ്യയോടുകൂടി ചോദിച്ചു.

ഫാത്തിമായിലെ ആ മൂന്നു കുട്ടികളും അവരുടെ പിതാക്കളും തൻെറ മുമ്പിൽ ഹാജരാകണമെന്നു മേയർ കല്പനയാകണം. ഗ്രാമീണരായ ആ പാവപ്പെട്ട കൃഷീവലർ ഏതൊരുദ്യോഗസ്ഥൻെറ മുമ്പിലും പേടിച്ചുവിറച്ചുപോകും. ഫാത്തിമായിലെ സംഭവങ്ങളെല്ലാം ഇടവകവികാരിയുടെ കപടതന്ത്രങ്ങളായിരുന്നെന്നും, ലൂർദ്ദിലെപ്പോലെ ഫാത്തിമായും തീർത്ഥയാത്രക്കാരെ ആകർഷിക്കുന്നതിനും പ്രസിദ്ധിയാർജ്ജിക്കുന്നതിനും വേണ്ടി അതൊരു തീർത്ഥസ്ഥലമാക്കണമെന്നുള്ള അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചു് അവർ പ്രവർത്തിച്ചുപോയതാണെന്നും നയോപായങ്ങളാൽ അവരെക്കൊണ്ടു സമ്മതിപ്പിക്കാം. ഇതൊക്കെയായിരുന്നു മേയറുടെ സഹപ്രവർത്തകന്മാരുടെ നിർദ്ദേശങ്ങൾ.

"ഈ കൃഷീവലക്കു കുറേ പണത്തിനാവശ്യമുണ്ടായിരുന്നു. തീർത്ഥയാത്രക്കാർ നേർച്ചയിടുന്ന പണത്തിൻെറ ഒരു പങ്കു് അവക്കു കൊടുക്കാമെന്നു വികാരിയച്ചൻ പറഞ്ഞപ്പോൾ അവർ അതു സമ്മതിച്ചു." ഒരു അസിസ്റ്റൻറ് വിശദീകരിച്ചു.

"അതു തന്നെ കാര്യം, വളരെ വൈദഗ്ദ്ധ്യത്തോടുകൂടി വ്യവസ്ഥാപിച്ചിട്ടുള്ള ഒരു വ്യാപാരമാണു് മതമെന്നു് എനിക്കു് എപ്പോഴും തോന്നാറുണ്ടു്." ഇപ്പോൾ അതു് എനിക്കു ബോദ്ധ്യമായി. സെമ്മിനാരികളും കന്യകാമഠങ്ങളും അടച്ചതുപോലെ താമസിയാതെ പോർട്ടുഗലിലുള്ള എല്ലാ പള്ളികളും നമുക്കു പൂട്ടിക്കണം. അതു് നമുക്കു് ഒരു പുതിയ ആദായമാർഗ്ഗവും, നമ്മുടെ മേലുള്ള നികുതിഭാരം കുറയ്ക്കുന്നതിനു് ഒരു കാരണവുമാകും." ഡപ്യൂട്ടി അറിയിച്ചു.

"ആ വിഡ്ഢികളായ കുട്ടികളും അവരുടെ പിതാക്കളും ഉടൻതന്നെ ഔറേമിലേക്കു വരാൻപറയൂ. അവരുടെ "പിള്ളകളി" നമ്മളും മനസ്സിലാക്കിയെന്നു് അവർ അറിയട്ടെ. വേഗം പോകൂ." മേയർ ആജ്ഞാപിച്ചു.

ലൂസിയുടെ പിതാവായ അന്തോനിയോ ദസ് സാന്തോസും (Antonio Dos Santos) ജസീന്തയുടെയും ഫ്റാൻസിസിൻെറയും പിതാവായ മാനുവൽ മാർട്ടോയും (Manuel Marto) മേയറുടെ മുമ്പിൽ ഹാജരാകണമെന്നു കല്പനകൊടുത്തയച്ചു കുട്ടികളെയുംകൂടി കൊണ്ടുചെല്ലണമെന്നു് അതിൽ നിർദ്ദേശിച്ചിരുന്നു. മാനുവൽ മാർട്ടോയ്ക്കു യാതൊരു കുലുക്കവുമുണ്ടായില്ല ക്ലേശകരമായ ഒരു യാത്രയായിരുന്നതിനാൽ തീരെ കുഞ്ഞുങ്ങളായ ജസിന്തയേയും ഫ്റാൻസിസിനെയും അവർ കൂടെ കൊണ്ടുപോയില്ല.

ജസിന്തയേയും ഫ്റാൻസിസിനെയും കൂടാതെ ഔറേമിലേക്കു പോകുന്നതിൽ ലൂസിക്കു വലുതായ കുണ്ഠിതവും അസുഖവും ഉണ്ടായിരുന്നു. എങ്കിലും മേയറുടെ ചോദ്യങ്ങൾക്കെല്ലാം അവൾ സധൈര്യം മറുപടി പറഞ്ഞു. കോവയിലെ സംഭവങ്ങൾ മുഴുവൻ അവൾ വിസ്തരിച്ചു

ലൂസി തുടർന്നു:—"കഴിഞ്ഞമാസത്തിൽ വന്നപ്പോൾ സ്ത്രീ ഒരു പുതിയ പ്രാർത്ഥന ഞങ്ങളെ പഠിപ്പിച്ചു. പാപികൾക്കുവേണ്ടി എന്തെങ്കിലും ഒരു ത്യാഗപ്രവൃത്തി ചെയ്യുന്ന ഓരോ പ്രാവശ്യവും ഞങ്ങൾ ആ പ്രാർത്ഥന ചൊല്ലും."

മേയറുടെ മുഖം കറുത്തിരുണ്ടു. "ആ പ്രാർത്ഥനയെന്താണു്?" അയാൾ ചോദിച്ചു.

"ഓ, എൻെറ ഈശോ, അവിടുത്തെ നേരെയുള്ള സ്നേഹത്തിനായും, മറിയത്തിൻെറ വിമലഹൃദയത്തോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായും ഇതു ഞാൻ അവിടുത്തേക്കു സമർപ്പിക്കുന്നു."

പരിശുദ്ധമായ ഈ വാക്കുകൾ നാസ്തികനായ മേയറുടെ ഹൃദയത്തെ വല്ലാതെ ക്ഷോഭിപ്പിച്ചു.

"എടീ, മായിപ്പെണ്ണേ, ഇത്തരം കള്ളക്കഥകൾ പറഞ്ഞുപരത്തിയാലുള്ള അനുഭവമെന്താണെന്നു നിനക്കറിയാമോ?" അയാൾ അലറി.

"അവയൊന്നും കള്ളക്കഥകളല്ലങ്ങുന്നേ! ഞങ്ങൾ ആ മനോഹരിയായ സ്ത്രീയെ യഥാർത്ഥത്തിൽ കണ്ടതാണു്. ഞാൻ അങ്ങയോടു പറഞ്ഞതെല്ലാം വാസ്തവത്തിൽ അവർ ഞങ്ങളോടു പറഞ്ഞതുമാണു്."

"സർവ്വാബദ്ധം! ഇല്ല, അങ്ങനെയൊരു സ്ത്രീയില്ലെന്നു ഞാൻ പറയുന്നു. നീ ഒരു കാര്യം ചെയ്യണം. ആഗസ്റ്റ് 13-ാം തീയതി കോവയിൽ പോകയില്ലെന്നു് എന്നോടു ദൃഢമായി പ്രതിജ്ഞചെയ്യണം. ഉം, വേഗമാകട്ടെ."

ലൂസി എന്താണു് ചെയ്യേണ്ടതെന്നറിയാതെ തൻെറ പിതാവിനെയും മാതുലനെയും നോക്കി. അനന്തരം കൈകൾകൂപ്പി ആദരവോടും എന്നാൽ ധീരതയോടുംകൂടി ഇപ്രകാരം പറഞ്ഞു:— 13-ാം തീയതി കോവയിൽ പോകയില്ലെന്നു വാഗ്ദാനം ചെയ്യുവാൻ എനിക്കു നിവൃത്തിയില്ല."

"എന്തുകൊണ്ടു നിവൃത്തിയില്ല?"

"ഞങ്ങൾ അന്നവിടെ ചെല്ലണമെന്നു സ്ത്രീ പറഞ്ഞിട്ടുണ്ടു്. ഞങ്ങൾക്കു സ്ത്രീയെ അനുസരിച്ചേ കഴിയൂ. സ്ത്രീ സ്വർഗ്ഗത്തിൽനിന്നാണല്ലോ വരുന്നതു്."

മേയർ ഭീഷണിയും അനുനയവാക്കുകളും മാറിമാറി പ്രയോഗിച്ചു. പക്ഷേ അവയെല്ലാം വ്യർത്ഥമായി.

"ഈ ദുശ്ശാഠ്യക്കാരിയായ കുട്ടി നിങ്ങളുടെയല്ലേ? നിങ്ങളെന്താണു് ഒന്നും ചെയ്യാത്തതു്?" മേയർ തൻെറ നിഷ്ഫലയത്നത്തിനു മൂകസാക്ഷികളായി നിന്ന അന്തോനിയോ സാന്തോസിനോടും മാനുവൽ മാർട്ടോയോടും ചോദിച്ചു.

ലൂസിക്കും കുററങ്ങളുണ്ടു്. പക്ഷേ, കള്ളംപറകയും, അനുസരണക്കേടുകാണിക്കയുമില്ല. അവളുടെ മനസ്സുമറിക്കുവാൻ മററുള്ളവർ ശ്രമിച്ചിട്ടുണ്ടായിരുന്നു. അവളെ തല്ലുകയും ശകാരിക്കുകയും വികാരിയച്ചൻെറ പക്കൽ കൊണ്ടുപോകയും ചെയ്തു. അവയെല്ലാം നിഷ്പ്രയോജനമാകയാണുണ്ടായതു്.

അവർ മൂന്നുപേരും തൻെറ ആഫീസുമുറിവിട്ടു് വേഗം ഇറങ്ങിപ്പോകുവാൻ മേയർ ആജ്ഞാപിച്ചു.

"ആ ദുർവാശിക്കാരിയായ പെൺകുട്ടി കോവയിൽ പോകയില്ലെന്നു് എനിക്കു വാക്കുതന്നില്ല. അതുകൊണ്ടു് ആഗസ്റ്റ് 13-ാം തീയതി അവൾ മററുള്ളവരോടുകൂടി കോവയിൽ പോകും. ആ സ്ത്രീ വന്നു് അവരോടു സംസാരിച്ചെന്നു് അവർ നടിക്കും. ആയിരക്കണക്കിനുള്ള തീർത്ഥയാത്രക്കാർ അതിൽ വ്യാമോഹിതരാകയും ചെയ്യും." മേയർ വിചാരിച്ചു.

"കുട്ടികളെ ബലാൽക്കാരമായി കോവയിൽനിന്നു മാററിനിറുത്തിയാൽ കഥയെല്ലാം മാറും." മേയർ കുട്ടികളെ ബലമായി പിടിച്ചുകൊണ്ടുപോകേണ്ട വഴിയും ആലോചിച്ചുറച്ചു.

ആഗസ്റ്റ് 13-ാം തീയതി കാലത്തു 11 മണിക്കു് അല്പം മുമ്പായി മേയർ മോടിയായ വേഷവിധാനങ്ങളോടുകൂടി മോട്ടാർ കാറിൽ മാർട്ടോയുടെ ഭവനത്തിലെത്തി. കുട്ടികൾ മൂന്നുപേരും അവരുടെ കുടുംബാംഗങ്ങളും അവിടെ സമ്മേളിച്ചിരുന്നു. ലൂസിയേയും ഫ്റാൻസിസിനേയും ജസിന്തയേയും കോവയിലേക്കു കാറിൽ കൊണ്ടുപോകാൻ അയാൾ അവരോടു് അനുവാദം ചോദിച്ചു. തീർത്ഥയാത്രക്കാർ കൂട്ടംകൂട്ടമായി പോകുന്ന റോഡിൽക്കൂടി കൊടുംവെയിലത്തു് ഒരു മൈലിലധികം നടന്നു കോവയിലെത്തുമ്പോൾ കുട്ടികൾ തീരെ തളർന്നുപോകുമെന്നു മേയർ പറഞ്ഞു.

ഔറേമിലെ മേയർ തങ്ങളുടെ മുററത്തുവന്നു് ഒരു സഹായം ചെയ്യാമെന്നു പറഞ്ഞതിൽ കുട്ടികളുടെ കുടുംബാംഗങ്ങൾ വളരെ വിസ്മയിച്ചു. അവക്കു വളരെ സന്തോഷമായി.

അല്പനേരം ആലോചിച്ചിട്ടു്, കുട്ടികളെ കൊണ്ടുപൊയ്ക്കൊള്ളാൻ പിതാക്കൾ അനുവദിച്ചു. എല്ലാവരും നോക്കിക്കൊണ്ടുനില്ക്കേ, മേയർ കുട്ടികളെ കാറിൽ കയററിയിരുത്തി ശീഘ്രം കാറോടിച്ചുപോയി.

കാൽനടയായി കോവയിൽ പോകാനായിരുന്നു കുട്ടികൾക്കു കൂടുതൽ ഇഷ്ടം. എങ്കിലും മാതാപിതാക്കളുടെ അഭിമതങ്ങളെ ചോദ്യംചെയ്യാൻ അവർ ധൈര്യപ്പെട്ടില്ല.

"സർ, നമുക്കു വഴി തെററിപ്പോയി.



"ജസിന്തായെയും ഫ്റാൻസിസിനെയും കൂടാതെ ഔറേമിലേക്കു പോകുന്നതിൽ ലൂസിക്കു് വലുതായ കുണ്ഠിതവും അസുഖവും ഉണ്ടായിരുന്നു."

കോവ നമ്മുടെ പിറകിലാണു്, മുമ്പിലല്ല."

മേയർ ചിരിച്ചുകൊണ്ടു പറഞ്ഞു:—"അതെനിക്കറിയാം. നമുക്കു വേഗം ഔറേമിലേക്കുപോകാം. അവിടത്തെ വികാരിയച്ചനെ നിങ്ങൾ കാണണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

ഫ്റാൻസിസ് ആവേശത്തോടെ ചോദിച്ചു:—"ഔറേമിലേക്കോ? സർ, അതിനു സമയമില്ല. സ്ത്രീ മിക്കവാറും ഉച്ചയോടുകൂടിയാണു് എന്നും വരാറുള്ളതു്. ദയവായി തിരിച്ചുപോകണം."

"നാം താമസിച്ചു ചെന്നാൽ അതു വളരെ ഭയങ്കരമായിരിക്കും." ജസിന്ത പറഞ്ഞു.

മേയർ അയാളുടെ കപടമന്ദഹാസം ഒന്നുകൂടി ആവർത്തിച്ചു: "കുട്ടികളേ, മോട്ടാർകാറിനെപ്പററി നിങ്ങൾക്കു് ഒന്നും അറിഞ്ഞുകൂടാ. നമുക്കു് ഔറേമിൽ ചെന്നിട്ടു് നിങ്ങളുടെ സ്ത്രീ വരുന്നതിനു വളരെ മുമ്പേ കോവയിൽ തിരിച്ചെത്താം."

*(Rights reserved to Chev. Joseph Thaliath)

ചെറുകഥ

# ഫാത്തിമാസന്ദേശം

(ജയിംസ് കെ. സി. മണിമല)

I

മേഴ്സിയും ഗ്രേസിയും സഹോദരിമാരാണ്. അവരുടെ അഭ്യസ്തവിദ്യനായ സഹോദരൻ ഇട്ടതാണ് ആ ഓമനപ്പേരുകൾ. പക്ഷെ, ഇപ്പോൾ അവരെ അങ്ങനെ ആരു വിളിക്കാനാണ്? പേരിന്റെ "ഓമനത്തം" പോലും "ക. ണ. സ." യിൽക്കൂടെ കാണുന്ന ലോകത്തിനു്, അവർ "മേഴ്സിയും, ഗ്രേസി"യുമല്ല; "കരിങ്കോഴി"യും, പൂച്ചക്കുഞ്ഞു"മത്രെ.

പട്ടണത്തിന്റെ ഒരൊഴിഞ്ഞമൂലയിലാണ് അവരുടെ താമസം. ആ ചെറുകുടിലിനെപ്പററി അധികമാർക്കും അറിഞ്ഞുകൂടാ. അവരുടെ ശൈശവസ്മരണകൾ മുഴുവൻ അവിടെത്തന്നെ തങ്ങിനില്ക്കുന്നു. പിതാവു മരിക്കുന്നതിനുമുമ്പു നാട്ടമ്പുറത്തെങ്ങോ അവർക്കൊരു നല്ലകാലമുണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്. അമ്മയെപ്പററി അവർ ഒന്നുംതന്നെ ഓർമ്മിക്കുന്നില്ല. ദൂരെയെങ്ങോ ഒരു ഗ്രാമീണസെമിററിയിൽ അവർ നിത്യവിശ്രമംകൊള്ളുന്നു.

കടംകേറി നശിച്ച വീടും പുരയിടവുമുപേക്ഷിച്ച് മൂന്നു കുഞ്ഞുങ്ങളുടെ കൈപിടിച്ചുകൊണ്ടു് അവരുടെ പിതാവു വഴിയിലിറങ്ങിയതാണ്. ഒരു തൊഴിലന്വേഷിച്ച് അവർ പട്ടണത്തിൽ വന്നു. അലഞ്ഞുതിരിയുന്ന ആ കൊച്ചുകുടുംബത്തിന്റെയടുക്കലേക്കു ഗവമ്മെൻറിന്റെ "ഭവനനിർമ്മാണപദ്ധതി" നീങ്ങിയില്ല. പുറംപോക്കുസ്ഥലത്തു് അവർ ഒരു കുടിൽ കെട്ടി. രാഷ്ട്രനിയമങ്ങൾ വ്യക്തികളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടിയുള്ളതല്ല. അതിനാൽ അധികാരികൾ അവരെ ഇറക്കിവിട്ടു. ഒരു മാസത്തിനിടയിൽ മൂന്നു കുടിലുകൾ അവർ പൊളിച്ചുമാറേറണ്ടിവന്നു. എങ്കിലും വല്ലതുമൊക്കെ "ചക്കാത്തി"ൽ വേലയെടുപ്പിക്കാമെന്നു കരുതി ഒരു ധനവാൻ അവർക്കൊരു കുടിൽ കെട്ടാൻ സ്ഥലം കൊടുത്തു.

"മുതുകത്തു പുരയും വച്ചു" കൊണ്ടു നടക്കുന്ന ഇക്കൂട്ടർക്കു ആരും ഒരു വസ്തു കടം കൊടുക്കുകപോലുമില്ല. രോഗിയായ ആ പിതാവിനു മുതലാളികളാരും തൊഴിലും കൊടുത്തില്ല. അവരുടെ ജീവിതം ആ പട്ടണപരിഷ്കാരങ്ങൾക്കിടയിൽക്കിടന്നു വീർപ്പുമുട്ടി.

ആ പിതാവു് തനിക്കൊരു "നല്ലകാല"മുണ്ടായിരുന്നപ്പോൾ ജോസിനെ (മൂത്തമകൻ) ഫോത്തുഫോറംവരെ പഠിപ്പിച്ചിട്ടുണ്ടു്. ജോസിന്റെ ഇളയ കുഞ്ഞുങ്ങൾ മൂന്നുപേർ മരിച്ചതിനുശേഷമാണു മേഴ്സിയും ഗ്രേസിയും ജനിച്ചതു്. അവന്റെ ആഗ്രഹമനുസരിച്ച് ആ കുഞ്ഞുസഹോദരിമാർക്കു് ഒന്നാംതരം ഇംഗ്ലീഷുപേരുകൾതന്നെയിട്ടു. അവർ അവന്റെ കണ്ണിലുണ്ണികളാണ്. അമ്മ മരിച്ചതിൽപ്പിന്നെ അവരെ പരിചരിച്ചു വളർത്തിയതും അവൻതന്നെ. അരുമസോദരികൾ വിശന്നുകരയുന്നതു കാണുമ്പോൾ ജോസിന്റെ ഹൃദയം തകർന്നുപോകും.

കുടുംബഭാരം വഹിക്കാൻ അശക്തനായിത്തീന്ന പിതാവിനു് അവനാണ് ഏകാവലംബം. പക്ഷെ എന്തുജോലിയിലാണവൻ ഏർപ്പെടുന്നതു്? അടുത്തുള്ള ഒരു ബാങ്കിൽ പ്യൂൺവേലയ്ക്കു ചെന്നു. മാനേജരുടെ വീട്ടുവേലക്കാരിയുടെ ഒരു ചാർച്ചക്കാരനുവേണ്ടി ആ ഉദ്യോഗം റിസർവ്വു ചെയ്തുപോയി. ഒരു പീടികയിൽ സെയിൽസ്മാനാകാമോ എന്നു നോക്കി. പക്ഷെ അതിനു ജാമ്യം കെട്ടിവയ്ക്കണം. എന്നാൽത്തന്നെ എക്സൈസു് ഗാർഡിന്റെ മകന്റെ അപേക്ഷ വന്നിരിക്കുമ്പോൾ അതിനു മുൻഗണന നൽകാതിരിക്കാൻ നിവൃത്തിയില്ല. ഈ "ജോലി" എന്നു പറയുന്നതു വെറും കളിപ്പാട്ടമല്ല. ശ്രൂപാൾബലവും ധനസ്ഥിതിയുമൊക്കെയാണതിന്റെ മാനദണ്ഡം.

ഒരു പ്രഭാതത്തിൽ ജോസിനെ വീട്ടിൽക്കണ്ടില്ല. ആ കുടുംബത്തിന്റെ ആശാസൗധം ഒന്നോടെ നിലംപതിച്ചു. "കൊള്ളാവുന്ന" ചിലരൊക്കെപ്പറഞ്ഞു, അവൻ പട്ടാളത്തിൽപ്പോയതായിരിക്കുമെന്നു്. അതു വാസ്തവമായിരുന്നു. രണ്ടാഴ്ചകഴിഞ്ഞു് ആ പിതാവിനു് ഒരു കത്തുകിട്ടി. എങ്ങനെയെങ്കിലും കുറച്ചു പണം സമ്പാദിച്ചിട്ടേ ഇനി വീട്ടിലേക്കു മടങ്ങുകയുള്ളുവെന്നു ജോസു് എഴുതിയിരുന്നു.

ആ കുടുംബനായകൻ എന്തുചെയ്യണമെന്നറിയാതെ കുഴങ്ങി. ചുമയും നെഞ്ചുവേദനയും അയാളുടെ ശരീരത്തെ അലട്ടിക്കൊണ്ടിരുന്നു. ഒരിക്കൽ ഒരു ഡോക്ടർ പറഞ്ഞു "പൂർണ്ണവിശ്രമമാണു് ഈ രോഗത്തിനു പററിയ ചികിത്സ"യെന്നു്. അയാൾ എങ്ങനെ വിശ്രമിക്കും, വിശന്നുപൊരിയുന്ന രണ്ടു പെൺകുഞ്ഞുങ്ങളെ നോക്കിക്കൊണ്ടു്. ആരോഗ്യവും വിശ്രമവുമൊക്കെ പാവപ്പെട്ടവരുടെ ജീവിതനിഘണ്ടുവിൽനിന്നു മാറേറണ്ട പദങ്ങളാണെന്നയാൾക്കു തോന്നി.

ദിവസവും പട്ടണത്തിൽപ്പോയി വല്ല ചുമടുമെടുക്കാതെ അയാൾക്കു നിവൃത്തിയില്ല. ഓരോ പ്രാവശ്യവും തലയിൽ വഹിക്കുന്ന ഭാരം അയാളുടെ ജീവന്റെമുകളിൽ കുന്നുകുന്നായ് കൂട്ടുകയാണ്. എന്നാലും അതെടുക്കാതിരിക്കുക സാധ്യമല്ല.

ഒരു ദിവസം ചുമടെടുത്തുകൊണ്ടു പോകുമ്പോൾ ടാറിട്ടറോഡിൽ അയാൾ തെററിവീണു. ആ ഭാരം അയാളുടെ നെഞ്ചത്തും പതിച്ചു. "മതി, മതി" എന്നു ചുററും നിന്നു് ആരോ പറയുന്നതുപോലെ അയാൾക്കൊരു സംശയം. പിന്നെ മൂന്നു ദിവസം വേണ്ടിവന്നില്ല ആ ദരിദ്രനു തന്റെ ജീവിതത്തിന്റെ ചുമടു് നിത്യമായി ഇറക്കിവയ്ക്കുവാൻ. പാവപ്പെട്ട "ചുമട്ടുകാരനെ" ഒന്നു ചുമക്കുവാൻ അന്നു [illegible] ഓടിക്കൂടി. അതെ പാപികളെയും പതിതരെയും തേടിവന്ന ക്രിസ്തുനാഥന്റെ കാലടികൾ പിഞ്ചെല്ലുന്ന വിൻസെന്റു ഡി പോൾ സംഘാംഗങ്ങൾ!!

II

ജീവിതത്തിലെ ഏററവും കയ്പുനിറഞ്ഞ പാനപാത്രം ആ പെൺകുഞ്ഞുങ്ങൾ കൈയിലെടുത്തു. കണ്ണുനീരും വിയർപ്പുതുള്ളിയും നിറഞ്ഞുനില്ക്കുന്ന പാനീയം അവർ കുടിച്ചുതുടങ്ങി. മേഴ്സിക്കു് അന്നു പന്ത്രണ്ടുവയസ്സുണ്ടു്; ഗ്രേസിക്കു് ഒമ്പതും. അടുത്തുള്ള ധനികഭവനത്തിൽ പ്പോയി മേഴ്സി വല്ലതുമൊക്കെ പണിയെടുക്കും. പക്ഷെ അതിൽനിന്നു ലഭിക്കുന്ന വേതനം അവളുടെതന്നെ ആഹാരകാര്യങ്ങൾക്കപ്പുറം ചെല്ലുകയില്ല. സ്വന്തം ഉദരത്തെ കഴിവിലധികം ചുരുക്കി അവൾ കിട്ടുന്ന ഭക്ഷണത്തിൽ ഒരംശം ഗ്രേസിക്കു കൊണ്ടുപോയികൊടുക്കും. വിശപ്പിന്റെ കത്തിക്കാളലിലൊന്നും ആ നിർമ്മലസാഹോദര്യബന്ധം എരിഞ്ഞുപോയില്ല.

അവരെ സ്നേഹിക്കാൻ ഇനി ലോകത്തിൽ ആരെങ്കിലുമുണ്ടെന്നു വിശ്വസിക്കാൻ ന്യായമില്ല. പരിഹാസവിചക്ഷണമായ ലോകം "കരിങ്കോഴി"യെന്നാണു മേഴ്സിയെ വിളിക്കുന്നതു്. കാരണം അവൾ ജന്മനാ കൃഷ്ണവർണ്ണമായിരുന്നുവെന്നുമാത്രം. ഗ്രേസിക്കും ഒരു പേരുണ്ടു്. "പൂച്ചക്കുഞ്ഞു്"; കൂട്ടുകാരായ ചില കുട്ടികൾ വിളിക്കുന്നതാണ്. പ്രായത്തിനു തക്ക ശരീരപുഷ്ടിയില്ലാത്തതും, പതുക്കെപ്പതുക്കെ നടക്കുന്ന ശീലവുമാണ് അങ്ങനെ വിളിക്കാൻ അവരെ പ്രേരിപ്പിച്ചതു്.

ആരു് എന്തു പേരും വിളിച്ചുകൊള്ളട്ടെ. അവർക്കു എതിരൊന്നുമില്ല. വാത്സല്യസഹോദരൻ അവർക്കിട്ട ഓമനപ്പേരുകൾ ആ സ്മരണകളിൽ ഓളംവെട്ടി വിളങ്ങിനില്ക്കും. അയാൾ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടെന്നു് അവർക്കു വിശ്വസിക്കാൻ നിവൃത്തിയില്ല. ഉണ്ടെങ്കിൽ തീർച്ചയായും വരാതിരിക്കയില്ല. അല്ലെങ്കിൽ എഴുത്തെങ്കിലുമയക്കാതിരിക്കുമോ?

ഒരു സായാഹ്നം; അന്നത്തെ വേദപാഠക്ലാസ്സിൽ ഫാത്തിമാനാഥയെപ്പററി ഗ്രഹിച്ച വിവരങ്ങൾ, ഗ്രേസി സോദരിയെ വിവരിച്ചുകേൾപ്പിച്ചു. ആ പട്ടണത്തിൽ അടുത്തുതന്നെ തിരുസ്വരൂപം വന്നെത്തുമെന്നും, അന്നു് ഓരോരുത്തരും നൂറെറാന്നു ജപമാലകൊണ്ടു് ഒരു സൂക്തമഞ്ജരി സമർപ്പിക്കണമെന്നുമുള്ള വികാരിയച്ചന്റെ നിർദ്ദേശം അവൾ വാചാലതയോടെ വിശദീകരിച്ചു.

"ഗ്രേസി, തീർച്ചയായും നമുക്കതു ചെയ്യണം. ഫാത്തിമാനാഥ നമ്മളെ അനുഗ്രഹിക്കാതിരിക്കയില്ല." മേഴ്സിയുടെ വാടിയ മുഖത്തു ആനന്ദത്തിന്റെ ഒരു നേരിയ നിഴൽ.

അവർ അന്നുതന്നെ ആ ഉപഹാരത്തിനു പണിതുടങ്ങാൻ തീരുമാനിച്ചു. "ചേച്ചീ, നമുക്കൊരുടുപ്പില്ലല്ലൊ അന്നിട്ടുകൊണ്ടുപോകാൻ" ഗ്രേസി ഒരു വൈഷമ്യം ഉന്നയിച്ചു. ആ പ്രശ്നം അവരുടെ ചിന്തകളെ മഥിച്ചു. മേഴ്സി വേലയ്ക്കുപോകുന്ന വീട്ടിലെ "രാജ"ത്തിന്റെയും "രത്ന"ത്തിന്റെയും പഴയ ഉടുപ്പുകൾ ചോദിക്കാമെന്നവർ തീർച്ചപ്പെടുത്തി. "ചേതമില്ലാത്ത ഒരുപകാരം" ആരാണു ചെയ്യാത്തതു്?

അന്നുമുതൽ ആ കുഞ്ഞുങ്ങൾ ദിവസപ്രതി അഞ്ചുജപമാലവീതം വിശേഷാൽ ചൊല്ലിത്തുടങ്ങി. മരിയഭക്തിക്കു കേളികേട്ട മലയാളക്കരയിൽ വന്നെത്തുന്ന ഫാത്തിമാംബയ്ക്കു തങ്ങളുടെ ഹൃദയതന്തുക്കളിൽ അവർ കൊരുത്തുവയ്ക്കുന്ന ഉപഹാരം! ദാരിദ്ര്യം അവരുടെ ഭക്തിതീക്ഷ്ണതയെ വെല്ലുവിളിച്ചു. പക്ഷെ അനവദ്യമായ ആ നിർമ്മലഹൃദയങ്ങളുടെ കവാടത്തിങ്കൽ ഒന്നെത്തിനോക്കാൻ പോലും അതിനു കഴിഞ്ഞില്ല.

III

ചിരപ്രതീക്ഷിതമായ ആ മംഗളദിനം സമാഗതമാകുന്നു. ഫാത്തിമാരാജ്ഞി ആ പട്ടണത്തിൽ വന്നെത്തുന്നു. രാത്രി മുഴുവൻ ടൗൺ മൈതാനത്തു പരസ്യപ്രാർത്ഥനയുണ്ടു്. പട്ടണത്തിലെ പരിഷ്കാരക്കോപ്പുകൾ അസംഖ്യങ്ങളായി അണിനിരന്നുകഴിഞ്ഞു. അണിഞ്ഞൊരുങ്ങിയ സൗന്ദര്യത്തിന്റെ ഒരു മധുരമന്ദഹാസമായി ആ പട്ടണം. വിശേഷവസ്ത്രവിഭൂഷിതരായി ആയിരക്കണക്കിനു ജനങ്ങൾ തെരുവിൽക്കൂടെ കടന്നുപോകുന്നതു് ആ ബാലികമാർ കണ്ടു. പട്ടാംബരങ്ങളും, രത്നഹാരങ്ങളുമണിഞ്ഞു് സൗന്ദര്യസരിത്തിലെ തരംഗപരമ്പരകൾപോലെ ചാഞ്ചാടുന്ന വെണ്മണികളെക്കണ്ടു് അവരുടെ മനം കുളുത്തു പക്ഷെ അരയിൽ ചുററിയിരിക്കുന്ന ഒന്നരവാരത്തുണിമാത്രമാണവരുടെ വസ്ത്രസമ്പത്തു്.

അവർ നിശ്ചയിച്ചുറച്ചിരിക്കുന്നകാര്യം അന്നു മേഴ്സി "രത്ന"ത്തിനെ അറിയിച്ചു. അവൾ അനുവാദത്തിനായി ആ നിവേദനം അമ്മയുടെ മുമ്പിൽ സമർപ്പിച്ചു.

"അമ്പടീ, അത്രയ്ക്കായോ അഹങ്കാരം!" ആ സ്ത്രീയുടെ അഭിമാനം അങ്ങുവിജൃംഭിതമായി. "ആ തെണ്ടികൾക്കിടാനുള്ളതാണോ നിങ്ങളുടെ ഉടുപ്പു്? അതിന്റെയൊക്കെ ദേഹത്തിട്ടാൽ പിന്നെ എത്രതവണ അലക്കണം വൃത്തിയാകണമെങ്കിൽ?" അവർ തന്റെ ശകാരസഞ്ചിയുടെ വാ തുറന്നുവിട്ടു. വെള്ളം കോരിക്കൊണ്ടുനിന്ന മേഴ്സിയുടെ ഹൃദയത്തിൽ ആ വാക്കുകൾ കരിങ്കൽച്ചില്ലുകൾപോലെ ചെന്നുകൊണ്ടു. സാധു! അവൾ എന്തറിഞ്ഞു ആ സമ്പന്നന്റെ സാമൂഹ്യമാനദണ്ഡങ്ങളെപ്പററി?

ഈ "അവിവേക"ത്തിന്റെ ഫലം മേഴ്സി അനുഭവിച്ചു. അന്നു് അവളുടെ കൊച്ചമ്മ യാതൊന്നും കൊടുത്തില്ല. എരിയുന്നവയറുമായി ഒഴിഞ്ഞകൈകളോടെ അവൾ അനുജത്തിയുടെ അടുക്കലേക്കുവന്നു. ക്ഷുധാഗ്നി അവൾ സഹിച്ചുകൊള്ളും. എന്നാൽ ആ പിഞ്ചുമനസ്സിൽ എരിഞ്ഞുയരുന്ന വികാരപരമ്പരകളാണടങ്ങാത്തതു്.

ഗ്രേസി ആവേശപൂർവ്വം സഹോദരിയുടെ കൈയിൽ നോക്കി. മുമ്പൊരിക്കലും അവൾ അങ്ങനെ വന്നിട്ടില്ല. താൻ വിശന്നു പൊരിഞ്ഞാലും മേഴ്സി അനുജത്തിക്കു് എന്തെങ്കിലും കൊണ്ടു ചെല്ലാതിരിക്കയില്ല. നിറഞ്ഞ കണ്ണുകളോടെ അവൾ ഗ്രേസിയെ ആലിംഗനം ചെയ്തു. ഗദ്ഗദത്തിൽ തട്ടിത്തകന്നു ശിഥിലമായ ചില ആശയങ്ങൾ അവർ അന്യോന്യം പകന്നു.

"ജോസിച്ചായനുണ്ടായിരുന്നെങ്കിൽ ........" ഗ്രേസി പൊട്ടിക്കരഞ്ഞുപോയി. ആ കണ്ണുകളിൽനിന്നു് അശ്രുക്കൾ അനർഗ്ഗളം പ്രവഹിച്ചു.

* * *

മദ്ധ്യാഹ്നം! ചണ്ഡഭാനുവിന്റെ ചുട്ടുപഴുത്ത കിരണങ്ങൾ മേല്പുരകെട്ടാത്ത ആ കുടിലിലേക്കു തുളച്ചുകയറി. പരിശുദ്ധകന്യകയുടെ ഒരു പഴയപടത്തിന്റെ മുമ്പിൽ തളർന്നുവീണു കിടക്കുന്ന ആ കുഞ്ഞുങ്ങളുടെ മെലിഞ്ഞശരീരത്തെയും അവ നിഷ്കരുണം തപിപ്പിച്ചു. ഉദരത്തിൽ കത്തിക്കാളിയ ക്ഷുധാഗ്നിയും, ഹൃദയത്തിൽ തിളച്ചുമറിഞ്ഞ ശോകഭാരവും അഹമഹമികയാ അവരെ ദഹിപ്പിച്ചുകൊണ്ടിരുന്നു. ആ ഹൃദയങ്ങളിൽനിന്നു് എണ്ണിയാൽത്തീരാത്ത ആവലാതികൾ ദിവ്യാംബികയുടെ സന്നിധിയിലേക്കു മൂകമായി ഉയരുകയാണ്. നേരിയ നിശ്ശബ്ദതയിൽ കിക്കിളിയിളക്കിക്കൊണ്ടു് ഒരു തൈത്തെന്നൽ ആ ചെറുകുടിലിലേക്കു കടന്നുവന്നു.

* * *

"മേഴ്സീ! എനിക്കു നല്ലതുപോലെ

(ശേഷം 9-ാം പേജിൽ)

ദി ഫെഡറൽ ബാങ്ക് (ക്ലിപ്തം)

H. O. ആലുവാ

സ്വർണ്ണപ്പണയത്തിന്മേൽ പവൻതൂക്കത്തിനു 30 രൂപ മുതൽ 50 രൂപവരെ മിതമായ നിരക്കിനു പണം കടംകൊടുക്കുന്നതാണ്.

ഏജൻറു്, ബ്രാഞ്ച്, എറണാകുളം

കുറേനേരത്തേക്കു് എല്ലാവരും നിശ്ശബ്ദമായിരുന്നു. ഔറേമിന്റെ അവ്യക്തരൂപം അവരുടെ ദൃഷ്ടിപഥത്തിലെത്തി. സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന ഒരു മണിമാളികയും അവർക്കു കാണാറായി. ലൂസിയുടെ കണ്ണുകൾ പ്രകാശിച്ചു — പള്ളി — അതിനടുത്തായിരിക്കുമല്ലോ വികാരിയച്ചൻ താമസിക്കുന്നതു്. അവൾക്കു് ഉടനെ അദ്ദേഹത്തെ കാണാം. ഉടൻതന്നെ ഫാത്തിമായിലേക്കു തിരിച്ചുപോകയും ചെയ്യാം. ഹാ! എന്തൊരാനന്ദം! ഒരിക്കൽക്കൂടി സ്ത്രീ ഓക്കുവൃക്ഷത്തിന്റെ മുകളിൽ നില്ക്കും! സ്ത്രീ മന്ദഹസിക്കും! അവരുടെ കൊച്ചുതോഴരെ പ്രാർത്ഥിക്കുന്നതിനും പാപികൾക്കുവേണ്ടി ത്യാഗപ്രവൃത്തികൾ ചെയ്യുന്നതിനും അവർ പ്രോത്സാഹിപ്പിക്കും. പക്ഷേ, ഒരു പുതിയ സന്ദേശംകൂടിയുണ്ടായിരിക്കും.........

പെട്ടെന്നു ലൂസിയുടെ രക്തം തണുത്തുപോയി. പള്ളിയും പള്ളിമേടയും കടന്നു് പരിചിതമായ ഒരു വലിയ കെട്ടിടത്തിന്റെ മുമ്പിൽ കാർ നിറുത്തി.

ശങ്കാകുലമായ നേത്രങ്ങളോടുകൂടി ലൂസി മേയറെ നോക്കി.

"അച്ചന്റെ മേടയിതല്ലല്ലോ."

"അല്ലേ? പിന്നെ ഇതേതാണ്?"

"ഇതു് അങ്ങയുടെ വസതിയാണ്."

മേയർ രൂക്ഷമായി മന്ദഹസിച്ചു. "നീ ആദ്യം വന്നപ്പോൾ കണ്ട ഓർമ്മയുണ്ടു്, അല്ലേ? എന്നാൽ ഇതുകൂടി ഓർമ്മിച്ചുകൊള്ളു. ഇതൊരു ജയിൽകൂടിയാണ്. കള്ളന്മാരും കൊലപാതകികളും നിറഞ്ഞ കാരാഗൃഹം. മൂന്നുപേരും ഇറങ്ങുപുറത്തു്." ഇത്രയും പറഞ്ഞുകൊണ്ടു മേയർ കുട്ടികളെ കാറിൽനിന്നു വലിച്ചു താഴെയിറക്കിയപ്പോൾ ജസിന്തയും ഫ്രാൻസിസും വല്ലാതെ പരുങ്ങിപ്പോയി. ഹാ! എന്താണ് സംഭവിക്കാൻപോകുന്നതു്! ആ നരാധമൻ എന്താണോ ചെയ്യുവാൻപോകുന്നതു്!!

വിമർശനവീഥി

# ഐ. എൻ. മേനവൻെറ പ്രസംഗത്തിൽ ലിബറലിസം അടങ്ങിയിട്ടില്ലയോ?

നമ്മുടെ ഐക്യസംസ്ഥാനവിദ്യാഭ്യാസഡയറക്ടർ ശ്രീ ഐ. എൻ. മേനവൻെറ പ്രസംഗത്തെപ്പററി കഴിഞ്ഞതിൻെറ മുമ്പിലത്തെ ലക്കത്തിൽ ഞങ്ങൾ പ്രതിപാദിച്ചിരുന്നല്ലോ. മനുഷ്യൻ ഒരു സാമുദായികജീവിയായി ജനിക്കുകയാണു്, അല്ലാതെ ജനിച്ചശേഷം അവൻ ഒരു സാമുദായികജീവിയായി പരിണമിക്കുകയല്ല എന്ന വസ്തുതയാണു് ഞങ്ങൾ കഴിഞ്ഞ ലേഖനത്തിൽ ഊന്നിപ്പറഞ്ഞതു്. സാമുദായികജീവിയായി ലോകത്തിൽ വർത്തിക്കുവാനുള്ള വാസന മനുഷ്യനു സ്രഷ്ടാവിൽനിന്നു തന്നെ ലഭിച്ചിട്ടുണ്ടെന്നും, ആ വാസനയുടെ ഫലമായിട്ടാണു് അവൻ സാമുദായികജീവിതം നയിക്കുന്നതെന്നും പ്രസംഗകൻ സമ്മതിക്കുന്നപക്ഷം ഞങ്ങൾ അദ്ദേഹത്തോടു യോജിക്കുന്നു. സാമുദായികജീവിതം നയിക്കുവാനുള്ള വാസനയോടുകൂടിയല്ല മനുഷ്യൻ ജനിക്കുന്നതെന്നും, ജനിച്ചശേഷം അവൻ സാമുദായികജീവിയായി പരിണമിക്കുകയാണു ചെയ്യുന്നതെന്നും ശ്രീ മേനവൻെറ പ്രസംഗത്തിലെ വാക്കുകൾ ധ്വനിപ്പിക്കുന്നതുകൊണ്ടാണു് ഞങ്ങൾക്കു് അതു വിമർശിക്കുവാൻ ആവശ്യമുണ്ടായതു്.

പ്രസംഗത്തിലെ വേറെ ചില പ്രസ്താവങ്ങളും വിമർശിക്കപ്പെടേണ്ടതായിരിക്കുന്നുണ്ടു്. ആ വാക്കുകളെ "മലയാളരാജ്യം" റിപ്പോർട്ടു ചെയ്തിരിക്കുന്നതിങ്ങനെയാണു്: "മനുഷ്യൻ ഒരു ഭീരുവായതുകൊണ്ടു് അവൻ ഒരു സാമൂഹ്യജീവിയായിത്തീർന്നു, മനുഷ്യൻ ദുഷ്ടനായതുകൊണ്ടു് അവനൊരു ഗവമ്മെൻറും വേണ്ടിവന്നു എന്ന കവിവാക്യം അക്ഷരംപ്രതി അർത്ഥഗർഭമാണെന്നും അതു് ഇന്നും ശരിയാണെന്നും... ......ശ്രീ ഐ. എൻ. മേനവൻ പ്രസംഗിക്കുകയുണ്ടായി." റിപ്പോർട്ടിൽ പ്രസംഗത്തിലെ മററുചില വാക്യങ്ങളും തുടർന്നു് ഉദ്ധരിച്ചിട്ടുണ്ടു്. "കഴിവുകൂടിയ മനുഷ്യർ കഴിവുകുറവുള്ളവനെ ചൂഷണംചെയ്യുകയും മർദ്ദിക്കുകയും ചെയ്യുന്നതിനെ തടയുവാനും എല്ലാവർക്കും ഭീതിയെന്യേ ജീവിക്കുവാനും ചില വ്യവസ്ഥകൾ ആവശ്യമായിവന്നു. അങ്ങനെയാണു് ഭരണകൂടം അല്ലെങ്കിൽ ഗവമ്മെൻറു് എന്നൊന്നു് ഉണ്ടായതു്. ആദ്യമാദ്യം ഗവമ്മെൻറിൻെറ കർത്തവ്യം എവിടെയും നിയമസമാധാനപാലനമായിരുന്നു. ഇന്നും ആദ്യത്തേയും അവസാനത്തേയും ചുമതല ഇതുതന്നെയാണു്. ഓരോ വ്യക്തിയും മററുള്ളവരെ സ്നേഹിച്ചും സംരക്ഷിച്ചും ജീവിക്കുന്ന സൽസ്വഭാവിയായിത്തീർന്നാൽ ഒരുതരം ഗവമ്മെൻറും ആവശ്യമില്ല. അതുകൊണ്ടാണു് മനുഷ്യൻെറ ദുർമ്മാർഗ്ഗങ്ങൾകൊണ്ടു് അവനെ നിയന്ത്രിക്കാൻ ഗവമ്മെൻറു് വേണ്ടതു് ആവശ്യമായിത്തീർന്നതു്."

16-ാം നൂററാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന തോമസ് ഹോബ്സ് (Hobbes) പുറപ്പെടുവിച്ച രാഷ്ട്രസിദ്ധാന്തത്തിലെ മൗലികമായ ആശയമാണു് മി. മേനവൻെറ ഈ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നതു്. ഹോബ്സ് "ലെവിയാതൻ" (Leviathan) എന്ന കുപ്രസിദ്ധമായ ഒരു ഗ്രന്ഥം രചിച്ചിരുന്നു. "രാജാക്കന്മാരുടെ ദിവ്യാവകാശം" (The Divine Right of Kings) എന്നറിയപ്പെടുന്നതും, ഇന്നു സർവത്ര അപലപിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നതുമായ അബദ്ധസിദ്ധാന്തത്തിനു് അടിസ്ഥാനമിട്ടതു് ഹോബ്സിൻെറ പ്രസ്തുതഗ്രന്ഥമാണു്.

മനുഷ്യൻ പ്രകൃത്യാ സ്വാർത്ഥലോലുപനാണെന്നുള്ളതു വാസ്തവംതന്നെ. തൻകാര്യം കാണണമെന്നാണു് അവനിൽ മുഴച്ചുനില്ക്കുന്ന സ്വാഭാവികമായ വാസന. ആ വാസനയുടെ പ്രയോഗത്തിൽ മററാളുകളുടെ ഏതവകാശങ്ങളേയും ചവുട്ടിമെതിക്കുവാൻ അവനു മടിയില്ല. ഇക്കാരണത്താൽ മനുഷ്യൻെറ ഈ ദുർവാസനയെ നിയന്ത്രിക്കുവാനും, മററാളുകളുടെ അവകാശങ്ങൾക്കു് അതു ബാധകമാകാതെ സൂക്ഷിക്കുവാനും പരമാധികാരമുള്ള ഒരു സ്ഥാപനം ഏതു രാജ്യത്തിലും ആവശ്യകമാണു്. ഈ സ്ഥാപനമത്രെ ഭരണകൂടം അഥവാ ഗവമ്മെൻറ്. ഗവമ്മെൻറിൻെറ ഉദ്ദേശങ്ങളിൽ ഇപ്പറഞ്ഞ സംഗതി ഉൾപ്പെടുന്നുണ്ടെങ്കിലും, അതുമാത്രമാണ ഗവമ്മെൻറിൻെറ ഉദ്ദേശമെന്നു പറയുന്നതു അബദ്ധമായിരിക്കും. അബദ്ധമായ ഈ രാഷ്ട്രസിദ്ധാന്തമാണു് ലിബറലിസം.

### ക്യാപ്പിററലിസം ലിബറലിസത്തിൻെറ സന്താനം

19-ാം നൂററാണ്ടിൽ യൂറോപ്പിലും മററുപാശ്ചാത്യരാജ്യങ്ങളിലും പ്രാബല്യത്തിലിരുന്ന സിദ്ധാന്തമാണു് ലിബറലിസം അഥവാ സ്വാതന്ത്ര്യവാദം. ഓരോ മനുഷ്യവ്യക്തിക്കും ഇഷ്ടാനുസാരം ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിക്കുവാനും സ്വാതന്ത്ര്യമുണ്ടെന്നും, ആ സ്വാതന്ത്ര്യത്തിൻെറ പ്രയോഗത്തിൽ കൈകടത്തുവാൻ മതത്തിനോ രാഷ്ട്രത്തിനോ മററാർക്കുമോ അവകാശമില്ലെന്നുമായിരുന്നു ലിബറലിസം സിദ്ധാന്തിച്ചതു്. ഈ സിദ്ധാന്തം മതകാര്യങ്ങളിൽ പ്രയോഗിച്ചതിൻെറ ഫലമായി റാഷണലിസം (Rationalism) എന്ന അവിശ്വാസപ്രസ്ഥാനമുണ്ടായി. പ്രസ്തുതസിദ്ധാന്തം സാമ്പത്തികകാര്യങ്ങളിൽ പ്രയോഗിച്ചതിൻെറ ഫലമായി ക്യാപ്പിററലിസം (Capitalism) ഉണ്ടായി. അതേസിദ്ധാന്തംതന്നെ രാഷ്ട്രീയകാര്യങ്ങളിൽ പ്രയോഗിച്ചതിൻെറ ഫലമായി ഇമ്പീരിയലിസം (Imperialism) ഉണ്ടായി. റാഷണലിസത്തെ ദൈവത്തിലും മതത്തിലും വിശ്വാസവും താല്പര്യവുമുള്ള സകലരും അപലപിക്കുന്നു. ക്യാപ്പിററലിസത്തേയും ഇമ്പീരിയലിസത്തേയും മതവിശ്വാസികൾമാത്രമല്ല നിർമ്മതന്മാർപോലും അപലപിക്കുന്നു. ഒരു മുതലാളിക്കു് തൊഴിലാളികളുമായി ഉടമ്പടിചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടെന്നും, ആ സ്വാതന്ത്ര്യമുപയോഗിച്ചാണു് അയാൾ തൊഴിലാളികളെക്കൊണ്ടു് തൻെറ കീഴിൽ വേലചെയ്യിക്കുന്നതെന്നും, അയാൾ നിർദ്ദേശിക്കുന്ന കൂലിയും വേലയുടെ മററുസാഹചര്യങ്ങളുമനുസരിച്ചു വേലചെയ്യുവാൻ തൊഴിലാളികൾക്കു സമ്മതമാണെങ്കിൽ അതിൽ ഇടപെടുവാൻ മതത്തിനോ രാഷ്ട്രത്തിനോ പൊതുജനാഭിപ്രായത്തിനോ അവകാശമില്ലെന്നും മററുമാണല്ലോ ദുഷിച്ച ക്യാപ്പിററലിസത്തിൻെറ വാദം. ഈ വാദത്തിൻെറ പ്രയോഗത്തിൽനിന്നാണു് ക്യാപ്പിററലിസത്തിൻെറ സകലവിധദൂഷ്യങ്ങളും ലോകത്തിലുണ്ടായതും ഇന്നേവരെ നിലനിന്നുവരുന്നതും. അപ്രകാരംതന്നെ ഇമ്പീരിയലിസം അഥവാ സാമ്രാജ്യദുഷ്പ്രഭുത്വം വാദിക്കുന്നതനുസരിച്ചു്, വലിയ രാഷ്ട്രങ്ങൾക്കു് ചെറിയ രാഷ്ട്രങ്ങളുമായി ഉടമ്പടിയിലേർപ്പെടുവാൻ സ്വാതന്ത്ര്യമുണ്ടു്. ആ സ്വാതന്ത്ര്യത്തിൻെറ പ്രയോഗത്തിൽ മതത്തിനോ മററു രാഷ്ട്രങ്ങൾക്കോ പൊതുജനാഭിപ്രായത്തിനോ കൈകടത്തുവാൻ അവകാശമില്ല. ഈ സിദ്ധാന്തത്തിൻെറ ഫലമായിട്ടാണു് ചെറിയചെറിയ പല രാഷ്ട്രങ്ങളും വലിയരാഷ്ട്രങ്ങളുടെ പിടിയിൽ അമരുവാനും ചെറിയരാഷ്ട്രങ്ങൾ വലിയരാഷ്ട്രങ്ങളുടെ അധികാരമോഹത്തിൻേറയും ധനമോഹത്തിൻേറയും ഇരകളായിത്തീരുവാനും സംഗതി വരുന്നതു്. ആകയാൽ ലിബറലിസം അതിൻെറ ഫലത്തിൽനിന്നുതന്നെ ഏററവും അബദ്ധമായ സിദ്ധാന്തമാണെന്നു തെളിഞ്ഞിരിക്കുന്നു. ഈ ലിബറലിസ്റ്റു് രാഷ്ട്രസിദ്ധാന്തമാണു് ശ്രീ ഐ. എൻ. മേനവൻ "അർത്ഥഗർഭമാണെന്നും ശരിയാണെന്നും" പ്രസംഗിച്ചതായി റിപ്പോർട്ടു് ചെയ്യപ്പെട്ടിരിക്കുന്നതു്.

### രാഷ്ട്രത്തിൻെറ ഉദ്ദേശത്തെപ്പററി പീയൂസ് മാർപ്പാപ്പാ

ഏതു ഭരണകൂടത്തിൻേറയും അഥവാ ഗവമ്മെൻറിൻേറയും ഉദ്ദേശമെന്താണെന്നു 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "ക്വാദ്രജെസിമോ ആന്നോ" എന്ന തിരുവെഴുത്തിലും, 12-ാം

## ചരമം



വടയാററു ചക്കങ്കൽ പുത്തൻപുരയിൽ വർക്കി അപ്പൂസപ്പു (പാപ്പച്ചൻ)

1949 ഡിസംബർ 23-ാംനു വെള്ളിയാഴ്ച അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് 69-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

പരേതൻെറ നിത്യശാന്തിക്കുവേണ്ടി വിശ്വാസികൾ പ്രാർത്ഥിക്കണമെ.

ദയാപരനായ ഈശോയെ! പരേതനു നിത്യാശ്വാസംകൊടുത്തരുളണമെ.

Inserted by his loving children

പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "സുമ്മി പൊന്തിഫിക്കാത്തൂസ" എന്ന തിരുവെഴുത്തിലും സ്പഷ്ടമായി വിവരിച്ചിട്ടുണ്ടു്. "ദേശീയജീവിതത്തിൻെറ രഹസ്യവും സ്വമേധയുമായുള്ള പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും സഹായിക്കുകയും നയിക്കുകയും, തദ്വാരാ അവയെ സകലരുടേയും ഗുണത്തെ ലക്ഷ്യമാക്കി പരസ്പരാനുയോജ്യതയുള്ളവയായി പരിണമിപ്പിക്കുകയും ചെയ്യുക" എന്നതാണതു്. ലിബറലിസം ഓരോ വ്യക്തിയുടേയും അവകാശങ്ങളെ മാത്രമേ പരിഗണിക്കുന്നുള്ളു. പ്രസ്തുതാവകാശങ്ങൾ മററുള്ളവരുടെ തത്തുല്യമായ അവകാശങ്ങളെ ബാധിക്കുന്നുണ്ടോയെന്നും, സർവ്വോപരി പൊതുഗുണം പ്രാപിക്കുവാൻ സഹായകമാകുന്നുണ്ടോയെന്നും അതു നോക്കുന്നില്ല. ലിബറലിസം വ്യക്തികളുടെ നീതിമാത്രമേ അംഗീകരിക്കുന്നുള്ളു; സാമുദായികനീതിയെ അതു വിസ്മരിക്കുന്നു. ഗവമ്മെൻറിൻെറ കർത്തവ്യം വ്യക്തിയുടെ നീതി പാലിക്കുന്നതുപോലെതന്നെ സാമുദായികനീതിയും പാലിക്കുകയാണു്. തൊഴിലാളികൾക്കു മനുഷ്യോചിതമായും മാനമായും ജീവിക്കുവാൻ അവകാശമുണ്ടു്. അതിനുള്ള വക സമ്പാദിക്കുവാൻ അവർക്കുള്ള ഏകമാർഗ്ഗം അവരുടെ പ്രയത്നമാണു്. തന്മൂലം അവരുടെ പ്രയത്നത്തിനു ലഭിക്കുന്ന കൂലി അതിനു മതിയാകുന്നതായിരിക്കണം. വേലയുടെ സാഹചര്യങ്ങൾ മനുഷ്യോചിതമായിരിക്കണം. ഈ വ്യവസ്ഥകളെല്ലാം മുതലാളികളെക്കൊണ്ടു സ്വീകരിപ്പിക്കേണ്ടതു ഏതു ഗവമ്മെൻറിൻേറയും കർത്തവ്യമാണു്. ആധുനികഗവമ്മെൻറുകൾ തൊഴിലാളികളുടെ അവകാശങ്ങളെ ലക്ഷ്യമാക്കി ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന നിയമങ്ങൾ ഈ കർത്തവ്യത്തിൻെറ പ്രയോഗംമാത്രമാകുന്നു. ചെറുരാഷ്ട്രങ്ങൾക്കും വലിയ രാഷ്ട്രങ്ങളെപ്പോലെതന്നെ സ്വതന്ത്രങ്ങളായിരിക്കുവാനും സ്വയംപര്യാപ്തങ്ങളായിരിക്കുവാനും അവകാശമുണ്ടു്. സാമ്രാജ്യദുഷ്പ്രഭുത്വത്തിനെതിരായി ചെറുരാഷ്ട്രങ്ങളുടെ പ്രസ്തുതാവകാശങ്ങളെ സംരക്ഷിക്കുന്ന കർത്തവ്യം ശരിയായി നിർവ്വഹിക്കുവാനാണല്ലോ ഇപ്പോഴത്തെ ഐക്യരാഷ്ട്രസംഘടന ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഐക്യരാഷ്ട്രസംഘടന രാഷ്ട്രീയവും സാമ്പത്തികവും ശാസ്ത്രീയവും സാംസ്കാരികവുമായ എല്ലാ തുറകളിലും ഇടപെട്ടുകൊണ്ടു് പൗരന്മാരുടെ ദേശീയജീവിതത്തിലെ സകല പ്രവർത്തനങ്ങളേയും പൊതുഗുണത്തെ ലക്ഷ്യമാക്കി നയിക്കുവാനും പരസ്പരാനുയോജ്യതയുള്ളവയാക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുതതന്നെ ലിബറലിസം വിഭാവനംചെയ്ത രാഷ്ട്രസിദ്ധാന്തത്തിൻെറ ഖണ്ഡനമായിരിക്കുന്നുണ്ടല്ലോ. "ഓരോ വ്യക്തിയും മററുള്ളവരെ സ്നേഹിച്ചും സംരക്ഷിച്ചും ജീവിക്കുന്ന സൽസ്വഭാവിയായിത്തീർന്നാൽ ഒരുതരം ഗവമ്മെൻറും ആവശ്യമില്ല" എന്ന ശ്രീ മേനവൻെറ പ്രസ്താവം, ഇൻഡ്യ ഉൾപ്പെടെ ഡെമൊക്രാററിക് രാജ്യങ്ങൾ ഇന്നഭിലഷിച്ചുകൊണ്ടിരിക്കുന്ന ക്ഷേമദായകരാഷ്ട്രത്തിൻെറ (Welfare State) ആശയത്തിനു കടകവിരുദ്ധമാണു്. സൽസ്വഭാവികളായ വ്യക്തികളുടെ സൽപരിശ്രമങ്ങളെപ്പോലും പൊതുവായ ലക്ഷ്യത്തെ മുൻനിർത്തി കൂട്ടിയിണക്കുകയും, അവ ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ ആവശ്യകമായ പരിതസ്ഥിതികളും പ്രവർത്തകമാർഗ്ഗങ്ങളും സൃഷ്ടിക്കുകയും, ആ ഏർപ്പാടുകളെല്ലാം നയിക്കുകയും ചെയ്യുവാൻ ഒരു ധാർമ്മികശക്തി ആവശ്യകമാണല്ലൊ. ഈ ശക്തിയാണു് ഗവമ്മെൻറു്.


The Catholic Syrian Bank Ltd.

ദി കാത്തലിക് സിറിയൻ ബാങ്ക ലിമിററഡ്

ഹെഡാഫീസ് —തൃശ്ശിവപേരൂർ

ബാങ്കിൽനിന്നും പുതിയതായി തുടങ്ങുന്ന

മൂന്ന മാസക്കുറികളിൽ

ഇരിങ്ങാലക്കുട ബ്രാഞ്ചിൽ നിന്നും 1950 ജനുവരി 18-ാംനു മുതൽ തുടങ്ങുന്ന കുറിയിൽ നക്കുകൾ അധികമായതിനാൽ ടി കുറിയിൽ ചേരേണ്ടതിലേക്കായി ആരും സംഖ്യ മേലാൽ അടയ്ക്കരുതെന്നു ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എറണാകുളം, തൃശ്ശൂർ എന്നീ ബ്രാഞ്ചുകളിൽനിന്നും 1950 ജനുവരി 23—ം 28—ം തിയതികൾ മതൽക്കു തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കുറികളിലും നറുക്കുകൾ ഉടനെ തികയുമെന്നു വിചാരിക്കുന്നതുകൊണ്ടു ടി കുറികളിൽ ചേരണമെന്നു വിചാരിക്കുന്നവർ ഉടനെ സംഖ്യ അടച്ചു പേരു റജിസ്റ്റർ ചെയ്യുവാൻ താല്പര്യപ്പെടുന്നു.

തൃശ്ശൂർ
14-12-49 } ജനറൽ മാനേജർ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ഡി. എ

Vol. 23 ‖ ERNAKULAM, JANUARY 4, 1950 ‖ No. 19


# മാതാവുവഴിയായി ഈശോയുടെ പക്കലേക്ക്

നമ്മുടെ ആദിപിതാവായ ആദം പാപം ചെയ്യുകയും അതുവഴിയായി തന്റെ സന്താനങ്ങളായ മനുഷ്യവർഗ്ഗത്തെ മുഴുവനും നാശത്തിൽ പെടുത്തുകയും ചെയ്ത നിമിഷത്തിൽത്തന്നെ മനുഷ്യവർഗ്ഗത്തെ ആ നാശത്തിൽനിന്നുദ്ധരിക്കുവാനുള്ള രക്ഷകനെ ദൈവം വാഗ്ദാനം ചെയ്തല്ലോ. രക്ഷകനോടുകൂടി സഹകരിക്കുന്ന ഒരു സ്ത്രീരത്നവും ഉണ്ടായിരിക്കുമെന്ന് ആ വാഗ്ദാനത്തിൽ ദൈവം വെളിപ്പെടുത്തി. ആദത്തിന്റെ പാപത്തിൽ ഹവ്വാ സഹകരിക്കുകയും അങ്ങനെ ആദിമാതാവു നമ്മുടെ നാശത്തിൽ പങ്കുവഹിക്കുകയും ചെയ്തതുപോലെ, രണ്ടാമത്തെ ആദമായ രക്ഷകനോടുകൂടി അവിടുത്തെ മാതാവായ പരിശുദ്ധമറിയം സഹകരിച്ചുകൊണ്ട് നമ്മുടെ ഉദ്ധാരണത്തിൽ പങ്കുവഹിക്കണമെന്നാണ് ദൈവനിശ്ചയമെന്ന് തിരുസ്സഭയിൽ ആദ്യകാലംമുതൽക്കേ വിശ്വസിച്ചുപോന്നിരുന്നു. ശ്ലീഹന്മാരുടെ അടുത്ത ശിഷ്യന്മാരായിരുന്ന സഭാപിതാക്കന്മാർ രക്ഷകന്റെ മാതാവായ പരിശുദ്ധമറിയത്തെ രണ്ടാമത്തെ ഹവ്വാ എന്നാണു വിളിച്ചിരുന്നത്. ആദ്യത്തെ ഹവ്വാ നമ്മുടെ നാശത്തിനു കാരണമായതുപോലെ പരിശുദ്ധ മറിയം നമ്മുടെ രക്ഷയ്ക്കു കാരണമായെന്നുള്ള വെളിപ്പെടുത്തപ്പെട്ട തത്വത്തെ ഈ താരതമ്യത്താൽ അവർ സ്പഷ്ടമായി പഠിപ്പിച്ചു.

രക്ഷകനായ ഈശോയുടെ ജനനത്തിലും ബാല്യകാലജീവിതത്തിലും പരസ്യജീവിതത്തിലും എല്ലാററിലും പ്രധാനമായി ഗാഗുൽത്താമലയിലെ ആത്മബലിസമർപ്പണത്തിലും മാതാവിന്റെ ഈ സഹകരണം പ്രത്യക്ഷമായിരുന്നെന്നു സുവിശേഷകന്മാരുടെ സാക്ഷ്യങ്ങളിൽനിന്നുതന്നെ നമുക്കറിയാം. തന്റെ ജീവതത്തിൽ മാതാവു നിർവഹിച്ച ഈ സഹകരണം തന്റെ ഉടലായ തിരുസ്സഭയുടെ ജീവിതത്തിലും മാതാവു നിർവഹിക്കണമെന്നായിരുന്നു ഈശോയുടെ നിശ്ചയം. തന്റെ പ്രിയപ്പെട്ട ശിഷ്യനായ യോഹന്നാനെ മാതാവിനു പുത്രനായും, മാതാവിനു യോഹന്നാനെ അമ്മയായും കുരിശിൽവച്ചു തന്റെ അന്ത്യനിമിഷത്തിൽ ഈശോ പ്രഖ്യാപനംചെയ്തതിന്റെ അർത്ഥം ഇതാണെന്നു തിരുസ്സഭ പഠിപ്പിക്കുന്നുണ്ട്. സകല മനുഷ്യരുടേയും വിശിഷ്യ സകല യഥാർത്ഥക്രിസ്ത്യാനികളുടേയും അമ്മ എന്ന നിലയിൽ മാതാവ് തന്റെ കർത്തവ്യം നിർവ്വഹിച്ചുകൊണ്ടാണുപോന്നിട്ടുള്ളതെന്നു തിരുസ്സഭാചരിത്രം സാക്ഷീകരിക്കുന്നു. തിരുസ്സഭയ്ക്കു ആദ്ധ്യാത്മികങ്ങളായ ആപത്തുകൾ നേരിട്ടിട്ടുള്ള പല സന്ദർഭങ്ങളിലും മാതാവ് അത്ഭുതകരമായവിധത്തിൽ തന്നെ സംരക്ഷണ നൽകിക്കൊണ്ടാണിരുന്നിട്ടുള്ളത്. അതിന് അനേകം ദൃഷ്ടാന്തങ്ങൾ തിരുസ്സഭാചരിത്രത്തിൽ ചൂണ്ടിക്കാണിക്കുവാൻ കഴിയും. ആധുനിക നൂററാണ്ടുകൾവരെ തിരുസ്സഭ അഭിമുഖീകരിക്കേണ്ടിയിരുന്ന ആപത്തുകൾ സാമാന്യേന എതിർപ്പുകളും ശീശ്മകളുമായിരുന്നു. ആധുനികനൂററാണ്ടുകളിലാകട്ടെ, "നരകവാതില്പുകൾ" അവയുടെ തനിനിറത്തിൽ തിരുസ്സഭയെ ആക്രമിക്കുകയാണ്. ആദ്യം ക്രിസ്തുവിലുള്ള വിശ്വാസത്തേയും അനന്തരം ദൈവത്തിലുള്ള വിശ്വാസത്തേയും ലോകത്തിൽനിന്നു നിർമാർജ്ജനം ചെയ്യുവാൻ പൈശാചികങ്ങളായ ശ്രമങ്ങൾ നടക്കുകയാണ്. ആദ്യം "ഇടതുപക്ഷ"ക്കാരിൽനിന്നും ഒടുവിൽ "വലതുപക്ഷ"ക്കാരിൽനിന്നും ആക്രമണങ്ങൾ പുറപ്പെട്ടു. തിരുസ്സഭയ്ക്കു നേരിട്ട ഏററവും ഭയാനകമായ ഈ ആപൽഘട്ടത്തിൽ മാതാവ് തന്റെ സവിശേഷമായ സംരക്ഷണയ്ക്കായി വന്നുതുടങ്ങി.

## 1858-ാം വർഷത്തിൽ മാതാവു ലൂർദ്ദിൽ

അക്രൈസ്തവവും നിരീശ്വരപരവുമായ ഈ പ്രസ്ഥാനങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽ പ്രചരിക്കുവാൻ തുടങ്ങിയ ഒരു കൊല്ലം ഖണ്ഡിതമായി ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അതു 1858 ആണ്. ജോൺ സ്റ്റുവർട്ടു മിൽ (John Stuart Mill) തന്റെ "സ്വാതന്ത്ര്യപ്രബന്ധം" (Essay on liberty) എന്ന ഗ്രന്ഥം ആ വർഷത്തിലാണ് രചിച്ചത്. സ്വാതന്ത്ര്യത്തെ സകല നിയമങ്ങളുടേയും സാമുദായികമായ ഉത്തരവാദിത്വത്തിന്റേയും പിടിയിൽനിന്നുള്ള വിമോചനമായിട്ടാണ് അദ്ദേഹം ആ ഗ്രന്ഥത്തിൽ പ്രകാശിപ്പിച്ചത്. ആ വർഷത്തിൽത്തന്നെ ഇംഗ്ലീഷുകാരനായ ഡാർവിൻ (Darwin) "ജീവിവർഗ്ഗങ്ങളുടെ ഉൽപ്പത്തി" (Origin of the Species) എന്ന ഗ്രന്ഥം രചിച്ചു. മനുഷ്യനെ അവന്റെ ആദ്ധ്യാത്മികവും സ്വർഗ്ഗീയവുമായ ലക്ഷ്യത്തിൽനിന്നു മൃഗീയവും ഭൗതികവുമായ ലക്ഷ്യത്തിലേക്കു പിന്തിരിക്കുകയാണ് അദ്ദേഹം ആ ഗ്രന്ഥം വഴിയായി വരുത്തിവച്ചനാശം. കമ്മ്യൂണിസത്തിന്റെ സ്ഥാപകനായ കാൾമാർക്സ് (Karl Marx) അതേ വർഷത്തിൽ തന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സിദ്ധാന്തത്തെ ലോകത്തിനു പ്രദാനംചെയ്തുകൊണ്ട് Critique of Political Economy എന്ന ഗ്രന്ഥം രചിച്ചു. മനുഷ്യനെ ഒരു സാമ്പത്തികജീവിമാത്രമായിട്ടാണ് അദ്ദേഹം ആ ഗ്രന്ഥത്തിൽ പ്രകാശിപ്പിച്ചത്. ഈ മൂന്നു ഗ്രന്ഥങ്ങളും ലോകരെ ക്രിസ്തുവിൽനിന്നും ദൈവത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ ഏററവുമധികം സഹായിച്ചിട്ടുണ്ട്.

ഈ ദുഷ്പ്രസ്ഥാനങ്ങളുടെ പ്രവാഹത്തിൽനിന്നു ലോകരെ രക്ഷിക്കുവാനും അവരെ ക്രിസ്തുവിലേക്കും ദൈവത്തിലേക്കും വീണ്ടും പിന്തിരിപ്പിക്കുവാനും മാതാവു തീർച്ചയാക്കി. അതേ വർഷത്തിൽ, 1858-ൽ, അവിടുന്നു ഫ്രാൻസിലെ ഒരു ചെറുഗ്രാമമായ ലൂർദ്ദിൽ പ്രത്യക്ഷയായി. ബെർണദീത്ത് എന്നു പേരുള്ള ഒരു കർഷകബാലികയ്ക്കു പലപ്രാവശ്യം അവിടുന്ന് അത്ഭുതകരങ്ങളായ ദർശനങ്ങൾ നൽകി. അവിടുന്ന് ആരാണെന്നു ബാലിക ചോദിച്ചപ്പോൾ, "ഞാൻ അമലോത്ഭവമാണ്" എന്നു മാതാവു മറുപടി നൽകി. അമലോത്ഭവം തനിക്കു പ്രത്യേകമായുള്ള ഒരു ദൈവവരമാണെന്നും, മററാർക്കും ഈ വരം ലഭിച്ചിട്ടില്ലെന്നും അർത്ഥമടങ്ങിയിരിക്കുന്ന ഈ പ്രസ്താവത്താൽ മനുഷ്യർ ജന്മനാ പാപികളാണെന്നും, അവരെ പാപത്തിൽനിന്നു രക്ഷിക്കുവാൻ അവതരിച്ച ദൈവപുത്രനാണ് തന്റെ കുമാരനായ ഈശോയെന്നും, ആ രക്ഷകനിലേക്കു പിന്തിരിഞ്ഞെങ്കിൽമാത്രമേ ലോകത്തിനു ശാന്തി കൈവരികയുള്ളുവെന്നും ഉള്ള ക്രൈസ്തവതത്വങ്ങളെ അവിടുന്നു പ്രഖ്യാപിക്കുകയാണു ചെയ്തത്. ലൂർദ്ദ് അവിടെ നടന്നുകൊണ്ടിരുന്ന ശാരീരികവും ആദ്ധ്യാത്മികവുമായ അനുഗ്രഹദാനങ്ങളാൽ അന്ധകാരമയമായ ലോകത്തിൽ ഒരു ദീപസ്തംഭംപോലെ അന്നുമുതൽ അനുസ്യൂതം പ്രകാശിച്ചുകൊണ്ടിരുന്നെങ്കിലും, ലോകമാസകലമുള്ള കത്തോലിക്കർ ഒററയായും കൂട്ടമായും തുടരെ ആ പുണ്യസ്ഥലത്തേക്കു തീർത്ഥയാത്രകൾ നടത്തി അസംഖ്യമനുഗ്രഹങ്ങൾ പ്രാപിച്ചുകൊണ്ടിരുന്നെങ്കിലും, ആദ്ധ്യാത്മികജീവിതത്തേയും സ്വർഗ്ഗത്തേയും ലക്ഷ്യമാക്കി മാതാവു ആ പുണ്യതീർത്ഥത്തിൽനിന്നു നൽകിക്കൊണ്ടിരുന്ന ആഹ്വാനത്തെ ലോകം വേണ്ടപോലെ ശ്രവിച്ചില്ല.

## 1917-ാം വർഷത്തിൽ മാതാവു ഫാത്തിമായിൽ

1917 മേയ് 13-ാംനു മോസ്ക്കോയിലെ ദേവാലയങ്ങളിലൊന്നിൽ മരിയ അലെക്സാന്ദ്രോവിന എന്നു പേരുള്ള ഒരു മഹിള വേദപാഠങ്ങൾ നൽകിക്കൊണ്ടിരിക്കുകയായിരുന്നു. 200 കുട്ടികൾ ആ പാഠങ്ങൾ സശ്രദ്ധം ശ്രവിക്കുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോൾ കേൾക്കാം ദേവാലയത്തിന്റെ പ്രവേശനദ്വാരത്തു ഒരു വലിയ ബഹളം. കുറെ കുതിരപ്പട്ടാളക്കാർ ദേവാലയത്തിൽ പ്രവേശിച്ചു. അൾത്താരയും അവിടെക്കണ്ട തിരുകർമ്മങ്ങൾക്കായുള്ള മറുവസ്തുക്കളും വിശുദ്ധരുടെ സ്വരൂപങ്ങളും അവർ തല്ലിത്തകർത്തു. കുട്ടികളിൽ കുറെപ്പേർ വധിക്കപ്പെടുകയും ചെയ്തു. ഇതെല്ലാം കണ്ട മരിയ പരിഭ്രാന്തചിത്തയായി ദേവാലയത്തിനു വെളിക്കുചാടി. ആസന്നമായ കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന്റെ നാന്ദിയാണ് ഈ ഭീകരകൃത്യങ്ങളെന്ന് അവർക്കു മനസ്സിലായി. വിപ്ലവപ്രധാനരിൽ ഒരുവനായിരുന്ന, വിപ്ലവത്തിന്റെ നേതൃത്വം വഹിച്ച് പിന്നീടു കുപ്രസിദ്ധനായിത്തീർന്ന, ഒരാളെ സമീപിച്ച് ദേവാലയത്തിൽ നടന്ന അക്രമങ്ങളെ അറിയിച്ചു. അതിന് ആ വിപ്ലവപ്രധാനൻ, ലെനിൻതന്നെ, മറുപടിപറഞ്ഞു: "എനിക്ക് അതറിയാം, ഞാനാണ് അവരെ അതിനു നിയോഗിച്ചത്."

റഷ്യയിലെ ബോൾഷെവിക് വിപ്ലവത്തിന്റെ ഈ പ്രാരംഭരംഗം മോസ്ക്കോയിലെ ദേവാലയത്തിൽ അഭിനയിക്കപ്പെട്ട അതേദിവസത്തിൽ, 1917 മേയ് 13-ാംനു, മാതാവ് പോർത്തുഗാളിലെ ഫാത്തിമായിൽ ആ മൂന്നു കുട്ടികൾക്കു ആദ്യമായി പ്രത്യക്ഷപ്പെട്ടു. ബോൾഷെവിക് വിപ്ലവം റഷ്യയിൽ അതിന്റെ സകല ഭീകരതയോടുംകൂടി പൊട്ടിപ്പുറപ്പെട്ടതു് അക്കൊല്ലം ഒക്ടോബർ മാസത്തിലാണല്ലോ. ആ മാസത്തിൽതന്നെയാണ് മാതാവ് ഫാത്തിമായിലെ കുട്ടികൾക്ക് അവസാനദർശനം നൽകിയതും, ദർശനങ്ങളുടെ യാഥാർത്ഥ്യത്തിനു തെളിവെന്നോണം സൂര്യനൃത്തം മുതലായ അത്ഭുതങ്ങൾ പ്രവർത്തിച്ചതും. ലോകത്തെ ക്രിസ്തുവിലേക്കും ദൈവത്തിങ്കലേക്കും പിന്തിരിപ്പിക്കുവാൻ പര്യാപ്തങ്ങളായ നിർദ്ദേശങ്ങൾ ആ ദർശനങ്ങൾക്കിടയിൽ മാതാവു ലോകത്തിനു നൽകി. എന്നാൽ പഴയതുപോലെ ലോകം അതൊന്നും ശ്രവിച്ചില്ല. തന്റെ തിരഞ്ഞെടുക്കപ്പെട്ട മക്കളായ കത്തോലിക്കർപോലും അതു വേണ്ടവിധം ശ്രവിച്ചില്ല. തന്റെ നിർദ്ദേശങ്ങളെ ലോകത്തിന്റെ പൊതുവിലും കത്തോലിക്കരുടെ പ്രത്യേകിച്ചും ശ്രദ്ധയിൽ പെടുത്തുവാനും, അവയനുസരിച്ചു പ്രവർത്തിക്കുവാൻ അവരെ പ്രേരിപ്പിക്കുവാനും വേണ്ടിയാണ് മാതാവ് ഒരു ലോകപര്യടനം തന്നെ നടത്തുവാൻ നിശ്ചയിച്ചത്.

## നമ്മുടെ സ്വീകരണവും കർത്തവ്യവും

ഫാത്തിമാമാതാവു ഇൻഡ്യയിൽ ആദ്യമായി എഴുന്നള്ളിയിട്ട് ഒരു മാസം കഴിയുന്നതിനുമുൻപ് നമ്മുടെ ഐക്യസംസ്ഥാനം സന്ദർശിക്കുവാൻ തുടങ്ങി. തൃശ്ശൂർ മുതൽക്കുള്ള മാതാവിന്റെ പര്യടനം ഏററവും മഹനീയമായ തോതിൽ നടന്നുകൊണ്ടിരിക്കുന്നു. സ്വാഗ്ഗരാജ്ഞിക്കു യോജിച്ച വിധത്തിൽ ഏററവും ആഘോഷമായും ഭക്തിനിർഭരമായും മാതാവിനെ സ്വീകരിക്കുവാനും അവിടുത്തെ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും കഴിവുള്ള സകല പരിശ്രമങ്ങളും നാം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ആഘോഷങ്ങളുടെ ലഹരിയിൽ കാതലായ കർത്തവ്യം നാം വിസ്മരിക്കരുത്. പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും സന്ദേശമാണ് മാതാവ് ഫാത്തിമായിൽ നൽകിയതെന്നും, ആ സന്ദേശം ദിവ്യരക്ഷകൻ നൽകിയ സന്ദേശത്തിന്റെ ആവർത്തനമാണെന്നും, അവ രണ്ടുമാണ് പാപത്തിൽനിന്നും പാപമാർഗ്ഗങ്ങളിൽനിന്നും വിമുക്തിനേടി ക്രിസ്തുവിനോടും ദൈവത്തോടും കൂടുതൽകൂടുതൽ അടുക്കുവാൻ നമ്മെ സഹായിക്കുന്നതെന്നും നാം ഈ അവസരത്തിൽ പ്രത്യേകിച്ചും അനുസ്മരിക്കണം. പ്രാർത്ഥനയുടെ കൂദാശയായി കുർബാനയും, പ്രായശ്ചിത്തത്തിന്റെ കൂദാശയായി കുമ്പസാരവും ദിവ്യരക്ഷകൻ നമുക്കു പ്രദാനം ചെയ്തിട്ടുണ്ടല്ലോ. ആ കൂദാശകൾവഴിയായുള്ള പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും നമ്മുടെ ഭാഗത്തുനിന്നുള്ള പരിശ്രമങ്ങളുടെ ഫലം മാത്രമല്ല, അവയുടെ തോതനുസരിച്ചു ദിവ്യരക്ഷകനിൽനിന്നു സ്വയമേവയെന്നോണം ലഭിക്കുന്ന ഫലങ്ങളും ഉണ്ടെന്നു നമുക്കറിയാം. അതുകൊണ്ടാണ് ഫാത്തിമാമാതാവിനെ സ്വീകരിക്കുന്നതും വണങ്ങുന്നതും കുമ്പസാരം കുർബാന എന്നീ കൂദാശകൾ ഏററവും സഫലമായി സ്വീകരിച്ചു ആത്മശുദ്ധി വരുത്തിക്കൊണ്ടു വേണമെന്നു് ഫാത്തിമായിലെ മെത്രാൻതന്നെ ഉപദേശിച്ചിട്ടുള്ളതു്. ആകയാൽ ഫാത്തിമാമാതാവിന്റെ സ്വീകരണത്തിലും വണക്കത്തിലും കുമ്പസാരത്തിനും കുർബാനയ്ക്കും നാം പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. സ്വീകരണച്ചടങ്ങുകളിൽ പ്രാമുഖ്യം വഹിക്കുന്ന കമ്മിററിക്കാരും വാളൻറിയറന്മാരും മററുനേതാക്കന്മാരും പ്രത്യേകിച്ചും കുമ്പസാരവും കുർബാനയും വഴിയായും അവരുടെ ആത്മാവിനെ കൂടുതൽ കൂടുതൽ ശുദ്ധീകരിക്കുകയും, ആ ഭക്താഭ്യാസങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ പ്രതിജ്ഞചെയ്യുകയും, അങ്ങനെ ക്രിസ്തീയനീതിയുടേയും സ്നേഹത്തിന്റേയും ചൈതന്യം തങ്ങളിൽ വളർത്തിക്കൊണ്ടിരിക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽമാത്രമേ ഫാത്തിമാമാതാവിന്റെ അത്ഭുതപൂർവ്വകമായ ഈ സന്ദർശനം നമുക്കും നമ്മുടെ സഭയ്ക്കും നമ്മുടെ രാജ്യത്തിനും അനുഗ്രഹദായകമായിത്തീരുകയുള്ളൂ. മാതാവിന്റെ സന്ദർശനം നമ്മുടെ രഹസ്യവും പരസ്യവുമായ ജീവിതത്തിൽ ആദ്ധ്യാത്മികമായ ഒരു പരിവർത്തനംതന്നെ ഉണ്ടാക്കിയിരിക്കുന്നുവെന്ന് ഇതരമതസ്ഥർപോലും സമ്മതിക്കത്തക്കവണ്ണം നമ്മുടെ ജീവിതത്തെ നമുക്കു സമൂലം നവീകരിക്കാം. "സകല പുരുഷാന്തരങ്ങളും എന്നെ അനുഗൃഹീതയെന്നു വിളിക്കും" എന്നു ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുൻപ് മാതാവു ചെയ്ത ദീർഘദർശനം ഒരു യാഥാർത്ഥ്യംതന്നെയാണെന്നു തെളിയിക്കുവാനും, അങ്ങനെ നാം വിശ്വസിക്കുന്ന മാതാവിന്റെ മഹത്വത്തിൽ ഇതരമതസ്ഥർക്കും ബോദ്ധ്യംവരുത്തുവാനും ഏററവും പര്യാപ്തമായ മാർഗ്ഗം ഇതുതന്നെയാണ്.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |



## ചരിത്രചർച്ച

ഫാദർ സി. കെ. മററത്തിന്റെ ഒരു പുതിയ പുസ്തകം

ഡോക്ടർ പി. ജെ. തോമസ്, റവ. ഡോക്ടർ പ്ലാസിഡ്, ശ്രീ കെ. ഇ. ജോബ് എന്നിവരുടെ ആസ്വാദനങ്ങളോടുകൂടിയതു്.

226 പേജുകൾ, വില ക. 1—12—0

മാനേജർ, മാർ ലൂയിസ് പ്രസ്സ്, എറണാകുളം

## കൈപ്പററി

ഐ. എസ്. പ്രസ്സിൽനിന്നും അയച്ചുതന്ന 1950 ലെ മനോഹരമായ കലണ്ടർ കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

# മാതാവിൻെറ ജൈത്രയാത്ര

1949 നവംബർ 27-ാംനു ബോംബെയിലെത്തിയ ഫാത്തിമാമാതൃസ്വരൂപം പിറേറദിവസം ഗോവായിലേക്കു കൊണ്ടുപോയി. ഹുബ്ലി, ബൽഗാം, കാട്ടൂർ മുതലായ സ്ഥലങ്ങളിലെ പര്യടനശേഷം തിരുസ്വരൂപം ഡിസംബർ 15-ാംനു മംഗലാപുരത്തെത്തി. അവിടത്തെ പരിപാടികൾ കഴിഞ്ഞു 18-ാംനു കോഴിക്കോട്ടേക്കും 20-ാംനു കോയമ്പത്തൂരേക്കും യാത്രചെയ്തു.

### തൃശ്ശൂർ

നേരത്തെ പ്രസിദ്ധംചെയ്തിരുന്ന പരിപാടിയനുസരിച്ചു് ലൂർദ്ദ് പള്ളിവികാരി റവ. ഫാദർ അക്കരയും തൃശ്ശൂർ രൂപത ചാൻസലർ റവ. ഫാ. ചിററയത്തും കൂടി ഡിസംബർ 21-ാംനു ഷൊർണ്ണൂർ വച്ചു് തിരുസ്വരൂപം സ്വീകരിച്ചു് തീവണ്ടിമാർഗ്ഗം തൃശ്ശൂരേക്കാനയിച്ചു. രാത്രി ഒമ്പതരമണിക്കു് റയിൽവെ സ്റ്റേഷനിലെത്തിയപ്പോൾ തൃശ്ശൂർ വികാരിജനറാൾ മോൺ. ആൻറണി പുതുശേരി നിരവധി വൈദികരുടെയും നാനാജാതി മതസ്ഥരായ വലിയൊരു ജനസഞ്ചയത്തിൻെറയും സാന്നിദ്ധ്യത്തിൽ തിരുസ്വരൂപത്തിനു സ്വാഗതമരുളി. തദനന്തരം തിരുസ്വരൂപം കാറിൽ ഘോഷയാത്രയായി ലൂർദ്ദ് പള്ളിയിലേക്കു് സംവഹിക്കപ്പെട്ടു. അവിടെവച്ചു് തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമനസ്സുകൊണ്ടു് തിരുസ്വരൂപം സ്വീകരിച്ചു പള്ളിയുടെ മുൻഭാഗത്തു് പ്രത്യേകം സജ്ജമാക്കിയിരുന്ന പീഠത്തിൽ പ്രതിഷ്ഠിച്ചു. അനന്തരം മാതാവിൻെറ വിമലഹൃദയത്തിനുള്ള പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കപ്പെട്ടു. തുടർന്നു് മോൺ. ആൻറണി പുതുശേരി ഉജ്ജ്വലമായ ഒരു പ്രസംഗംചെയ്തു. രാത്രി ഒരു മണിക്കു് ആഘോഷമായ പാട്ടുകുർബാന അർപ്പിക്കപ്പെട്ടു. ഡിസംബർ 22-ാംനു കാലത്തു് തിരുസ്വരൂപം ആഘോഷപൂർവ്വം വ്യാകുലമാതാവിൻെറ പള്ളിയിലേക്കു് ആനയിച്ചു. അവിടെവച്ചു് മെത്രാൻ തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞു് തിരുസ്വരൂപം വേലൂർ ഫൊറോനാപള്ളിയിലേക്കും അവിടെനിന്നു പാലയൂർ ഫൊറോനാപള്ളിയിലേക്കും കൊണ്ടുപോകയും വൈകുന്നേരം തൃശ്ശൂർ വ്യാകുലമാതാവിൻെറ പള്ളിയിലേക്കു തിരികെ കൊണ്ടുവരികയും ചെയ്തു. തുടർന്നു് പ. കുർബാനയുടെ ഒരു മണിക്കൂർ ആരാധനയും ദിവ്യകാരുണ്യവാഴ്‌വും നടത്തപ്പെട്ടു. 23-ാംനു കാലത്തു് 6 മണിക്കു് തിരുസ്വരൂപം കണ്ടശ്ശാങ്കടവു ഫൊറോനാപള്ളിയിലേക്കു കൊണ്ടുപോയി.

### കണ്ടശ്ശാങ്കടവു്

8 മണിക്കു് തിരുസ്വരൂപം കണ്ടശ്ശാങ്കടവിലെത്തി. കമനീയമായലങ്കരിച്ചിരുന്ന പൂപ്പന്തലിൽ സ്വരൂപം പ്രതിഷ്ഠിക്കപ്പെട്ടു. തിരുകർമ്മങ്ങൾക്കുശേഷം തിരുസ്വരൂപം കാരമുക്കു്, കാഞ്ഞാണി, പുത്തൻപീടിക എന്നീ സ്ഥലങ്ങളിൽക്കൂടി പഴുവിൽ ഫൊറോനാപള്ളിയിലേക്കു ആനയിച്ചു.

### ഇരിങ്ങാലക്കുട

പഴുവിൽനിന്നും തിരുസ്വരൂപം 2-30-നു് ഇരിങ്ങാലക്കുട ഠാണാവിൻെറ മുമ്പിലെത്തി. അവിടെനിന്നു ഘോഷയാത്രയാരംഭിച്ചു. ഘോഷയാത്രയ്ക്കുശേഷം, ഇരുപള്ളികളുടെയും മദ്ധ്യത്തിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന പൂപ്പന്തലിൽ തിരുസ്വരൂപം പ്രതിഷ്ഠിക്കപ്പെട്ടു. വിമലഹൃദയപ്രതിഷ്ഠ, പ. കുർബാനയുടെ വാഴ്‌വ്, റവ. ഫാ. തോമസ് മൂത്തേടൻെറ പ്രസംഗം ആദിയായവ കഴിഞ്ഞു് "തീർത്ഥകകന്യക" പൂപ്പന്തലിൽനിന്നു് ഘോഷയാത്രയായി രണ്ടു പള്ളികളും ചുററിയശേഷം 6 മണിക്കു് ഇരിങ്ങാലക്കുട വിട്ടു.

### ഒല്ലൂർ

ഒല്ലൂർ ഫൊറോനാപള്ളിയിലേക്കുള്ള ഘോഷയാത്ര ചിരാച്ചിയിൽവച്ചു് ആരംഭിച്ചു. രാത്രി എട്ടരമണിയോടുകൂടി തീർത്ഥകസ്വരൂപം ദേവാലയത്തിൽ എത്തിച്ചേർന്നു. ലദീഞ്ഞിനുശേഷം വികാരി വെ. റവ. ഡോ. പോൾ കർക്കശേരി ഫാത്തിമാനാഥയ്ക്കു് സ്വാഗതമാശംസിച്ചുകൊണ്ടു് ഒരു പ്രസംഗം ചെയ്തു. 24-ാംനു ഒന്നര മണിക്കു് ആഘോഷമായ പാട്ടുകുർബാന അർപ്പിക്കപ്പെട്ടു. ഏഴു മണിക്കു് പള്ളിയിൽനിന്നും പനങ്കുററിച്ചിറവരെ പ്രദക്ഷിണമായി തിരുസ്വരൂപം ആനയിച്ചു. അവിടെനിന്നും അമ്പഴക്കാട്ടു് ഫൊറോനാപള്ളിയിലേക്കും അവിടെനിന്നു ചാലക്കുടിയിലേക്കും തിരുസ്വരൂപം കൊണ്ടുപോയി.

### കോതമംഗലം

വൈകുന്നേരം കോതമംഗലം ഫൊറോനാപള്ളിക്കാർ തിരുസ്വരൂപം ഏററുവാങ്ങി. വഴിമദ്ധ്യേ കൊരട്ടി, കറുകുററി, അങ്കമാലി, കാലടി, താണിപ്പുഴ, പെരുമ്പാവൂർ, കുറുപ്പംപടി ആദിയായ സ്ഥലങ്ങളിൽ തടിച്ചുകൂടിയിരുന്ന ഭക്തജനങ്ങളുടെ അഭിവാദ്യങ്ങൾ സ്വീകരിച്ചുകൊണ്ടു് ഫാത്തിമനാഥ രാത്രി 10-30-നു് കോതമംഗലത്തെത്തി. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് തദവസരത്തിൽ എറണാകുളം മെത്രാപ്പോലീത്തായുടെ പ്രതിനിധിയെന്ന നിലയിൽ തീർത്ഥകകന്യകയ്ക്കു് ഔദ്യോഗികമായ സ്വീകരണം നല്കി. 11-45നു് ഘോഷയാത്ര പന്തലിൽ എത്തിച്ചേർന്നു. വി. കുർബാനയുടെ വാഴ്‌വും, റവ. ഫാ. ജോൺ മാമ്പിള്ളി അവർകളുടെ പ്രസംഗം എന്നിവയ്ക്കുശേഷം 12-30 നു് മംഗലപ്പുഴ സെമ്മിനരിയിലേക്കു് തീർത്ഥാടനസംഘം പുറപ്പെട്ടു.

### ആലുവ

രാത്രി ഒന്നേമുക്കാൽ മണിക്കു് തിരുസ്വരൂപം മംഗലപ്പുഴ (ആലുവ) സെമ്മിനരിയിലെത്തി. തിരുസ്വരൂപം ചാപ്പലിൽ പ്രത്യേകം അലങ്കരിച്ചിരുന്ന മണ്ഡപത്തിൽ പ്രതിഷ്ഠിക്കുകയും തുടർന്നു് തിരുകർമ്മങ്ങൾ നടത്തുകയും ചെയ്തു. കാലത്തു പത്തര മണിക്കു് തീർത്ഥകകന്യക തോട്ടക്കാട്ടുകരപള്ളി, സെൻറ് ഫ്രാൻസിസ് ചർച്ചു്, ക്ലാരമഠം, സെൻറ് ആൻറണീസ് കൊവേന്ത മുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഉച്ചകഴിഞ്ഞു രണ്ടു മണിക്കു് സെൻറ് ഡൊമിനിക്സ് പള്ളിയിലെത്തിച്ചേർന്നു. 5 മണിക്കു് ഗംഭീരമായ പട്ടണപ്രദക്ഷിണമാരംഭിച്ചു. ഒരു വമ്പിച്ച ജനാവലി അതിൽ പങ്കുകൊണ്ടു. 6 മണിക്കു് ഘോഷയാത്ര സെൻറ് ഡൊമിനിക്സ് പള്ളിയിൽ തിരിച്ചെത്തി. പള്ളിയുടെ മുൻഭാഗത്തു് പ്രത്യേകം സജ്ജമാക്കപ്പെട്ടിരുന്ന അൾത്താരയിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പ. കുർബാനയുടെ വാഴ്‌വു നടത്തി. തുടർന്നു് റവ. ഫാ. തോമസ് നെടുങ്കല്ലേൽ ഒരു പ്രസംഗം ചെയ്തു.

### മഞ്ഞുമ്മൽ

ആലുവായിൽനിന്നു ഏഴു മണിക്കു് തിരുസ്വരൂപം മഞ്ഞുമ്മലേക്കു സംവഹിക്കപ്പെട്ടു. മദ്ധ്യേമാർഗ്ഗം ചിത്രാമിൽസിൻെറ മുമ്പിലും കളമശ്ശേരിയിലും ഇടപ്പള്ളി-മഞ്ഞുമ്മൽ ജംഗ്ഷനിലും തിരുസ്വരൂപംവച്ചു പ്രാർത്ഥന നടത്തുകയും പ്രതിഷ്ഠാജപം ചൊല്ലുകയും ചെയ്തു. തിരുസ്വരൂപം രാത്രി 10 മണിക്കു് മഞ്ഞുമ്മൽ ആശ്രമദേവാലയത്തിലെത്തി. വെ. റവ. ഫാ. ജറോം ടി. ഒ. സി. ഡി. അവർകളുടെ പ്രസംഗം, പ. കുർബാനയുടെ വാഴ്‌വ് ആദിയായവയ്ക്കുശേഷം കുർബാനകളാരംഭിച്ചു. 3 മണിക്കു് ആഘോഷമായ ദിവ്യപൂജ അർപ്പിക്കപ്പെട്ടു. പ. കുർബാനയുടെ ആശീർവ്വാദത്തിനുശേഷം, ആജീവനാന്തം ഭവനങ്ങളിൽ ജപമാല ചൊല്ലിക്കൊള്ളാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ള വിവിധരൂപതകളിലെയും ഇടവകകളിലെയും കുടുംബങ്ങളുടെ പേരുവിവരം അച്ചടിച്ചിരുന്ന സുവർണ്ണപുസ്തകം ഒരു ലഘുപ്രസംഗത്തോടുകൂടി പ്രയർ ജനറൽ വെ. റവ. ഫാ. സിറിൽ ബെർണാർഡ് മാതാവിനു സമർപ്പിച്ചു.

[സ്ഥലച്യുതിക്കുറവാൽ, "തീർത്ഥാടനം" സംബന്ധിച്ച ശേഷംവിവരങ്ങളും മററു പ്രാദേശികവാർത്തകളും അടുത്തലക്കത്തിൽ.]


## VOICE OF ASSISI

Conveys to our modern world the particular spirit and message of the great St. Francis of Assisi, the friend of all: men, beasts and flowers; the lover of Poverty, Joy and Peace. The Voice of Assisi is alive to the problems and the needs of our modern times and our own country. Tertiaries, Catholic Actionists and social workers can profit much from it.

Subscription: Inland Rs. 2/- Foreign Rs. 3/- Be a subscriber to it as a Holy Year Souvenir.

*Apply to:-*

The Manager, Voice of Assisi
Srirangam P. O.



## 1 ഫാത്തിമാ മാതാവിനോടുള്ള പ്രാർത്ഥനകൾ.

വില 0—1—0

ഫാത്തിമാസന്ദേശസംഗ്രഹം, നൊവേന, പ്രതിഷ്ഠ മുതലായവ ഉൾക്കൊള്ളുന്നതു്.

2 ഫാത്തിമാപടങ്ങൾ പലരൂപത്തിൽ വിശേഷതരത്തിലുള്ളതു്. പ്രാർത്ഥനപുസ്തകസൈസിൽ — ആകർഷണീയം.

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ


## വിശുദ്ധ വത്സരോൽഘാടനം

ഡിസംബർ 24-ാംനു പരിശുദ്ധപിതാവു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വിശുദ്ധവത്സരം ഉൽഘാടനം ചെയ്തിരിക്കുന്നു. അന്നു മാർപ്പാപ്പാ തിരുമേനി പത്രോസിൻെറ പിൻഗാമിയുടെ എല്ലാ ചിഹ്നങ്ങളുമണിഞ്ഞു് സേദിയാ ജസ്തത്തോറിയ എന്ന സിംഹാസനത്തിൽ ആരൂഢനായി സപരിവാരം സെൻറ് പീറേറഴ്സ് ദേവാലയത്തിൻെറ മുഖമണ്ഡപത്തിലേക്കെഴുന്നള്ളി. സെൻറ് പീറേറഴ്സിൻെറ കവാടത്തിൽവച്ചു് പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയും മററു പ്രാർത്ഥനകളും നടത്തിയശേഷം തിരുമേനി "നീതിയുടെ കവാടങ്ങൾ എനിക്കായി തുറന്നു തരിക" എന്നു പാടിക്കൊണ്ടു് ഒരു സ്വർണ്ണച്ചുററികയാൽ വാതിലിൽ മുട്ടി കവാടം ഔദ്യോഗികമായി തുറന്നു. ഈയവസരത്തിൽ റോമൻ ദേവാലയങ്ങളിലെ ആയിരത്തിൽപ്പരം മണികൾ 5 മിനിററുനേരത്തേക്കു് കൂട്ടമായടിക്കുകയുണ്ടായി. ഇനി 1950 ഡിസംബർ 24-ാംനുവരെ വിശുദ്ധകവാടം തുറന്നു കിടക്കുന്നതാണു്. ഉൽഘാടനചടങ്ങുകളെല്ലാം വിദൂരദേശങ്ങളിലേക്കു് ടെലവിഷൻ മൂലം പ്രക്ഷേപണംചെയ്തുകൊണ്ടിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണു്.

## കർദ്ദിനാൾ ഗിൽറോയി

ബാംഗ്ളൂർ സൂനഹദോസിലേക്കു പേപ്പൽ പ്രതിനിധിയായി നിയുക്തനായിരിക്കുന്ന സിഡ്നി ആർച്ചുബിഷപ്പ് കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു് ഡിസംബർ 29-ാംനു ബോംബെയിലെത്തിയ അവസരത്തിൽ ഇൻറർനൺഷിയോ, ഡൽഹി മെത്രാപ്പോലീത്താ, 15 മെത്രാന്മാർ, 600-ൽപ്പരം വൈദികർ, നയതന്ത്രപ്രതിനിധികൾ എന്നിവരുൾപ്പെടെ ഒരു വൻപിച്ച ജനസമൂഹം തിരുമേനിക്കു് രാജോചിതമായ ഒരു സ്വീകരണം നല്കുകയുണ്ടായി. ജനുവരി 1-ാംനു ബോംബെ പൗരാവലിയുടെ വകയായി തിരുമനസ്സിലേക്കു് ഔദ്യോഗികമായ ഒരു സ്വീകരണം നല്കപ്പെട്ടു. ജനുവരി 4-ാംനു തിരുമേനി ബാംഗ്ളൂരെത്തുന്നതാണു്. 6-ാംനു ആരംഭിക്കുന്ന ഇൻഡ്യൻ ബിഷപ്പുമാരുടെ പൊതുസമ്മേളനത്തിൽ 52 ആർച്ചുബിഷപ്പുമാരും ബിഷപ്പുമാരും 70 വൈദികപ്രമുഖന്മാരും സംബന്ധിക്കുന്നതാണു്. സമ്മേളനം രണ്ടാഴ്ചത്തേക്കു തുടരുന്നതായിരിക്കും.

## ബാംഗ്ളൂർക്കു്

സൂനഹദോസിൽ സംബന്ധിക്കുന്നതിനായി വരാപ്പുഴ മെത്രാപ്പോലീത്താ, വിജയപുരം, കൊച്ചി, കൊല്ലം, കോട്ടാർ, തിരുവനന്തപുരം, തിരുവല്ല എന്നീ രൂപതയുടെ മെത്രാന്മാർ എറണാകുളം അതിരൂപതാ വികാരിജനറാൾ, ലത്തീൻ കർമ്മലീത്താ ഒന്നാം സഭയുടെയും മൂന്നാം സഭയുടെയും പ്രിയോർ ജനറാളന്മാർ, മംഗലപ്പുഴ സെമ്മിനരിയിലെ റവ. ഫാ. സക്കറിയാസ് എന്നിവർ ജാനുവരി 3-ാംനു വിമാനമാർഗ്ഗം ബാംഗ്ളൂർക്കു് പോയിരിക്കുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ കാർ മാർഗ്ഗവും, തൃശ്ശൂർ, കോട്ടയം മെത്രാന്മാർ തീവണ്ടിമാർഗ്ഗവുമാണു ബാംഗ്ളൂർക്കു പോയതു്.

## നിയമവിരുദ്ധമാക്കി

ഐക്യസംസ്ഥാനത്തെ എല്ലാ കമ്മ്യൂണിസ്റ്റു് സംഘടനകളെയും നിയമവിരുദ്ധമായി പ്രഖ്യാപിച്ചുകൊണ്ടു് ഐക്യസംസ്ഥാനഗവമ്മെൻറു് ഒരു പ്രസ്നോട്ടു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

## ട്രാവലിംഗ് ബുക്ക് ഡിപ്പോ

ഫാത്തിമാരാജ്ഞിയുടെ കേരളസന്ദർശനസ്മാരകമായി ട്രാവലിംഗ് ബുക്കുഡിപ്പോയുടെ പേരു് "ദി ഫാത്തിമാ കപീൻസ് സ്റ്റോർ" എന്നാക്കിയിരിക്കുന്നു. പ്രസ്തുത ബുക്കുഡിപ്പോ മാതാവു സന്ദർശിക്കുന്ന കേന്ദ്രങ്ങളിലെല്ലാം ക്യാമ്പു ചെയ്തു മരിയാഭക്തിസംവർദ്ധകങ്ങളായ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതാണെന്നറിയുന്നു.

## പുതിയ മന്ത്രിസഭ

മന്ത്രിമാരുടെ എണ്ണം കുറയ്ക്കണമെന്നുള്ള പൊതുജനാഭിപ്രായത്തെ ആദരിച്ചു് ഐക്യസംസ്ഥാനമന്ത്രിസഭയിലെ 8 മന്ത്രിമാരും ധനു 18-ാംനു ചീഫ് മിനിസ്റ്ററുടെപക്കൽ രാജി സമർപ്പിക്കുകയും, മെ. എ. ജെ. ജോൺ, പനമ്പിള്ളി ഗോവിന്ദമേനോൻ, ഇ. ജോൺ പീലിപ്പോസ്, എൻ. കുഞ്ഞുരാമൻ എന്നിവരെ ഉൾപ്പെടുത്തിയുള്ള പുതിയ മന്ത്രിസഭ ചീഫ്മിനിസ്റ്റർ ടി. കെ. നാരായണപിള്ള രൂപവൽക്കരിക്കുകയും ചെയ്തിരിക്കുന്നു.

## വിനോദവീഥി

കൊച്ചുജോണിയെ സ്കൂളിൽ ചേർക്കാനായി ചെന്ന അവൻെറ പിതാവു് അദ്ധ്യാപകനോടു: "ജോണിക്കുട്ടിയെ തല്ലേണ്ട ആവശ്യമേ ഉണ്ടാകയില്ല. അവൻ വല്ല കുററവും ചെയ്താൽത്തന്നെ അവൻെറ അടുത്തിരിക്കുന്ന കുട്ടിയെ ഒന്നു തല്ലിയേച്ചാൽ മതി. അവനതു കണ്ടു പേടിച്ചുകൊള്ളും."

അദ്ധ്യാപകൻ: "അങ്ങനെയാകാം. അടുത്തിരിക്കുന്നവനെ പേടിപ്പിക്കേണ്ട ആവശ്യം നേരിടുമ്പോൾ ജോണിയേയും തല്ലിയേക്കാം."

* * *

നവജാതനായ ശിശുവിൻെറ കരച്ചിൽനിമിത്തം അവൻെറ മൂത്ത സഹോദരൻ തോമസിനു അവനെ ഒട്ടും ഇഷ്ടപ്പെട്ടില്ല. ആകയാലവൻ സ്വപിതാവിനോടു ചോദിച്ചു: "അപ്പാ, ഇവനെ എവിടെ നിന്നു കിട്ടി?"

പിതാവു്: "അവനെ ആ മിഡ്‌വൈഫ് കൊണ്ടുവന്നതാണു്."

തോമസു്: "അവളെ ഇനിമേൽ നമ്മുടെ വീട്ടിൽ കയറേണ്ട; അല്ലേ അപ്പാ?"

* * *

അഞ്ചുവയസ്സായ മേരിയോടു ഗൃഹജോലിയിൽ തന്നെ സഹായിക്കാൻ അമ്മ ആവശ്യപ്പെട്ടപ്പോൾ അവൾ പറഞ്ഞതാണു്: "നമുക്കു പങ്കുകൂടണ്ട. അമ്മയുടെ ജോലികളൊക്കെ അമ്മ ചെയ്തോ. എൻെറ ജോലി ഒക്കെ ഞാൻ ചെയ്തോളാം."

# പാപസങ്കീർത്തനം

(2-ാം പേജ് തുടർച്ച)

നുള്ള പ്രതിവിധിയും ഉണ്ടായിരിക്കണം. മരുന്നിന്റെ ആവശ്യകത ഇല്ലാതെവരണമെങ്കിൽ രോഗംതന്നെ അപ്രത്യക്ഷമാകണമല്ലോ.

മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നു വേറൊരു സംഗതികൂടി അനുക്തസിദ്ധമായിട്ടുണ്ടു്. സാധാരണഗതിയിൽ ശ്ലീഹന്മാരുടേയും അവരുടെ അനന്തരഗാമികളുടേയും പരികർമ്മംവഴിക്കല്ലാതെ ആർക്കും പാപമുക്തി ലഭിക്കുക വയ്യെന്നായിരുന്നു രക്ഷകന്റെ ഉദ്ദേശ്യവും നിർദ്ദേശവും. ശ്ലീഹന്മാർക്കു ക്രിസ്തു നൽകിയ വിസ്മയാവഹമായൊരു വിശിഷ്ടാധികാരമാണല്ലോ പാപവിമോചനവരം. ആരുമറിയാതെ ദൈവത്തോടുതന്നെ നേരിട്ടു പാപങ്ങൾ ഏറ്റുപറഞ്ഞു് പൊറുതി പ്രാപിക്കാമെന്നുണ്ടെങ്കിൽ, വല്ലവരും ശ്ലീഹന്മാരേയോ അവരുടെ സ്ഥാനത്തുള്ളവരെയോ എപ്പോഴെങ്കിലും സമീപിക്കുമായിരുന്നുവോ? അങ്ങനെ അവരുടെ പ്രത്യേകാധികാരം ഉപയോഗശൂന്യവും അർത്ഥരഹിതവുമായിത്തീർന്നേനെ. അനുഗ്രഹനിക്ഷേപങ്ങൾ അനുതപിക്കുന്ന പാപികൾക്കു ആവശ്യാനുസരണം തുറന്നുകൊടുക്കുവാൻവേണ്ടിയാണു സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ രാജാധിരാജൻ തന്റെ സർവ്വാധികാര്യക്കാരന്മാർക്കു നൽകിയതു്. അവരെ ആശ്രയിക്കാതെതന്നെ ഓരോ പാപിക്കും യഥേഷ്ടം നിക്ഷേപക്കറ തുറന്നു് ആവശ്യമുള്ളതെടുക്കാമെന്നായാൽ, അവരുടെ കൈയിലുള്ള താക്കോലുകൾകൊണ്ടെന്താണു പ്രയോജനം!

സാധാരണഗതിയിൽ എന്നു പറഞ്ഞതു അർത്ഥത്തോടുകൂടിയാണു്. പുരോഹിതസഹായം നേടുവാൻ നിവൃത്തിയില്ലാത്ത സാഹചര്യങ്ങളുണ്ടായേക്കാം. ദൈവം കരുണാസ്വരൂപനാകയാൽ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

ത്രേസ്യ ആഗസ്റ്റീൻ
മുത്തേടത്തു്

---

പാപങ്ങളെക്കുറിച്ചുള്ള പൂർണ്ണമനസ്താപമുണ്ടെങ്കിൽ ഏതൽഘട്ടങ്ങളിൽ തീർച്ചയായും അവിടുന്നു പാപപ്പൊറുതി നൽകിയനുഗ്രഹിക്കും. കഴിയുംവേഗം പാപസങ്കീർത്തനം കഴിച്ചുകൊള്ളാമെന്നുള്ള ഉദ്ദേശ്യമുണ്ടായാൽമതി. അസാദ്ധ്യമായതൊന്നും സർവ്വേശ്വരൻ അനുശാസിക്കയില്ലല്ലോ.

കൂടാതെ ദൈവത്തിന്റെ പുരോഹിതനു പാപവിമോചനാധികാരമുണ്ടെങ്കിൽ, പാപിക്കു പാപങ്ങളേറ്റുപറയുവാനുള്ള കടമയുമുണ്ടെന്നോർക്കണം. കണ്ടമാനം ആരുടെയും പാപങ്ങൾ പോക്കുവാനുള്ള അധികാരം പുരോഹിതനില്ല. വിവേചിച്ചറിഞ്ഞും വിവേകത്തോടുകൂടിയുംവേണം ഈ ദൈവികാധികാരം കൈകാര്യംചെയ്യുവാൻ. അവശ്യം ആവശ്യമായ വ്യവസ്ഥകൾ നിറവേറ്റാത്തവരെ തള്ളിക്കളയണം; അനുതാപികൾക്കു പാപമോക്ഷം നൽകണം. പക്ഷെ പാപവിമോചനാർത്ഥിയുടെ പാപങ്ങൾ തരംതിരിച്ചറിയാതെ അയാളുടെ ഉള്ളുകള്ളികൾ നോക്കിക്കാണുവാൻ കഴിയുമോ? പാപങ്ങൾ തുറന്നുപറയാതെ പുരോഹിതൻ അവയെ എങ്ങനെ മനസ്സിലാക്കും? ആകയാൽ പാപവിമോചനാധികാരസ്ഥാപനത്തിൽ പാപോച്ചാരണം നടത്തണമെന്നുള്ള വ്യവസ്ഥയും അവശ്യം അന്തർലീനമായിട്ടുണ്ടു്. അപ്പസ്തോലനടപടിയിൽ ഇങ്ങനെയൊരു പ്രസ്താവന കാണാം. "വിശ്വസിച്ചിരുന്നവരിൽ പലരും വന്നു് തങ്ങളുടെ തെറ്റുകൾ അറിയിക്കുകയും, തങ്ങൾ ചെയ്തതു ഏറ്റുപറയുകയും ചെയ്തിരുന്നു." (നട 19, 18) അപരാധങ്ങൾ സമ്മതിച്ചുപറയുവാൻ ബാദ്ധ്യതയില്ലായിരുന്നുവെങ്കിൽ അവർ അപ്രകാരം ചെയ്യുമായിരുന്നില്ല. വി. യോഹന്നാൻ പറയുന്നു: "നമ്മുടെ പാപങ്ങൾ നാം ഏറ്റുപറയുന്നുവെങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിക്കുവാനും, നമ്മുടെ സകല ദുഷ്ടതകളിൽനിന്നും നമ്മെ ശുദ്ധീകരിപ്പാനും തക്കവണ്ണം അവൻ വിശ്വസ്തനും നീതിമാനുമാകുന്നു." (1 യോ. 1, 9.)

(പി. കെ.)

# ദനഹാ തിരുനാൾ

(വക്കീൽ സിറിയക്ക് കണ്ടത്തിൽ)

ദൈവികപ്രചോദനത്താൽ പൗരസ്ത്യരായ മൂന്നു വിജ്ഞാനികൾ രക്ഷകന്റെ ജനനം അറിഞ്ഞു് അവിടുത്തേക്കു കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചു് ആരാധിച്ചതിന്റെ സ്മരണയെ നിലനിർത്തുന്നതിനു കൊണ്ടാടുന്ന തിരുനാളാണല്ലോ "ദനഹാ". പൂർവ്വപുരാതനന്മാരായ മൂന്നു വിജ്ഞാനികൾ നമ്മുടെ മുന്നോടികളായി സത്യവിശ്വാസം സ്വീകരിക്കുകയും സത്യദൈവത്തെ ആരാധിക്കയും ചെയ്തുവെന്നുള്ളതു് നമ്മെ സംബന്ധിച്ചിടത്തോളം പരമപ്രാധാന്യമർഹിക്കുന്ന ഒരു സംഭവമായി പരിഗണിക്കേണ്ടിയിരിക്കുന്നു. അസൂയ, മാത്സര്യം, കൊലപാതകം, അനാചാരം, ക്രൂരത, അസന്മാർഗ്ഗം, അഹങ്കാരം എന്നിങ്ങനെ സർവ്വദുർഗ്ഗുണങ്ങളിലും നിപതിച്ചിരുന്ന നമ്മുടെ പൂർവ്വഗാമികളായ പുറജാതിക്കാരെ ആ ദുരവസ്ഥയിൽനിന്നും ദൈവം പ്രത്യേകകാരുണ്യത്താൽ ഉദ്ധരിക്കാതിരുന്നെങ്കിൽ നമ്മുടെ ഇന്നത്തെ സ്ഥിതിയും എത്രയധികം കഷ്ടതരമായിരിക്കുമായിരുന്നു.

പുറജാതികളെ ഏറിയശതാബ്ദങ്ങൾക്കു മുമ്പുതന്നെ സത്യവിശ്വാസത്തിലേക്കു് ആഹ്വാനംചെയ്തിരുന്ന ദാവീദു്, ഏശയ്യാ എന്നീ ദീർഘദർശികളുടെ പ്രവചനങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. തന്റെ ദിവ്യകുമാരന്റെ അവതാരം ഒരു രാജ്യത്തിനോ വർഗ്ഗത്തിനോ മാത്രമല്ല, സകല വർഗ്ഗങ്ങൾക്കും സമസ്തലോകത്തിനും രക്ഷാകരമായിത്തീരണമെന്നായിരുന്നു നിത്യപിതാവിന്റെ ഉദ്ദേശം. ആകയാൽ രക്ഷകന്റെ ജനനവാർത്ത അടുത്തും അകലേയും ഒരുപോലെ പ്രചരിപ്പിക്കപ്പെട്ടു. ദൈവദൂതന്മാർ ഈ മഹൽസന്ദേശവാഹകന്മാരായി ആട്ടിടയന്മാരുടെ പക്കലേക്കു യാത്രയായി. ആഹ്ലാദകരമായ ഈ വാർത്തയെ ഉച്ചൈസ്തരം ഉൽഘോഷിക്കുമാറു് ഉദയംചെയ്ത നക്ഷത്രം പൗരസ്ത്യരായ പുറജാതിക്കാർക്കു ഈ വിഷയത്തിൽ വേണ്ടത്രവിജ്ഞാനം നല്കി. രക്ഷാകരമായ വാർത്തയെ വിളംബരംചെയ്ത ആ കനകതാരം പലരുടെ ദൃഷ്ടിക്കും ഗോചരീഭവിച്ചെങ്കിലും, രക്ഷകനെ കാണാനും ആരാധിക്കുവാനും പോയവരുടെ സംഖ്യ തുലോം നിസ്സാരംതന്നെ. പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും സ്വാർത്ഥതാല്പര്യങ്ങളെയുംകൂട്ടാക്കാതെ ദിവ്യാഹ്വാനത്തിനു തലകുനിച്ച ആ രാജാക്കന്മാരുടെ മാതൃക അനുകരണത്തിന്റെ പ്രേരണക്കെതിരായി പരിശുദ്ധജീവിതം വെടിയുന്ന നമ്മുടെ കണ്ണുകളെ തുറപ്പിക്കട്ടെ!

നക്ഷത്രത്താൽ ആനീതരായി ആ വിജ്ഞാനികൾ ജറുസലേമിൽ എത്തിയപ്പോൾ ആ നക്ഷത്രം പെട്ടെന്നു അപ്രത്യക്ഷമായി. ദുഷ്കരമായ സഞ്ചാരം അവസാനിച്ചു് ഉദ്ദിഷ്ടലക്ഷ്യസ്ഥാനത്തു എത്തിച്ചേർന്നു് നവജാതനായ രാജകിശോരനെ ദർശിച്ചു് മനം കുളിർപ്പിക്കാം. രാജധാനിയിൽ പ്രവേശിക്കുന്നതോടുകൂടി എല്ലാ മുക്കിലും മൂലയിലും ആഹ്ലാദഭരിതരായ പ്രജകളുടെ ഭക്തിപ്രകടനങ്ങൾ കാണാം. രക്ഷകനായ രാജകുമാരന്റെ ജനനത്താൽ പാവനമാക്കപ്പെട്ട കീർത്തിദ്യോതിയ രാജകൊട്ടാരത്തിലേക്കുള്ള വഴി നിഷ്പ്രയാസം കണ്ടുപിടിക്കാം—അവരുടെ ഹൃദയങ്ങളിൽ അലതല്ലിയ വിചാരപരമ്പരകൾ. എന്നാൽ ഈ ലക്ഷണങ്ങളൊന്നും കാണാതെ അവർ നിരാശാഭരിതരാകുകയാണുണ്ടായതു്. കൊട്ടാരവും നഗരവും അതാതിന്റെ ആനന്ദത്തിന്റെയും ആമോദത്തിന്റെയും സരണികളിൽക്കൂടി യഥേഷ്ടം ചരിച്ചുകൊണ്ടിരുന്നതേയുള്ളു. അപ്രതീക്ഷിതമായ ഈ വിഷമഘട്ടത്തിൽ ക്ഷീണിതരായിത്തീർന്ന ആ പഥികർ എന്താണു ചെയ്യേണ്ടതു്? മാനുഷിക മുൻകരുതലുകളാണോ അവരെ നയിച്ചതു്? കൊലയും കലാപവും നിത്യതൊഴിലാക്കിയിരുന്ന കശ്മലന്മാരുടെ വലയിൽ ചാടാതെ അവരുടെ പ്രശസ്തിയെ പരിരക്ഷിച്ചു് രക്ഷപെട്ടു് ആരും അറിയാതെവന്നവഴിയെ തിരികെപോകുന്നതിനു അവർക്കു് അനുഭവപ്പെട്ട ഇച്ഛാഭംഗം ധാരാളം മതിയായിരുന്നു. എന്നാൽ പുണ്യത്തിന്റെ വിജയപാഥ പരീക്ഷണങ്ങളും യാതനകളുമാണെന്നറിയാനെന്താണു് പ്രയാസം? ആ അസാധാരണമാർഗ്ഗദർശി അപ്രത്യക്ഷമായതോടുകൂടി ദൈവത്താൽ തങ്ങൾ പരിത്യക്തരായെന്നുപോലും അവർക്കു് ഉൽകണ്ഠയുണ്ടായി. എങ്കിലും വഴി ചോദിച്ചറിഞ്ഞു യാത്രതുടരാമെന്നുള്ള സാധാരണരീതിതന്നെ അവരും അവലംബിക്കുകയത്രെ ചെയ്തതു്. ദൈവികാഹ്വാനത്തെ തുടർന്നു ചെയ്ത ദൃഢനിശ്ചയത്തിൽനിന്നും അവർ ലേശവും ഇളകിയില്ല. പ്രത്യാശയോടും വിനയത്തോടുംകൂടി ആ നഗരത്തിൽ അന്വേഷിച്ചു നടന്നു് നടന്നു് ഒടുവിൽ "യഹൂദന്മാരുടെ രാജാവു് ജനിച്ചിരിക്കുന്നതു് എവിടെയാണു്?" എന്ന ചോദ്യവുമായി ക്രൂരനായ ഹേറോദേസിന്റെ കൊട്ടാരംവരെ അവർ എത്തി. പരീക്ഷണഘട്ടങ്ങളിൽ ദൈവം നമുക്കു് നൽകിയിട്ടുള്ള ആദ്ധ്യാത്മികോപദേഷ്ടാക്കളുടെ ഉപദേശം ആരായേണ്ടതാണെന്നു് ആ പൗരസ്ത്യരാജാക്കന്മാരുടെ മാതൃക നമ്മെ പഠിപ്പിക്കുന്നില്ലേന്നോ? അങ്ങനെയുള്ളവരുടെ ഉപദേശം അനുസരിച്ചാൽ യഹൂദപുരോഹിതന്മാരുടെ നിർദ്ദേശപ്രകാരം മൂന്നു

---

*For favours received.*



By A Teacher, Irinjalakuda.

---

രാജാക്കന്മാർ ബത്‌ലഹമിൽ പ്രവേശിച്ചതുപോലെ നാമും ദൈവസന്നിധിയിൽ ചെന്നുചേരുമെന്നതിൽ സംശയമുണ്ടോ?

യഹൂദവംശം മുഴുവൻ വിശ്വസിച്ചിരുന്നതു് മിശിഹാ അവരുടെ ഇടയിലേ ജനിക്കുകയുള്ളുവെന്നാണു്. എന്നാൽ ഹേറോദേശിന്റെ ആജ്ഞപ്രകാരം "യഹൂദകൗൺസിലിന്റെ" ഈ വിഷയത്തിലുള്ള വിദഗ്ദ്ധാഭിപ്രായം വ്യക്തമാക്കപ്പെട്ടു. അവർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതു് മിശിഹായുടെ ജനനംകൊണ്ടു് മാനിക്കപ്പെടുന്നതു് ബത്‌ലേഹം ആയിരിക്കുമെന്നത്രെ.

സാമാന്യജനങ്ങളെപ്പോലെതന്നെ ഹേറോദേസും ക്രിസ്തുവിനെ ഒരു ഭൗമികരാജാവായി സങ്കല്പിക്കുകയാണുണ്ടായതു്. ആകയാൽ തന്റെ എതിരാളിയും കിരീടാവകാശിയുമായ ക്രിസ്തുവിന്റെ ജനനവാർത്ത കേട്ടു് ഹേറോദേസ് ഞെട്ടുകയും പരിഭ്രാന്തനാകുകയും ചെയ്തു. സൗഭാഗ്യകരമായ ഈ വാർത്ത കേട്ടു് ആനന്ദത്തിൽ ആറാടുന്നതിനുപകരം ജറുസലേം മുഴുവൻ ഹേറോദേസിനോടൊപ്പം ആപൽശങ്കയാലും നാശഭീതിയാലും ഉൽകണ്ഠാകുലമായിത്തീർന്നു. അവരുടെ നികൃഷ്ടമായ മനോഗതിയെ നാം വെറുക്കുന്നുവെന്നുള്ളതിനു സംശയമില്ല. എന്നാൽ മനുഷ്യമേന്മയെ ഹനിക്കുന്ന കടുത്ത ദുർഗ്ഗീയതകൾ ഇന്നും രാജകൊട്ടാരങ്ങളിലും നഗരങ്ങളിലും നടമാടുന്നില്ലയോ? ആ ദിവ്യപൈതൽ ഭൂതലത്തിലേക്കു് കാലുകുത്തിയതു് ഹേറോദേസിന്റെ ഭൗതികസിംഹാസനം അപഹരിക്കുവാനാണെന്നു വിചാരിച്ചതു് എത്രയോ വലിയ ഭോഷത്തമാണു്! എന്നാൽ രാജാധിരാജനായ അവിടുന്നു തിരുവവതാരംചെയ്തതു് അഭൗമികവും സനാതനവുമായ ഒരു സിംഹാസനം ഹേറോദേസിനു സംഭാവനചെയ്യുന്നതിനും നശ്വരമായ ലോകകാര്യങ്ങളിൽ സ്ഥായിയായ താല്പര്യം ഉറപ്പിക്കരുതെന്നു പ്രബോധിപ്പിക്കുന്നതിനുമാണല്ലോ. ദൈവത്തിനെതിരായിത്തന്നെ കെണികൾ ഇണക്കിയ ഹേറോദേസിന്റെ ബുദ്ധിശൂന്യത എത്രയോ ലജ്ജാകരം!! ഇന്നും അഭിനവ ഹേറോദേസുകളെ നാം കാണുന്നില്ലയോ? തങ്ങളുടെ ഹൃദയസിംഹാസനങ്ങളിൽനിന്നും രക്ഷകനെ ബഹിഷ്കരിക്കുന്നവർ എങ്ങനെയുള്ളവരാണു്?

തന്നെ അഭിമുഖീകരിക്കുമെന്നു് ഭയപ്പെട്ടിരുന്ന അധഃപതനത്തെ തടയുവാൻ ആ മൂർഖൻ ചില കൗടില്യങ്ങളെല്ലാം പ്രയോഗിച്ചുനോക്കി. ആ രാജശിശുവിനെ വധിക്കുന്നതിനു തനിക്കും അത്യധികമായ അഭിലാഷമുണ്ടെന്നുള്ള നാട്യത്തിൽ ആ വിജ്ഞാനികൾ തിരിച്ചുവന്നു തന്നെ കണ്ടിട്ടേ പോകാവൂ എന്നു ചട്ടംകെട്ടി. യഹൂദകൗൺസിലിന്റെ നിർദ്ദേശപ്രകാരം ആ വിജ്ഞാനികൾ ബത്‌ലഹമിലേക്കു് പ്രയാണം ചെയ്തു. അവർ ജറുസലേം വിട്ടതോടുകൂടി ആ പഴയ നക്ഷത്രത്തെ ദൈവം ഉദയംചെയ്യിക്കുകയും ആയതിനെ അനുധാവനംചെയ്തു രക്ഷകന്റെ പാവനസന്നിധിയിൽ എത്തുകയും ചെയ്തു. രക്ഷകന്റെ ജനനംകൊണ്ടു് ലോകത്തിലുള്ള സകല രാജകൊട്ടാരങ്ങളെക്കാൾ മഹനീയമായിത്തീർന്നിരുന്ന ആ പാഴ്കുടിലിൽ ആ ഭക്തധീരർ പ്രവേശിച്ചു് ദിവ്യജനനിയേയും പുണ്യപൈതലിനേയും കണ്ടു് സാഷ്ടാംഗപ്രണാമം ചെയ്തു കൃതജ്ഞതയും ഭക്തിയും പരിത്യാഗവും നിറഞ്ഞ ചിന്തകളോടുകൂടി ആ അത്ഭുതരാജനു ആത്മാർപ്പണം ചെയ്തു. രാജോചിതമല്ലാതിരുന്ന സാഹചര്യങ്ങൾക്കോ ദരിദ്രാവസ്ഥയ്ക്കോ ആ ഭക്തശിരോമണികളുടെ ദൃഢനിശ്ചയത്തേയും വിശ്വാസസ്ഥിരതയേയും ലേശവും ഭംഗപ്പെടുത്തുന്നതിനു കഴിഞ്ഞില്ല. രാജാക്കന്മാരെ കാണുമ്പോൾ കാഴ്ചദ്രവ്യം സമർപ്പിക്കണമെന്നുള്ള പൗരസ്ത്യാചാരപ്രകാരം ആ വിദ്വാന്മാർ ത്രൈലോക്യരാജനായ ക്രിസ്തുവിനു സ്വർണ്ണവും കുന്തിരിക്കവും മീറയും ഉപഹാരമായി സമർപ്പിച്ചു. ഏവംവിധം ആചാരോപചാരങ്ങൾ പ്രകാശിപ്പിച്ചതിനുശേഷം ആ വിദ്വച്ഛിരോമണികൾ സ്വദേശത്തേക്കു് ജറുസലേംവഴി തിരിക്കുന്നതിനു മുതിർന്നപ്പോൾ ഹേറോദേസിന്റെ നീചോദ്ദേശവും കാപട്യവും മനസ്സിലാക്കിയിരുന്ന പരാപരൻ ഒരു പ്രത്യേക അറിയിപ്പു നൽകിയതിനാൽ അവരുടെ വിശ്വാസത്തിനും വരപ്രസാദസ്ഥിതിക്കും മാലിന്യം ഭവിക്കാതെ മറ്റൊരു മാർഗ്ഗത്തിൽക്കൂടി അവർ മടങ്ങി. ദൈവം നമുക്കു് സംഭാവനംചെയ്തിരിക്കുന്ന വരപ്രസാദങ്ങളെ നഷ്ടപ്പെടുത്താതിരിക്കുവാൻ പാപപങ്കിലമായ സരണികളിൽനിന്നും ഇപ്രകാരം വളരെ വിദൂരത്തിൽക്കൂടി ജീവിതയാത്ര ചെയ്തു നാം വിജയമകുടം ചൂടേണ്ടിയിരിക്കുന്നു.

ആ പൗരസ്ത്യവിദ്വാന്മാർ അവരുടെ ശിഷ്ടജീവിതം ദൈവസേവനത്തിൽ കഴിച്ചുകൂട്ടിയെന്നുള്ളതു് നിർവ്വിവാദമായ സംഗതിയാണു്. പേർഷ്യയിൽവെച്ചു് തോമാശ്ലീഹാ അവരെ ജ്ഞാനസ്നാനപ്പെടുത്തിയെന്നും അവർ പ്രേഷിതജോലി സ്തുത്യർഹമായി നിർവഹിച്ചുവെന്നും പ്രാമാണികനായ ഒരു ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു.

---

## പരിശുദ്ധ പിതാവിനു്

നവവത്സരാശംസകൾ

വത്തിക്കാനിലെ ഇൻഡ്യൻ സ്ഥാനപതി മി. ദേശായിയുൾപ്പെടെ നാല്പതു വിദേശനയതന്ത്ര പ്രതിനിധികൾ പരിശുദ്ധ പിതാവിനെ മുഖം കാണിച്ചു നവവത്സരാശംസകൾ സമർപ്പിച്ചിരിക്കുന്നു.

# ജപമാലയിലെ കവിത

(മിസ്സ് കുഞ്ഞമ്മ ജോസഫ് പഴയകടവിൽ, കോളേജ് വിദ്യാർത്ഥിനി)

(തുടർച്ച)

നിസ്സാരമായ ഈ ലോകത്തിൽ സുഖത്തോടുകൂടി ദുഃഖവും സമ്മിശ്രമാണെന്നും ആത്മസംയമനം ലഭിച്ചു് നിത്യശാന്തിയെ പ്രാപിക്കണമെങ്കിൽ ശരീരസുഖത്തെ പരിത്യജിക്കണമെന്നുമാത്രമല്ല, ചിലപ്പോൾ പൂർണ്ണമായി ശരീരത്തെ ബലിയായി അർപ്പിക്കുകൂടി വേണ്ടിവരുമെന്നുമുള്ള വസ്തുതകളാണ് ദുഃഖരഹസ്യങ്ങളിൽ നമ്മെ ഉൽബോധിപ്പിക്കുന്നതു്. മനോവേദന, ശരീരത്തിന്റെ അസ്വാസ്ഥത, പീഡകൾ, വിഷമതകൾ, കഷ്ടതകൾ ഇതെല്ലാം മനുഷ്യരോടുകൂടി എന്നാളും ഉള്ളതാണ്. ഇതിനുള്ള കാരണം പാപമല്ലാതെ മറെറാന്നുമല്ലതാനും. "പറുദീസ" എന്ന തോട്ടത്തിൽവച്ചു് പാപം ഭൂമുഖത്തു പ്രത്യക്ഷപ്പെട്ടു. അതിന്റെ പരിഹാരം മറെറാരു തോട്ടത്തിൽവച്ചു് ആരംഭിക്കുന്നു. കവിഹൃദയം എത്ര മനോഹരമായിരിക്കുന്നു എന്നു കണ്ടാലും! സാധാരണരീതിയിൽ മനുഷ്യഹൃദയത്തിനു ആനന്ദം പ്രദാനംചെയ്യേണ്ടതായ ഒരു തോട്ടത്തിൽ, അതേ ഒരു പൂങ്കാവനത്തിൽവച്ചു്, മനുഷ്യജാതിയുടെ പാപത്തെപ്പററിയുള്ള ചിന്ത കഥാപുരുഷനെ ചോരവിയർപ്പിക്കുന്നതിനുപോലും ഇടയാക്കുന്നു. ഇളംകാററിന്റെ സൗരഭ്യം പാറേണ്ടതായ ആ പ്രദേശം ദിവ്യപുരുഷന്റെ രക്തത്തുള്ളികൾകൊണ്ടു് പൂശപ്പെടുന്നു. ജീവിതനാടകത്തിലെ ദുഃഖരംഗങ്ങളിലേക്കു നാം തന്നിമിഷം പ്രവേശിക്കുന്നു. പീലാത്തോസിന്റെ അരമനയിൽ യേശുവിനെ വിസ്തരിക്കുന്നതും, പരിഹാസരാജാവായി അവിടുത്തെ കോലംകെട്ടിക്കുന്നതും, ക്രൂശും തോളിൽ ഏന്തിച്ചു് യാത്രചെയ്യിക്കുന്നതും, കാൽവരിമലമുകളിൽ നഗ്നരൂപത്തിൽ ഇരുമ്പാണികളാൽ കുരിശിൽത്തറച്ചു് വധിക്കുന്നതും മററുമായ രംഗങ്ങൾ ധ്യാനമാകുന്ന സിനോട്ടോഗ്രാഫിലൂടി ഹൃദയമാകുന്ന തിരശീലയിൽ നമ്മുടെ കൺമുമ്പാകെ പ്രത്യക്ഷപ്പെടുന്ന അവസരത്തിൽ താപത്താൽ വിറവൽകൊള്ളാത്ത ശരീരം ഏതാണുള്ളതു്? കവിതയുടെ മാഹാത്മ്യം ജീവിതദശകളെ പ്രതിബിംബിപ്പിക്കുകയാകുന്നുവല്ലോ. സകല സന്തോഷങ്ങൾക്കിടയിലും കള്ളന്മാരെപ്പോലെ ഒളിച്ചോടിനടക്കുന്ന ജീവിതമഹാവിപത്തുകളെ ഭയന്നു് നാം കാലഗതിയെ മുന്നോട്ടുനയിക്കുന്ന വസ്തുത ഈ ദുഃഖരഹസ്യങ്ങളിൽ സ്പഷ്ടമായി പ്രത്യക്ഷപ്പെടുന്നു. പാപം കാരണത്താൽ മാത്രമാണു് ദുഃഖവും മരണവും ഭൂമുഖത്തുണ്ടായിട്ടുള്ളതെങ്കിലും കഷ്ടതകളും മരണവും ഉത്തമന്മാൎക്കുപോലും ദൈവം നിശ്ചയിച്ചിട്ടുള്ള ഒരു വഴിയാണെന്നുള്ള ജീവിതതത്വവും കവി ഇവിടെ പഠിപ്പിക്കുന്നുണ്ടു്.

എന്നാൽ ഭൂമിയിൽ സന്തോഷംപോലെ ദുഃഖവും നിസ്സാരങ്ങളാണെന്നും, രണ്ടും ഒരുപോലെ കടന്നുപോകുന്നവമാത്രമാണെന്നും, ദുഃഖത്തേയും മരണത്തേയും ജയിക്കുവാൻ മനുഷ്യനു ശക്തിയുണ്ടെന്നും, ദൈവികശക്തിയും മനുഷ്യശക്തിയുംകൂടി യോജിക്കുമ്പോൾ മനുഷ്യനിൽ ഉണ്ടാകുന്ന മഹാപരിവൎത്തനമാണു് സാക്ഷാൽ മഹിമയും പ്രതാപവുമെന്നുമുള്ള ഈ കവിതയിലെ മൎമ്മഭാഗത്തിലേക്കാണു് നാം ഇനി പ്രവേശിക്കുന്നതു്. യേശു ഉയൎത്തതുപോലെ ആ ദിവ്യനെ പിന്തുടൎന്നാൽ മനുഷ്യർ ആസകലം നിത്യജീവനിലേക്കു ഉയൎത്തെഴുന്നേൽക്കുമെന്നും മററുമുള്ള സാക്ഷാൽ ജീവൽസാഹിത്യം ജനങ്ങൾക്കു പ്രദാനംചെയ്തു് നാല്പതുദിവസംകൂടി യേശുനാഥൻ ഭൂമിയിൽ കഴിച്ചുകൂട്ടുന്ന ഭാഗവും അതിനുശേഷം അവിടുന്നു സ്വൎഗ്ഗാരോഹണംചെയ്യുന്ന ഘട്ടവും, പിന്നീടു് പരിശുദ്ധാത്മാവിനെ തീനാക്കുകളുടെ രൂപത്തിൽ സെഹിയോൻ ഊട്ടുശാലയിലേക്കു അയക്കുന്നകാൎയ്യവും, കഥാനായികയെ സ്വൎഗ്ഗത്തിലേക്കു ആനയിച്ചു് ത്രിലോകങ്ങളുടേയും റാണിയായി പട്ടാഭിഷേകംചെയ്യുന്ന വസ്തുതയും മനസ്സിൽ ഉദിക്കുന്ന അവസരത്തിൽ ആദ്ധ്യാത്മികചിന്തയിൽ ലയിച്ചു് രോമാ[illegible]?

ഇതാ കഥാപുരുഷനും നായികയും സ്വൎഗ്ഗപ്രവേശംചെയ്തു കഴിഞ്ഞിരിക്കുന്നു. ജീവിതമഹായുദ്ധത്തിൽ നല്ലവണ്ണം പോരാടി ജയപ്രതാപത്തിലാണു് അവർ ആ സ്ഥലത്തു എത്തിയിട്ടുള്ളതു്. ജപമാലയിൽക്കൂടി നാമും സ്വൎഗ്ഗവാതുക്കൽ എത്തിച്ചേൎന്നിട്ടുണ്ടു്. എന്നാൽ നാം അവിടെ എത്തുന്നതു് കവിയോടുകൂടി ആദ്ധ്യാത്മികചിന്തയിലും മാനസികവ്യാപാരത്തിലും മാത്രമാകയാൽ പടികാവൽക്കാരായ സ്വൎഗ്ഗാരൂപികളുടെ ആശ്രയംകൂടാതെ നമുക്കു് അവിടെ പ്രവേശനം ലഭിക്കുന്നതല്ല. മുഖ്യദൂതന്മാരെയും അപ്പസ്തോലന്മാരെയും പൂൎവ്വപിതാക്കളേയും നമ്മെ സഹായിക്കുന്നതിനും വഴികാട്ടുന്നതിനും വേണ്ടി നാം ക്ഷണിക്കുന്നു. ജപമാലയിലെ കവിത പൂൎണ്ണമായി നിൎഗ്ഗളിക്കുന്ന ഭാഗങ്ങളാണു് ശേഷിച്ചിട്ടുള്ളതു്. വിജയിയായ ഒരു യോദ്ധാവു് കീൎത്തനങ്ങൾ പാടി, ജയഭേരിമുഴക്കി, സന്തുഷ്ടിയിൽലയിച്ചു് വാഗ്ദാനത്തിന്റെ നാട്ടിൽ പ്രവേശിക്കുന്ന മനോഭാവത്തിൽ കവി നമ്മെ സ്വൎഗ്ഗത്തിലേക്കു നയിക്കുന്നു. ലുത്തിനിയായിലാണു് ജപമാലയിലെ കവിതാമാധുൎയ്യം അതിന്റെ മനോഹരതയിൽ നാം ദൎശിക്കുന്നതു്. അതിലെ ഓരോ പദവും അൎത്ഥസംപൂൎണ്ണമാണു്. ഓരോ വരികളും സാഹിത്യം നിറഞ്ഞവയാണു്. വാസനാകവികൾക്കു് ഇതിൽ ഉൽകൃഷ്ടമായി ആശയപൂരിതമായ ഒരു കീൎത്തനം കണ്ടുമുട്ടാവുന്നതല്ല.

പുണ്യരൂപമെടുത്ത നിൎമ്മലകന്യക, മിശിഹായുടെ മാതാവു്, പ്രസാദവരദായിക എന്നിത്യാദിപദങ്ങളുടെ അലങ്കാരവിശേഷം എത്ര മഹത്തായിരിക്കുന്നു എന്നു ചിന്തിക്കുക. ലുത്തിനിയായിലെ കവിതാരസം പൂൎണ്ണരൂപത്തിൽ വിവരിക്കുന്നതിനു് എനിക്കു പ്രാപ്തിയില്ലല്ലോ എന്നോൎത്തു ഞാൻ കുണ്ഠിതപ്പെടുന്നു. സ്നേഹഗുണപാത്രവും അത്ഭുതവിഷയവും ആയ സൽബുദ്ധിയുടെ മാതാവു്, സൃഷ്ടിക്കുന്നവനും രക്ഷിക്കുന്നവനുമായ വിശുദ്ധ ത്രിത്വത്തിന്റെ രൂപം ദൈവവരപ്രസാദംവഴി പ്രകാശയോഗ്യമായവിധത്തിൽ നമ്മെ കാണിക്കട്ടെയെന്നു് ഈ അവസരത്തിൽ പ്രാൎത്ഥിക്കുന്നതു് സന്ദൎഭോചിതമല്ലയോ? ശക്തിയും ദയയും ഉള്ള ആ കന്യകയിൽ ലോകത്തിനുവേണ്ടി കവി തന്റെ വിശ്വാസത്തെ അൎപ്പിക്കുന്നു. നീതിയുടെ കണ്ണാടിയിൽക്കൂടി ആ ജ്ഞാനസിംഹാസനത്തെ ഇന്നത്തെ ലോകായതികന്മാർ കണ്ടിരുന്നുവെങ്കിൽ ലോകസമാധാനത്തിനു് അതു കാരണമാകുമായിരുന്നു. ആത്മജ്ഞാനപൂരിതവും ബഹുമാനപാത്രവും അത്ഭുതവിഷയവും ആയ ദിവ്യപുഷ്പത്തിന്റെ മനോജ്ഞത ഏതു തരത്തിലാണു വിവരിക്കേണ്ടതു് എന്നറിയാതെ ഞാൻ കുഴങ്ങുന്നു. ദാവീദിന്റെ കോട്ടയും വാഗ്ദാനത്തിന്റെ പേടകവും ആയ സ്വൎണ്ണാലയത്തിൽ നെരുപോലുള്ള പ്രസാദവരംകൊണ്ടു് ഒരു ചെറുകോട്ടയെ മനുഷ്യരുടെ രക്ഷയ്ക്കായി സൃഷ്ടിച്ചാൽ കൊള്ളാമെന്നു ലുത്തിനിയാരചനയിൽ ഞാൻ വിചാരിച്ചുപോകുന്നു. ആകാശവാതിലുകളിലേക്കു വഴികാട്ടിയായി ഉദയംചെയ്യുന്ന ഉഷഃകാലനക്ഷത്രത്തിന്റെ പ്രകാശത്തിൽ പാപത്തിന്റെ താഴ്‌വരയിൽനിന്നു് ശത്രുരഹിതമായ ആശ്വാസസ്ഥലത്തേക്കു് കടക്കുന്നതിനു് ക്രിസ്ത്യാനികളുടെ സഹായകയായ ആ നിൎമ്മലമാതാവിനോടു് ഞാൻ യാചിക്കുന്നു. വിശിഷ്യ ഇന്നത്തെ ലോകം കൊതിക്കുന്ന സമാധാനം കൈവരട്ടെ എന്നു് ഈ രാജ്ഞിയോടു ഞാൻ കേണപേക്ഷിക്കുന്നു.

ഭൂലോകപാപങ്ങളെ നീക്കംചെയ്യുന്ന ദിവ്യച്ചെമ്മരിയാട്ടിൻകുട്ടിയേയും തന്റെ വിശുദ്ധ മാതാവിനേയുംപററി ഇതിലും ഭംഗിയായവിധത്തിൽ ഒരു കവിത എഴുതുവാനൊ, വായിച്ചു കേൾക്കുവാനൊ നമുക്കു സാധിക്കുകയില്ല. ഈ തത്വം ഒരു ചിന്താവിഷയമായി സാഹിത്യലോകത്തിൽ ഉദയംചെയ്യണമെന്നുള്ള ഒരു ആശയോടുകൂടി ഈ ലേഖനം ഞാൻ എഴുതിയതാണു്, ഫാത്തിമാമാതാവു് കേരളക്കരയിൽക്കൂടി തന്റെ ജൈത്രയാത്ര നടത്തുന്ന ഈ അവസരത്തിൽ, ജപമാലയുടെ ആദ്ധ്യാത്മികശക്തികളെപ്പററി ധാരാളം ഉൽബോധനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു്, ജപമാലയുടെ സാഹിത്യവശംകൂടി ഗ്രഹിച്ചു് കേരളീയർ അവരുടെ പുരാതനജപമാലഭക്തിയെ പോഷിപ്പിക്കണമെന്നുള്ള അഭ്യൎത്ഥനയോടുകൂടിയും, ഈ വിഷയംതന്നെ അതിന്റെ പൂൎണ്ണതയിൽ പ്രതിപാദിക്കുന്നതിനു് ശേഷിയുള്ള കവിഹൃദയങ്ങൾ മുന്നോട്ടുവരട്ടെ എന്നുള്ള ആഗ്രഹത്തോടുകൂടിയും ഞാൻ വിരമിക്കുന്നു.

---


## "ഫാത്തിമാ മാതാവു്"

രണ്ടാം പതിപ്പു് (by Very Rev. Gracian Fernandez B. A., B. T.)

ഫീഡിലേയും ലിപ്പായിലേയും ദിവ്യജനനിയുടെ ദർശനങ്ങളുടെ വിവരണങ്ങൾകൂടി അടങ്ങിയതു്. വില. 10 ണ.

ഫാത്തിമാ മാതാവിന്റെ പടങ്ങൾ പല വലിപ്പത്തിൽ.

| | |
|---|---|
| $9\frac{1}{4}'' \times 14''$ | വില 6 ണ. |
| $8\frac{1}{2}'' \times 6''$ | ” 2 ണ. |

ചെറിയപടം 100-നു് ക. 1—4—0

ആവശ്യപ്പെടേണ്ടും മേൽവിലാസം

മാനേജർ

ഫാത്തിമാ ബുക്കഡിപ്പൊ

ഓലിക്കര, കൊല്ലം


---

## ഫാത്തിമാസന്ദേശം

(4-ാം പേജു് തുടർച്ച)

വിശക്കുന്നു. വല്ലതുമിരുപ്പുണ്ടോ?" സുമുഖനായ ഒരു യുവാവു് അവിടെ കടന്നുവന്നു ചോദിച്ചു. മോടിയായ വസ്ത്രധാരണം, കൈയിൽ മനോഹരമായ ഒരു യാത്രാസഞ്ചി, അല്പം ചില ആഭരണങ്ങൾ, മിന്നിത്തിളങ്ങുന്ന റിസ്റ്റ്‌വാച്ച്, ആകെക്കൂടെ ആ കുടിലിലേക്കു തിരിഞ്ഞുനോക്കേണ്ട ആവശ്യംപോലുമില്ലാത്ത ഒരാളാണു് ആഗതനെന്നു് ആൎക്കും പ്രഥമദൃഷ്ടിയിൽ തോന്നിപ്പോകും.

ആ കുഞ്ഞുങ്ങൾ പിടഞ്ഞെഴുന്നേററു. അവരുടെ നേത്രങ്ങൾക്കുമുമ്പിൽ ഒരോമനക്കിനാവു ഉടലെടുത്തു നില്ക്കുന്നതുപോലെതോന്നി. ഒന്നുരണ്ടു നിമിഷങ്ങൾ പുളകംപൂശി കടന്നുപോയി.

"ഹാ! എന്റെ ജോസിച്ചായാ......!" അവർ ആവേശപൂൎവ്വം ആ യുവാവിനെ ആലിംഗനം ചെയ്തു. എണ്ണമററ നറുചുംബനങ്ങൾ അയാളുടെ മുഖത്തു പതിഞ്ഞു. അവരുടെ ഹൃദയങ്ങൾ അയാൾക്കായി സൂക്ഷിച്ചിരുന്ന സാഹോദൎയ്യത്തിന്റെ പരമനിൎമ്മലമായ ഭോജ്യവസ്തുക്കൾ!!

IV

സായാഹ്നസൂൎയ്യന്റെ സുവൎണ്ണകിരണങ്ങൾ പട്ടണവീഥികളിൽ മിന്നിത്തിളങ്ങി. നഗരമദ്ധ്യത്തിലൂടെ അലംകൃതമായ ഒരു സുവൎണ്ണമഞ്ചത്തിൽ ഫാത്തിമാസ്വരൂപം എഴുന്നള്ളിക്കുകയാണു്. ആ ദിവ്യസന്ദേശകയെ ഒന്നു കാണുവാൻ അനേകം ജനങ്ങൾ ഓടിയണഞ്ഞു.

ഗ്രേസിയും മേഴ്‌സിയും മോടിയായി വസ്ത്രധാരണം ചെയ്തു മിന്നിത്തിളങ്ങുന്ന സുവൎണ്ണാഭരണങ്ങളുമണിഞ്ഞു് അവരുടെ പ്രിയസഹോദരന്റെ കരങ്ങൾ കവൎന്നുകൊണ്ടു് ആൾക്കൂട്ടത്തിൽക്കൂടി കടന്നുപോയി. "കരിങ്കോഴി"യും "പൂച്ചക്കുഞ്ഞും" ഞൊടിയിടയിൽ വാനംപാടികളായി മാറിയിരിക്കുന്നതു കണ്ടു ജനാവലി അത്ഭുതപ്പെട്ടു. ചെററക്കുടിലിലെ ദാരിദ്ര്യശുഷ്കതയിലേക്കു് എങ്ങനെ ആ സൗഭാഗ്യനിൎഝരി ഒഴുകിച്ചെന്നു?

മുമ്പു പരിചയമുള്ള ചിലർ ജോസിനെ സമീപിച്ചു കുശലാന്വേഷണം ചെയ്തു. അയാൾ തന്റെ അജ്ഞാതവാസത്തിന്റെ ഒരു ചുരുക്കം അവൎക്കു നൽകി.

ഞാൻ മിലിട്ടറിയിൽച്ചേൎന്നു ഒരു മാസം കഴിഞ്ഞപ്പോൾ മഹായുദ്ധമവസാനിച്ചു. ഉടൻതന്നെ ഡിസ്ചാൎജ്ജു് ചെയ്യപ്പെട്ടു. വെറുംകൈയായി വീട്ടിലേക്കു മടങ്ങുന്നതിനുള്ള വൈമനസ്യത്താൽ ബോംബെയിലുള്ള ഒരു യൂറോപ്യൻ കമ്പനിയിൽ വളരെക്കുറഞ്ഞ ശമ്പളത്തിൽ ഒരു ജോലിയിലേൎപ്പെട്ടു. അധികം താമസിയാതെ അവരുടെ ഹെഡ്ക്വാൎട്ടേഴ്സായ ഗോവയിലേക്കു പോകുവാൻ ഞാൻ ആജ്ഞപ്തനായി. ദൈവാനുഗ്രഹത്താൽ ഓരോവൎഷവും എന്റെ ശമ്പളവും റാങ്കും ഉയൎന്നുവന്നു. ദാരിദ്ര്യത്തിൽ വളൎന്ന ഞാൻ മിതവ്യയം നല്ലതുപോലെ ശീലിച്ചിരുന്നു. അതുകൊണ്ടു ശമ്പളത്തിൽ ഗണ്യമായ ഒരംശംതന്നെ സമ്പാദിക്കാൻ സാധിച്ചു.

ഇവിടെനിന്നു പോയതിൽപ്പിന്നെ ഈ ഓമനകളെ ഓർത്തുമാത്രമേ ഞാൻ കരഞ്ഞിട്ടുള്ളു. ഇങ്ങോട്ടു രണ്ടുമൂന്നു കത്തുകളയച്ചെങ്കിലും ഒന്നിനും മറുപടി കിട്ടിയില്ല. ആണ്ടുതോറും ഞാൻ ക്രിസ്മസിനു പുത്തനുടുപ്പുകൾ ഉണ്ടാക്കിവച്ചിട്ടു പരി. കന്യകയോടപേക്ഷിക്കുമായിരുന്നു "എന്റെ മേഴ്‌സിയേയും ഗ്രേസിയേയും അവ ഒന്നിടുവിക്കാനവസരം നൽകണേ" എന്നു്.

ഫാത്തിമാസ്വരൂപം കേരളപൎയ്യടനത്തിനായി ഗോവയിലെത്തിയപ്പോൾ ഞാൻ അത്യധികംസന്തോഷിച്ചു. "എന്റെ കുഞ്ഞുസോദരിമാരെ ഒരുനോക്കു് കാണാനിടയാക്കണേ" എന്നു് ഞാൻ ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചു. ഗോവയിൽ തിരുസ്വരൂപംവച്ചുകൊണ്ടുള്ള പരസ്യപ്രാൎത്ഥനാവേളയിലെ ജപമാലകൾ ഈ നിയോഗത്തിലാണു ഞാൻ സമൎപ്പിച്ചതു്. "ജപമാലചൊല്ലുക" എന്നു ഫാത്തിമായിൽ പ്രതിധ്വനിച്ച മധുരസന്ദേശം എന്റെ കൎണ്ണങ്ങളിൽ മുഴങ്ങിയിരുന്നു. അനന്തരം ദൃഢവിശ്വാസത്തോടുകൂടെ ഫാത്തിമാംബയെ അനുയാത്രചെയ്തു ഞാനിവിടെ എത്തി.

മറെറങ്ങും തിരയേണ്ട ആവശ്യമുണ്ടായില്ല. ആ പഴയപാഴ്ക്കുടിലിൽ പട്ടിണിയിൽ എരിഞ്ഞുപൊരിയുന്ന കണ്മണികളെ ഞാൻ കണ്ടുമുട്ടി. ആ ആത്മകഥാകഥനത്തിനു വിരാമമിടുവാനെന്നപോലെ ഒന്നുരണ്ടശ്രുബിന്ദുക്കൾ അയാളുടെ നേത്രങ്ങളിൽനിന്നടൎന്നുവീണു.

* * *

പട്ടണപ്രദക്ഷിണം കഴിഞ്ഞു. തിരുസ്വരൂപം മൈതാനമദ്ധ്യത്തിൽവച്ചു പരസ്യമായ പ്രാൎത്ഥനകളാരംഭിച്ചു. ഗ്രേസിയും മേഴ്‌സിയും സഹോദരനോടൊന്നിച്ചു മുട്ടുകുത്തിനിന്നു് അവരുടെ വിശിഷ്ടോപഹാരത്തിനു് അവസാനപുഷ്പങ്ങൾ കൊരുത്തൊരുക്കി. നീലവിഹായസ്സിൽ രണ്ടുമൂന്നു മേഘക്കിടാങ്ങൾ ഓടിവന്നു് അവരെ നിൎന്നിമേഷരായി നോക്കിനിന്നു. പടിഞ്ഞാറെ ചക്രവാളച്ചരിവിൽനിന്നു് ഒരു ശീതവാതം ഓടിയണഞ്ഞു് ആ ജനക്കൂട്ടത്തെ തഴുകി തഴുകിക്കടന്നുപോയി. "ജപമാലയെത്തിക്കുക, പ്രായശ്ചിത്തമനുഷ്ഠിക്കുക." ഫാത്തിമാസന്ദേശത്തിന്റെ ആ മധുരമാറെറാലി ആളുകളുടെ കൎണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

---


## സുഖാനന്ദകല്പം

ചുമ, നെഞ്ചുവേദന, ക്ഷയപ്പനി, മെലിച്ചൽ, ഹൃദ്രോഗം ഇവകളെ മാററി നല്ല ദേഹപുഷ്ടിയുണ്ടാക്കുന്ന ലേഹ്യമാണിതു്. റാ. 1 ക്കു് വി. പി. ചിലവടക്കം 4 ക. മാത്രം.

ദിവ്യൗഷധശാല, മണലൂർ, C. T. U.


---

## ഔദ്യോഗികറിപ്പോർട്ട്

വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ പ്രസ്തുത ശ്ലീഹായുടെ ശവകുടീരം കണ്ടെത്തിയതായി ഒരു വാൎത്ത പ്രസിദ്ധീകൃതമായിരുന്നല്ലോ. ഏതൽസംബന്ധമായ വിശദവിവരങ്ങളടങ്ങിയ ഔദ്യോഗികറിപ്പോൎട്ടു് ഈ മാസത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നതാണു്.

## മോൺടെ കസീനോ

കഴിഞ്ഞ മഹായുദ്ധകാലത്തു് ബോംബാക്രമണത്താൽ നാശത്തിനധീനമായ ഇററലിയിൽ മോൺടെ കസീനോയിലെ ബനഡിക്റ്റിൻ ആശ്രമത്തിന്റെ പണി ആരംഭിച്ചിരിക്കുന്നു. മൂന്നു ലക്ഷം ക്യൂബിക്‌യാൎഡ് നഷ്ടാവശിഷ്ടങ്ങൾ മാന്തിമാററിയശേഷമാണു് പുതിയകെട്ടിടങ്ങളുടെ അടിത്തറ കെട്ടിയിരിക്കുന്നതു്. ആശ്രമത്തിന്റെയും കത്തീഡ്രലിന്റെയും പണി തീരുന്നതിനു് 5 കൊല്ലം വേണ്ടിവരും.

# സൂര്യനൃത്തം

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

ആ കുട്ടികൾ—ലൂസിയും ഫ്രാൻസിസും ജസീന്തയും— അവിടെ മുട്ടുകുത്തിപ്രാർത്ഥിക്കുകയായിരുന്നു. പെട്ടെന്നു ആ കുട്ടികളുടെ വദനങ്ങൾ ഉദിച്ചുയരുന്ന ബാലസൂര്യനെപ്പോലെ പ്രകാശമാനങ്ങളായി. പരിശുദ്ധകന്യക ആ കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടുവെന്നു പ്രേക്ഷകർക്കു ബോദ്ധ്യമായി. പോരെങ്കിൽ ലൂസി വിളിച്ചുപറഞ്ഞു: "കുട മടക്കുക". ഒരു സൈന്യാധിപൻെറ കല്പനപോലെ, ക്ഷണേന എല്ലാ കുടകളും മടക്കപ്പെട്ടു. ആകാശത്തിൽ ഒന്നുരണ്ടു മിന്നൽപിണറുകൾ തെളിഞ്ഞുമാഞ്ഞു. ഒരു മാന്ത്രികശക്തിയാലെന്നപോലെ മഴ പെട്ടെന്നുനിന്നു. ഒരു ധൂപക്കുററിയിൽനിന്നുള്ള കർപ്പൂരധൂമംപോലെ ശ്വേതാഭമായ ഒരു പുക ആ കുട്ടികൾക്കുചുററും ഭൂമിയിൽനിന്നുപൊങ്ങി പതിനഞ്ചടിയോളം ഉയന്നു് അന്തരീക്ഷത്തിൽ വിലയിച്ചു. ലൂസി ചോദിച്ചു: "വന്ദ്യേ, അങ്ങു് ആരാണു്? ഞാൻ എന്തു ചെയ്യണമെന്നാണു് അങ്ങു് ആവശ്യപ്പെടുന്നതു്?" ന്യായവും വ്യക്തവുമായ ചോദ്യം. മറുപടിയും അതുപോലെതന്നെ വ്യക്തവും കാര്യമാത്രപ്രസക്തവും ആയിരുന്നു. "ഞാൻ ജപമാലരാജ്ഞിയാകുന്നു. എൻെറ ബഹുമാനാർത്ഥം ഇവിടെ ഒരു ചാപ്പൽ പണിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ജപമാല എല്ലാദിവസവും ജപിക്കണം."

ദത്തദൃഷ്ടികളായി നോക്കിനിന്ന ആ ജനക്കൂട്ടം, മൂന്നുപ്രാവശ്യം, ഒരു രജതമേഘം ആ കുട്ടികളെ ആവരണം ചെയ്യുന്നതു കണ്ടു. മഴ പെട്ടെന്നുനിന്നു. നനഞ്ഞുകുതിന്നു ശരീരത്തോടു് ഒട്ടിപ്പിടിച്ചിരുന്ന അവരുടെ വസ്ത്രങ്ങൾ ഒരു അത്ഭുതത്താലെന്നപോലെ പെട്ടെന്നു ഉണങ്ങി. ആകാശത്തിൽ മേഘങ്ങളുടെ ലാഞ്ഛനപോലും ഇല്ലാതായി. സൂര്യൻ ഒരു രജതഗോളംപോലെ പ്രകാശമാനമായി പ്രത്യക്ഷപ്പെട്ടു. കണ്ണു് അഞ്ചിപ്പോകാതെ ആക്കും സൂര്യഗോളത്തിൽ നോക്കുവാൻസാധിച്ചു.

പെട്ടെന്നു, കണ്ണടച്ചുതുറക്കുന്നതിനുമുൻപു്, ഒരു ആഗ്നേയചക്രമെന്നപോലെ, സൂര്യൻ ഭ്രമണം ചെയ്തുതുടങ്ങി. "സൂര്യനെ നോക്കുക" എന്നു ലൂസി വിളിച്ചുപറഞ്ഞു. എല്ലാവരുടെയും ദൃഷ്ടി സൂര്യനിലായി. നാനാഭാഗങ്ങളിലേക്കും പച്ച, ചുമപ്പു്, നീല, വയലററു മുതലായ നിറങ്ങളിലുള്ള പ്രകാശരശ്മികളെ പ്രസരിപ്പിച്ചുകൊണ്ടു, അന്തരീക്ഷത്തെയും ഭൂമിയെയും അവിടെ തിങ്ങിക്കൂടിയിരിക്കുന്ന ജനക്കൂട്ടത്തെയും നാനാവർണ്ണാഞ്ചിതരാക്കിത്തീർത്തുകൊണ്ടു്, സൂര്യൻ നൃത്തംചെയ്തു. കാണികൾ അത്ഭുതസ്തബ്ധരായി. കുറച്ചു കഴിഞ്ഞപ്പോൾ ഭ്രമണം നിലച്ചു. പിന്നീടു് വീണ്ടും ഭ്രമണം ആരംഭിച്ചു. മൂന്നാംതവണയും ഇതു സംഭവിച്ചു. സൂര്യചക്രത്തിൻെറ പരിധി മുഴുവനും രക്തനിറംപൂണ്ടു പ്രശോഭിച്ചു. അതിൽനിന്നുപുറപ്പെട്ട ആ രക്തനിറത്തിലുള്ള അഗ്നിപ്രവാഹത്തിൻെറ പ്രകാശം അന്തരീക്ഷം മുഴുവനും പരന്നു. അതിൻെറ പ്രതിഫലനം ഭൂഗോളത്തിന്മേലും അതിലെ വസ്തുക്കളിന്മേലും സപ്തവർണ്ണങ്ങളിൽ പ്രശോഭിച്ചു. ഇതു പത്തുണ്ടുമിനിററോളംനേരം നീണ്ടുനിന്നു.

അദൃഷ്ടപൂർവമായ ഈ അത്ഭുതംനോക്കി എഴുപതിനായിരം ജനങ്ങൾ ആശ്ചര്യസ്തബ്ധരായി നിലകൊള്ളുന്നതിനിടയിൽ, പരിശുദ്ധകന്യക ആ കുട്ടികൾക്കു നാലു ദർശനങ്ങൾ കാണിച്ചുകൊടുക്കുകയുണ്ടായി. (1) ജപമാലരാജ്ഞിയും ഉണ്ണിഈശോയെ കരങ്ങളിൽ വഹിച്ചു മാർയൗസേപ്പുമടങ്ങിയ തിരുക്കുടുംബം, (2) സ്നേഹപൂർവം ജനക്കൂട്ടത്തെ അനുഗ്രഹിക്കുന്ന നമ്മുടെ കർത്താവു്, (3)വ്യാകുലമാതാവു്, (4)ഉത്തരീയം കരങ്ങളിലേന്തിയ കർമ്മലമാതാവു്. ഈ ദർശനങ്ങൾ അവസാനിച്ചപ്പോഴേക്കു സൂര്യൻെറ അഗ്നിനൃത്തവും വർണ്ണപ്രസരണവും ഏതാണ്ടു നിലച്ചപോലായി. അതിവേഗത്തിൽ ഭ്രമണംചെയ്യുന്ന ഒരു ചക്രം അച്ചുതണ്ടിൽനിന്നുതെററി കുതിച്ചുപായുന്നതുപോലെ, സൂര്യഗോളം അന്തരീക്ഷബന്ധത്തിൽനിന്നു മുക്തമായി ജനക്കൂട്ടത്തിൻെറ നേരേ, കിഴക്കാന്തൂക്കായി വളഞ്ഞുപുളഞ്ഞു പാഞ്ഞടുക്കുന്നതുപോലെ തോന്നി.

ജനക്കൂട്ടം പരിഭ്രാന്തമായി. വിശ്വാസിയും അവിശ്വാസിയും എല്ലാം ആ ചെളിപ്രദേശത്തു മുട്ടുകുത്തി. ലോകം അവസാനിക്കുവാൻ പോകുകയാണെന്നും, തങ്ങളുടെ ചുററിലുമുള്ള എല്ലാററിൽനിന്നും അഗ്നിവമിച്ചു തങ്ങളെ ചുട്ടുവെണ്ണീറാക്കുവാൻ പോകുകയാണെന്നും അവർക്കു തോന്നി. "ഓ ഈശോ, ഞങ്ങളെ രക്ഷിക്കുക! ഞങ്ങളുടെ നാഥേ, ഞങ്ങളെ രക്ഷിക്കുക" എന്നുള്ള ഹൃദയസ്പൃക്കായ പ്രാർത്ഥന എഴുപതിനായിരം കണ്ഠങ്ങളിൽനിന്നും ഒരേസമയത്തുയന്നു. അവരുടെ ഹൃദയങ്ങളിൽ പശ്ചാത്താപത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും ഒരു വേലിയേററമുണ്ടായി. അദൃശ്യമായ ദൈവഹസ്തങ്ങളുടെ പ്രവർത്തനത്താൽ, സൂര്യൻ കീഴോട്ടു് ഇറങ്ങിയപോലെ വളഞ്ഞുപുളഞ്ഞു മുകളിലേക്കുകയറി പൂർവസ്ഥാനത്തു നിലകൊണ്ടു. ഭയകമ്പിതരായ ജനക്കൂട്ടം പേടിവിട്ടു ശിരസ്സുയത്തി നോക്കിയപ്പോൾ സൂര്യൻ സ്വസ്ഥാനത്തുനിന്നു സാധാരണരീതിയിൽ പ്രകാശിക്കുന്നതാണു കണ്ടതു്.

അത്ഭുതം! അത്ഭുതം!! പരിശുദ്ധകന്യക വാഗ്ദാനം ചെയ്തിരുന്ന അത്ഭുതം!!! ആനന്ദസ്തബ്ധരായ ജനക്കൂട്ടം എഴുന്നേററുനിന്നു. വീണ്ടും അത്ഭുതം! നനഞ്ഞുകുഴഞ്ഞ ആ ചെളിയിൽ മുട്ടുകുത്തിയിരുന്ന അവരുടെ ദേഹത്താകട്ടെ വസ്ത്രങ്ങളിലാകട്ടെ ചെളിയുടെ യാതൊരു ലാഞ്ഛനപോലും ഇല്ല. തങ്ങളുടെ വസ്ത്രങ്ങൾ, തങ്ങൾ എടുത്തുടുത്തുകൊണ്ടു വന്നപ്പോഴത്തേക്കാൾ അഭ്രശുഭ്രങ്ങളായിട്ടില്ലേ എന്നായി അവർക്കു സംശയം. സൂര്യൻെറ ഈ അത്ഭുതനൃത്തം ആ കുട്ടികൾ മാത്രമല്ല, അവിടെ സന്നിഹിതരായിരുന്ന എഴുപതിനായിരം ജനങ്ങൾ മാത്രമല്ല, കണ്ടതു്. ഫാത്തിമായിൽനിന്നു അനേകമൈൽ അകലെ കൃത്യാന്തരവ്യാപൃതരായിരുന്ന ജനങ്ങൾപോലും ഈ അത്ഭുതത്തിനു സാക്ഷ്യം വഹിച്ചിരിക്കുന്നു. ഇതു സംഭവ്യമാണോ? ദൈവത്തിൽ വിശ്വസിക്കുന്നവർക്കു ഇതിനൊരു വ്യാഖ്യാനവും ആവശ്യമില്ല. ദൈവത്തിൽ വിശ്വസിക്കാത്തവർക്കു ഇതിനൊരു വ്യാഖ്യാനം സാദ്ധ്യവുമല്ല.

"ഓസേക്കുളോ" എന്ന പോർത്തുഗലിലെ ഏററവും പ്രസിദ്ധമായ ദിനപത്രത്തിൻെറ അധിപർ "അവലിനോദെ അൾമെയിദാ" സംഭവസ്ഥലത്തു സന്നിഹിതനായിരുന്നു. അദ്ദേഹം തൻെറ പത്രത്തിൽ എഴുതി "എൻെറ സ്വന്തം കണ്ണുകൊണ്ടു കണ്ടിട്ടില്ലെങ്കിൽ, വിശ്വസിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ലാത്ത ഒരു മഹാസംഭവമാണതു്." അവിടെ സന്നിഹിതനായിരുന്ന ഒരു അവിശ്വാസിയുടെ കഥ അദ്ദേഹം വിവരിക്കുന്നു." "ഞങ്ങളുടെ സമീപത്തുതന്നെ ഒരു അവിശ്വാസി നിന്നിരുന്നു. ഫാത്തിമായിലേക്കു വന്നുകൊണ്ടിരുന്ന തീർത്ഥകരെ മണ്ടശിരോമണികൾ എന്നു അപഹസിച്ചുകൊണ്ടിരുന്ന അയാളെ അത്ഭുതം നടക്കുന്ന സമയത്തു ഞാൻ സൂക്ഷിച്ചു നോക്കി. അയാൾ സൂര്യനെ കണ്ണുതുറിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നതു ഞാൻ കണ്ടു. അയാൾ കേശാദിപാദം വിറയ്ക്കുന്നതും, കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുകൈകളും സ്വർഗ്ഗത്തിലേക്കുയത്തി മുട്ടിന്മേൽ വീണു് അപേക്ഷിക്കുന്നതും ഞാൻ കണ്ടു."

ഈ സൂര്യനൃത്തത്തെപ്പററി പതിമൂന്നുകൊല്ലം കഴിഞ്ഞു പ്രസിദ്ധപ്പെടുത്തിയ ഔദ്യോഗികറിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:- "സൂര്യനൃത്തം സംഭവിക്കാനിരുന്ന ദിവസവും സമയവും ബാലകർ വളരെ മുൻപേതന്നെ അറിയിച്ചിട്ടുള്ളതാണു്. ഈ വാർത്ത പോർത്തുഗൽ മുഴുവനും പെട്ടെന്നു വ്യാപിച്ചുകഴിഞ്ഞിരുന്നു. അന്നത്തെ മഴയും അസൗകര്യങ്ങളും അവഗണിച്ചു സഹസ്രക്കണക്കിനു ജനങ്ങൾ ആ സ്ഥലത്തു വന്നുകൂടി. അവസാനത്തെ ദർശനം കഴിഞ്ഞുണ്ടായ അത്ഭുതത്തിൻെറ നേരത്തു സൂര്യനെ വെല്ലുന്ന ശോഭയോടുകൂടി വിരാജിക്കുന്ന ത്രിലോകരാജ്ഞിയുടെ നേരേ നക്ഷത്രങ്ങളുടെ നായകനായ സൂര്യൻ പ്രകടിപ്പിച്ച ബഹുമാനാദരങ്ങൾക്കു അവരെല്ലാം ദൃക്സാക്ഷികളായിരുന്നു. ഈ സംഭവം യാതൊരു നക്ഷത്രബംഗ്ലാവിലെയും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽ പെട്ടില്ലായെന്നതു പ്രത്യേകം പ്രസ്താവ്യമാണു്. അതിൽനിന്നുതന്നെ അതു പ്രകൃത്യനുസൃതമായ ഒരു സംഭവമല്ലെന്നു സ്പഷ്ടമാകുന്നു. എന്നാൽ അതു സമുദായത്തിൻെറ എല്ലാ സ്ഥിതിയിലും നിലകളിലുമുള്ള ജനങ്ങൾക്കും—വിശ്വാസികൾക്കും അവിശ്വാസികൾക്കും, പ്രധാന പോർത്തുഗീസുപത്രങ്ങളുടെ പ്രതിനിധികളായി അവിടെ സന്നിഹിതരായിരുന്ന ലേഖകന്മാർക്കും, മാത്രമല്ല അനേകമൈൽ ദൂരെയിരുന്നവർക്കും—ദൃശ്യമായിരുന്നു.

പരിശുദ്ധകന്യക തൻെറ സമാധാന വ്യവസ്ഥകൾ, ആ ശിശുക്കൾ മുഖേന ലോകത്തിനു നല്കി: "ജനങ്ങൾ എൻെറ വിമലഹൃദയത്തിനു ഭക്തിപ്രകടിപ്പിക്കുകയാണെങ്കിൽ യുദ്ധം അവസാനിക്കുന്നതാണു്. ജനങ്ങൾ തുടന്നു ദൈവത്തെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, ഇതിനേക്കാൾ ഭയങ്കരമായ മറെറാരു യുദ്ധം അടുത്ത പേപ്പൽഭരണകാലത്തു് ആരംഭിക്കുന്നതാണു്. എൻെറ നിദ്ദേശങ്ങൾ അനുസരിക്കപ്പെടുകയാണെങ്കിൽ റഷ്യാ മാനസാന്തരീഭവിക്കുന്നതും സമാധാനം സംസ്ഥാപിതമാകുന്നതുമാണു്. അല്ലാത്തപക്ഷം ലോകത്തിലെങ്ങും മഹാതിന്മകൾ പ്രചരിക്കുന്നതും സഭയ്ക്കെതിരായ പീഡനങ്ങളും യുദ്ധങ്ങളും ഉണ്ടാകുന്നതുമാണു്. നീതിമാന്മാർ വളരെ സഹിക്കേണ്ടിവരും. പല രാഷ്ട്രങ്ങളും നശിപ്പിക്കപ്പെടും. എന്നാൽ അവസാനത്തിൽ എൻെറ വിമലഹൃദയംതന്നെ വിജയിക്കും. പരിശുദ്ധപിതാവു റഷ്യയെ എൻെറ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കും. റഷ്യാ മാനസാന്തരപ്പെടുകയും, മനുഷ്യവർഗ്ഗത്തിനു ഒരു സമാധാനഘട്ടം പ്രദാനം ചെയ്യപ്പെടുകയും ചെയ്യും."

ഈ പ്രവചനങ്ങളിൽ റഷ്യയുടെ മാനസാന്തരം ഒഴികെയുള്ളതെല്ലാം നിറവേറിക്കഴിഞ്ഞിരിക്കുന്നു!!! അജ്ഞാതമായിരുന്ന കോവാ ഡാ ഇരിയാ ഇന്നു ഭുവനപ്രസിദ്ധമായ ഒരു പട്ടണമായിത്തീന്നിരിക്കുന്നു. ആശുപത്രി, കപ്പേള, ദേവാലയം, ആതുരാലയം, എല്ലാം അവിടെ നിർമ്മിതമായിരിക്കുന്നു. ജപമാലയുടെ പതിനഞ്ചുരഹസ്യങ്ങളെ പ്രതിബിംബിക്കുന്ന പതിനഞ്ചു അൾത്താരകളോടുകൂടിയ ബ്രഹ്മാണ്ഡമായ ഒരു ബസ്ലിക്കാ അവിടെ പണിപൂർത്തിയാകാറായിരിക്കുന്നു. വിജിഗീഷുവായ ഒരു ചക്രവർത്തിനിയെപ്പോലെ ഫാത്തിമാനാഥ ലോകപര്യടനം ചെയ്തുകൊണ്ടിരിക്കുന്നു. ലൗകായതികമായ വ്യാമോഹങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ലോകത്തെ തൻെറ വിമലഹൃദയത്തിലേക്കു ആകർഷിക്കുന്നതിനായി അവിടുന്നു ലോകമെങ്ങും ചുററി സഞ്ചരിക്കുന്നു!!

ഒക്ടോബർ വിപ്ലവത്തിൽ ലെനിൻ ഉയത്തിയ "അരിവാളും ചുററിക"യുമാണോ, പരിശുദ്ധകന്യക ചൂണ്ടിക്കാണിച്ച "കുരിശും കൊന്തയു"മാണോ ലോകം സ്വീകരിക്കുവാൻ പോകുന്നതു്? ലോകസമാധാനം അതിനെയാണു് ആശ്രയിച്ചിരിക്കുന്നതു്.

For favours received.



M. A. A.



ST. ALOYSIUS ELECTROPLATING WORKS AND CATHOLIC DEPOT,
Municipal Office Road, TRICHUR. PROPRIETOR: C. O. LOUIS

# മാതൃസമക്ഷം

( കാഞ്ഞിരത്തുങ്കൽ

എന്റെ കഴിവുകളുടെ പരിമിതിയെക്കുറിച്ച് എനിക്കു നല്ല ബോധമുണ്ട്. എങ്കിലും, എന്റെ അമ്മയെപ്പററി ചിന്തിക്കുമ്പോൾ, ഞാൻ ഞാനല്ലാതായിത്തീരുകയാണ്. ഞാൻ എന്തൊക്കെയോ പറഞ്ഞുപോവുകയാണ്. ഏതൊക്കെയോ കുറിച്ചുകൂട്ടുകയാണ്. ഇതിനെന്തു വികലതകളുണ്ടായിരുന്നാലും, ഇതെന്റെ അമ്മയുടെ മുമ്പിലാണെന്നുള്ള ചിന്ത എന്നെ ധൈര്യപ്പെടുത്തുന്നു. എന്റെ അമ്മയ്ക്കു് എന്റെ വികടനങ്ങൾ — അതെത്രതന്നെ ബാലിശങ്ങളായിരുന്നാലും, എത്രതന്നെ അവ്യക്തമായിരുന്നാലും — വിരസങ്ങളാകുമോ? എന്റെ അമ്മയുടെ മുമ്പിലല്ലേ, എന്റെ ചാപല്യങ്ങൾ?

അമ്മേ, അമ്മയുടെ തിരുമുമ്പിൽ ഞാൻ നില്ക്കയാണ്. തിരുമുല്ക്കാഴ്ചയ്ക്കു് എന്റെ കൈയിലൊന്നുമില്ല; എന്റെ പാപഭാണ്ഡങ്ങളല്ലാതെ. അമ്മയുടെ മകനെന്നവകാശപ്പെടാനും എനിക്കർഹതയില്ല. ഞാനത്യുല്ക്കൃഷ്ടമനാണ്, ദുർഭഗനാണ്, ശാപഗ്രസ്തനാണ്. അവിരാമമായ മാതൃദ്രോഹമായിരുന്നു, ഇതുവരെയും എനിക്കു വിനോദം. അനുസ്യൂതമായ മാതൃനിന്ദനങ്ങളായിരുന്നു, ഇതുവരെയും എനിക്കാനന്ദം. മാതൃഹൃദയത്തെ കുത്തിമുറിവേല്പിക്കുന്നവനാണു പുത്രനെങ്കിൽ, ഞാനും എന്റെ അമ്മയുടെ പുത്രനാണ്. മാതാവിനെ ആട്ടിയോടിച്ചിട്ട്, തത്സ്ഥാനത്തു വാരനാരിയെ പൂജിച്ചിരുത്തുകയാണു പുത്രധർമ്മമെങ്കിൽ ഞാനും എന്റെ അമ്മയുടെ പുത്രനാണ്.... അമ്മേ, അങ്ങേ തിരുമുമ്പിൽ നിന്നു് ഒളിച്ചോടുവാൻപോലും എനിക്കു തോന്നിപ്പോകുന്നു. ആ തിരുമുഖത്തു നോക്കുവാൻതന്നെ എനിക്കു ലജ്ജയാകുന്നു. ഞാൻ ഭയന്നു ചൂളിപ്പോകുന്നു. ഹാ! ഞാനെന്തുചെയ്യട്ടെ!!

ഇല്ല. എന്റെ അമ്മ ദയാനിധിയാണ്; വാത്സല്യനികേതമാണ്. എന്റെ ബലഹീനതകളിലും എന്നെ സാനുകമ്പം കടാക്ഷിക്കുന്ന കാരുണ്യവാരിധിയാണെന്റെയമ്മ. എന്റെ കൃതാപരാധങ്ങൾ ക്ഷമിച്ച്, എന്റെ മൂർദ്ധാവിൽ പീയൂഷവർഷം ചൊരിയും എന്റെയമ്മ. ഇന്നുമുതൽ, ഞാനെന്റെയമ്മയെ പ്രീതിപ്പെടുത്തുവാൻ മാത്രം ഉഴച്ചിരിക്കയാണ്. അവിശ്രാന്തമായ മാതൃസ്തവമായിരിക്കും, ഇനിയെന്റെ അധരങ്ങളുടെ ആനന്ദമന്ത്രണം. നിരന്തരമായ മാതൃപൂജയായിരിക്കും, ഇനിയെന്റെ കരങ്ങളുടെ കർമ്മപരിപാടി. എന്റെ ഹൃദയത്തിന്റെ ഉള്ളറയിലെ ഭദ്രപീഠത്തിൽ എന്റെയമ്മയെ ഞാൻ എഴുന്നെള്ളിച്ചിരുത്തും. ആരെന്തൊക്കെപ്പറഞ്ഞാലും, അചിന്ത്യമായ എന്തെന്തു സംഭവവികാസങ്ങളുണ്ടായാലും, എന്റെ ശ്വാസധാരനിലയ്ക്കുവോളം, ഈ വ്രതം ഞാൻ പാലിക്കും. എന്റെ ആത്മാവിന്റെ അഗാധതലത്തിലെ അത്യന്തരമായ ദൃഢനിശ്ചയമാണിതു്.

എന്റെ അമ്മ ആരാണെന്നു കേൾക്കണോ? പറയാം:

സുകൃതചരിതരായ യുവാക്കിമിന്റെയും അന്നായുടെയും ദാമ്പത്യലതികയിലെ സുരഭിലാഭിരാമമായ സൂനമാണെന്റെയമ്മ. അതിബാല്യത്തിലേ, കന്യാവ്രതവാഗ്ദാനം നടത്തി, ജറുസലേം ദേവാലയത്തിൽ, ഈശസപര്യക്കു സമർപ്പിതയായ നിത്യകന്യകയാണെന്റെയമ്മ! നീതിമാനും നിത്യബ്രഹ്മചാരിയും, നരാവതാരപരമ"രഹസ്യ"ത്തിന്റെ സംരക്ഷണാവരണഭാരം വഹിക്കുന്ന സരളഹൃദയനുമായ വിശുദ്ധ യൗസേപ്പിന്റെ സന്തതസഹചാരിണിയാണെന്റെയമ്മ. "നന്മനിറഞ്ഞവളെ"ന്നു, വാനവപ്രവരനാലഭിസംബുദ്ധയായ "മാലാഖമാരുടെ രാജ്ഞി"യാണെന്റെയമ്മ. നരാവതാരംചെയ്തരുളുവാൻ തിരുവുള്ളമുണ്ടായ ദൈവസുതനെ തിരുവുദരത്തിൽ സംവഹിക്കയും, തൃക്കരങ്ങളിൽവച്ചു ലാളിക്കയും ചെയ്ത ദൈവമാതാവാണെന്റെയമ്മ. സഹസ്രാബ്ദങ്ങളുടെ പ്രതീക്ഷാവിഷയമായിരുന്ന ലോകരക്ഷാനിർവ്വഹണത്തിൽ ആരംഭംമുതൽ അന്തംവരെ ഭാഗഭാഗിത്വം വഹിച്ച ജഗദംബികയാണെന്റെയമ്മ. നാരകീയസർപ്പത്തിന്റെ തലയെ തകർക്കുവാൻ പിറന്ന നാഗമർദ്ദിനിയായ നവീനഹവ്വയാണെന്റെ അമ്മ. പാപികൾക്കും പതിതർക്കും, ആതുരർക്കും പരാധീനർക്കും ആശ്വാസത്തിന്റെ സ്വച്ഛസുന്ദരമായ നീരുറവയാണെന്റെയമ്മ. മണ്ണിന്റെ മക്കളായ നമ്മെ വിണ്ണിന്റെ മാലാഖമാരാക്കുവാൻ, നാകവും ലോകവും തമ്മിൽ കൂട്ടിയിണക്കുന്ന സ്വർഗ്ഗീയസോപാനമാണെന്റെയമ്മ. മഴവില്ലിന്റെ അഴകും, മാധവീലതയുടെ മൃദുലതയും, വാസന്തചന്ദ്രികയുടെ സാന്ദ്രധാവള്യവും, ആരാമസമീരന്റെ ശീകരസൗരഭ്യവും സമീചീനമായി സമ്മേളിച്ചിരിക്കുന്നതാണെന്റെയമ്മ. എന്റെ അമ്മയുടെ തങ്കക്കിരീടത്തിലെ ജാജ്ജ്വല്യമാനമായ രത്നങ്ങളാണ്, ശാരദാകാശത്തിലെ താരകാഗണങ്ങളായി നിങ്ങൾ കാണുന്നതു്. എന്റെ അമ്മയുടെ അലോകസുഷമാസമ്പൂർണ്ണമായ മധുരമന്ദഹാസമാണ് കുന്ദകുസുമങ്ങളിൽ ഇന്നും നിറഞ്ഞുനില്ക്കുന്നതു്. ഡാന്റെയ്ക്കും വേർഡ്സ്വർത്തിനും, റഫേലിനും മൈക്കൾ ആഞ്ചലോയ്ക്കും അനധിഗമ്യവും, അവരുടെ ഭാവനയ്ക്കും കലാശില്പങ്ങൾക്കും പിടിച്ചു



ടക്കാൻ കഴിയാത്തതുമായ സൗകുമാര്യസാരമാണെന്റെയമ്മ.

എന്റെ അമ്മയ്ക്കൊരാഭരണമുണ്ട്; അല്ല, ഒരായുധം. അനീതിയും അധർമ്മവും പാഷണ്ഡതയും ഭസ്മമാക്കുവാൻപോരുന്ന ഒരു വജ്രായുധം; അതേ, ജപമാല. ഭൗതികശാസ്ത്രത്തിന്റെ ഏററം പുതിയ കണ്ടുപിടിത്തമായ ആററംബോംബിനെക്കാളും — ഒരുപക്ഷേ, ഇനിയും കണ്ടുപിടിച്ചേക്കാവുന്ന "ആന്റി ആററമിക് ബോംബി"നെക്കാളും — ശക്തിയേറിയതാണ് ആ ആയുധം. എന്റെ അമ്മയുടെ കൊന്ത — എനിക്കെന്നെന്നും അണിയുവാനുള്ള ആഭരണവും തിന്മകളോട് എനിക്കെന്നെന്നും അടരാടുവാനുള്ള മാരകമായ ആയുധവും—!!

എന്റെ അമ്മയുടെ കൊന്തയ്ക്കുള്ള അത്യന്തവിസ്മയകരമായ ശക്തി ലോകം ഇനിയും ശരിക്കറിഞ്ഞിട്ടില്ല. അറിഞ്ഞറിഞ്ഞുവരികയാണ്. അങ്ങനെവരട്ടെ!

എന്റെ അമ്മയുടെ പാപാസ്പൃഷ്ടവും അമലോജ്ജ്വലവുമായ സമുത്ഭവം, അന്യൂനമായ കന്യാത്വം, പ്രകൃത്യതീതമായ ഗർഭാധാനം, സശരീരമായ സ്വർഗ്ഗാരോപണം ഇവയെക്കുറിച്ചൊക്കെ ലോകത്തിന്റെ പാണ്ഡിത്യം നടത്തുന്ന വാവദൂകമായ ജല്പനങ്ങൾ കേൾക്കുമ്പോൾ എനിക്കു ചിരിയാവുന്നു! മനുഷ്യന്റെ കൊച്ചുബുദ്ധിക്ക് എത്തും പിടിയും കിട്ടാത്ത ആ ദിവ്യ"രഹസ്യ"ങ്ങളെപ്പററി ചിന്തിച്ചു തലപുണ്ണാക്കുന്ന വിഡ്ഢിത്തം കാണുമ്പോൾ, ചന്ദ്രനെ കൈയെത്തിപ്പിടിക്കാൻ വെമ്പൽക്കൊള്ളുന്ന പൈതലിന്റെ സാഹസമാണോർമ്മയിൽവരുന്നതു്!!

വേറൊരുകൂട്ടർക്ക് ഞാനെന്റെ അമ്മയെ ഒട്ടെങ്കിലും ബഹുമാനിക്കുന്നതാണു കണ്ടുകൂടാത്തതു്. ഞാനെന്റെ എളിയ ഉപഹാരങ്ങളുമായി, അമ്മയുടെ അന്തികത്തണയുവാൻ ബദ്ധപ്പെട്ടോടുമ്പോൾ, യുക്ത്യാഭാസങ്ങളുടെ പെരുംഭാണ്ഡങ്ങളും പേറി, എന്റെ വഴിയരികിൽനിന്നുകൊണ്ട്, അവർ പിച്ചും പേയും പറയുകയാണ്. ക്രിസ്തുനാഥന്റെ മനുഷ്യാവതാരത്തെയും ലോകോദ്ധാരണത്തെയും മാനിക്കുവാനും, അതിന്റെ പങ്കുപററുവാനും അവർ തയാറാണ്. മർത്ത്യാവതാരപരമ"രഹസ്യ"ത്തിൽ നായികയായും, ലോകരക്ഷാനിർവ്വഹണത്തിൽ ഉപനായികയായും, യോഹന്നാൻവഴി, മാനവവംശത്തിന്റെ വത്സലസവിത്രിയായും വിരാജിച്ചരുളുന്ന, ലോകരക്ഷകന്റെ ദിവ്യജനനിയെ യഥോചിതം സമാദരിക്കുന്നതിൽ അവർ പരാങ്മുഖരുമാണു! അനുകമ്പാർഹമായ ആന്ധ്യമെന്നല്ലാതെന്തു പറയട്ടെ!!

അജ്ഞതാതിമിരത്തിൽ അടഞ്ഞിരിക്കുന്ന എന്റെ സഹോദരന്മാരുടെ കണ്ണുകളെ അമ്മതന്നെ തുറന്നുതരണമെയെന്നു പ്രാർത്ഥിക്കയല്ലാതെ, ഈയുള്ളവനെന്താണു കരണീയം?

അമ്മയുടെ തിരുസന്നിധിയിലുണർത്തിക്കുവാൻ ഈ എളിയ പുത്രനു് ഒരു നിവേദനംകൂടിയുണ്ട്. കനത്ത സ്വാർത്ഥതയിൽനിന്നു വളർന്നുയർന്ന ഒരു കടുത്ത കൊതിയാണതു്. പരമപരിശുദ്ധമായ അവിടുത്തെ പാദപത്മങ്ങൾകൊണ്ട്, ഞങ്ങളുടെ മാതൃഭൂമിയെയും പവിത്രമാക്കണമെന്നു്! നാകീയാനന്ദത്തിന്റെ മാധുരീരസമോലുന്ന ആ ദിവ്യവാണിയൊന്നു കേട്ട്, കാതും കരളും കുളിർപ്പിക്കണമെന്നു്!! ഞങ്ങളുടെ നാട്ടിലും അമ്മയൊന്നു വന്നു കാണണമെന്നു്!!!

മരിയാംബികേ, സ്വർല്ലോകറാണി, അങ്ങു വരാതിരിക്കുമോ? ആശ്രിതവത്സലയും പ്രാർത്ഥിതാർത്ഥപ്രദായിനിയുമല്ലേ, അങ്ങു്?

നീലവിശാലമായ സരോവരത്തിലെ ഓളപ്പാത്തികളിലേക്കു്, എന്റെ ഏകാന്തതകളിൽ ഞാൻ ഉററുനോക്കിക്കൊണ്ടിരിക്കയാണ്; എന്റെ അമ്മ എഴുന്നെള്ളിവരുന്ന പള്ളിയോടം കാണുവാൻ. നിശ്ശബ്ദയാമിനികളിൽ താരാപഥത്തിലേക്കു നോക്കി, ദത്തകണ്ണനായി, നിർന്നിമേഷനായി ഞാൻ നില്ക്കയാണ്; എന്റെ അമ്മയുടെ പള്ളിത്തേരുരുളുന്ന ശബ്ദം കേൾക്കുവാൻ. വിജനസ്ഥലികളിലെ വെള്ളമണൽവിരിപ്പുകൾ നോക്കിനോക്കിപ്പോവുകയാണു ഞാൻ; അമ്മയുടെ കാലടിപ്പാടുകൾ അവിടെയെങ്ങാനും പതിഞ്ഞിട്ടുണ്ടോയെന്നു സംശയം തീർക്കുവാൻ.

...........ഇല്ല. എന്റെ അമ്മ വരുന്നില്ല .........

ചിലപ്പോൾ, വല്ല ഗുഹാമുഖത്തും പ്രത്യക്ഷപ്പെട്ട്, ഏതോ വിറകുപെറുക്കുകാരിപ്പെണ്ണിനോട് നർമ്മസംഭാഷണം ചെയ്യുകയായിരിക്കും, ആ അമലോത്ഭവജനനി. അല്ലെങ്കിൽ, ഇടയച്ചേരികളിൽ വല്ല ഓക്കുവൃക്ഷത്തിന്റെയും അഗ്രശിഖരങ്ങളിൽനിന്നു്, നിരക്ഷരരായ ഇടയക്കുട്ടികളെ കൊന്ത ചൊല്ലാനും കൊതിയടക്കാനും പഠിപ്പിക്കയായിരിക്കും, ആ "ജപമാലരാജ്ഞി". ഒരുപക്ഷേ, വല്ല കന്യാമഠത്തിന്റെയും ഉപവനത്തിൽ ഗൂഢമായി കയറിച്ചെന്നു്, കാതരയും പരിക്ഷീണയുമായ ഏതോ സന്യാസാർത്ഥിനിയെ ആശ്വസിപ്പിക്കയായിരിക്കും, ആ "വരദായിക". ഒരുവേള, വല്ല ചെററക്കുടിലിൽ പള്ളികൊള്ളാനും പാടില്ലായ്കയില്ല. പ്രപഞ്ചപ്പെരുമാളെ ഗോശാലയിൽ പ്രസവിച്ച വിനയവിനമ്രയല്ലേ, ആ മഹാറാണി?

എന്റെ അമ്മയെ, ഒന്നു രണ്ടു പ്രാവശ്യമല്ല, പത്തൊൻപതുവട്ടം കണ്ട്, കണ്ണുകൾക്കു പുണ്യം നേടിയ ലൂർദ്ദിലെ ബെർണർദീത്തയും അഞ്ചാറുതവണ, എന്റെ അമ്മയുടെ തിരുവായ്മൊഴികൾ ശ്രവിച്ച ലൂസിപ്രഭൃതികളും എത്ര ഭാഗ്യവതികളാണിവർ!!!

അമ്മേ, അവിടുന്നു് ഈ അടുത്തകാലത്തു് ഫിലിപ്പൈനിൽ ലിപ്പാവരെ വന്നതായി ഞങ്ങൾ കേട്ടു. അവിടെ അങ്ങു പൊഴിച്ച സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ അത്ഭുത സുമദലങ്ങളും ഞങ്ങൾ കണ്ടു.

എന്നിട്ടും, ഞങ്ങളുടെ നാട്ടിലോളമൊന്നു വന്നരുളുവാൻ അങ്ങു് തിരുവുള്ളമാകാത്തതെന്താണാവോ? ഞങ്ങളുടെ കുററമായിരിക്കാം, ഞങ്ങളിനിയും അമ്മയുടെ എഴുന്നെള്ളത്തിനു് വഴിത്താര, കല്ലുകരടു നീക്കി വെടിപ്പാക്കി പരവതാനിവിരിച്ചു് പൂക്കൾവിതറി, പാദപീഠം ഒരുക്കിക്കഴിഞ്ഞിട്ടില്ലായിരിക്കാം.

എങ്കിലും ഞങ്ങളഹങ്കരിക്കയാണ്, ഞങ്ങൾ മേരീഭക്തരാണെന്നു്; അവിടുന്നു സാരസനം നൽകി അനുഗ്രഹിച്ച ഞങ്ങളുടെ പിതാവു്, മാർത്തോമ്മാശ്ലീഹ, ഞങ്ങളുടെ പ്രപിതാമഹന്മാരെ പഠിപ്പിച്ച മാതൃഭക്തിയുടെ പ്രാഥമികപാഠങ്ങൾ ഞങ്ങളിന്നും മറന്നിട്ടില്ലെന്നു്! എന്തോ.! എന്റെ അമ്മയ്ക്കു മാത്രമറിയാം.

* * *

അമ്മയുടെ ആഗമനം എവിടെ ഏതു വിനാഴികയിലാണെന്നറിഞ്ഞുകൂടാ — മേരീഭക്തരായ സഹോദരന്മാരേ, വരുവിൻ, ജപമാലയുമേന്തി; നമുക്കിവിടെ ഈ കണ്ണുനീരിന്റെ താഴ്വരയിലിരുന്നു്, ഏകകണ്ഠമായി അമ്മയുടെ അപദാനങ്ങളാലപിക്കാം.

---

## നിങ്ങൾക്കറിയാമോ?

(2-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ഹാരി ട്രൂമൻ.
2 ഒലിവർ സലാസർ.
3 ജോൺ എ കൊസ്റ്റെല്ലോ.
4 പട്ടാഭി സീതാരാമയ്യ.
5 സലാസറും കൊസ്റ്റെല്ലോയും.

## പുരാതനരേഖ

1188-ൽ മൂന്നാം ക്ലമന്റു മാർപ്പാപ്പാ ജർമ്മനിയിലേക്കയച്ച ഒരു രേഖ ബർലിനു സമീപമുള്ള ഒരു കുതിരലായത്തിൽനിന്നു കണ്ടെടുത്തിരിക്കുന്നു.

# Sathya Deepam

Vol 23 | Ernakulam January 4 1950 | No 19


പ്രഭാഷണം

## കരയുവിൻ

"ഓറെശ്ലം പുത്രിമാരേ, എന്നെക്കുറിച്ച് നിങ്ങൾ കരയേണ്ട; നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരഞ്ഞുകൊൾവിൻ" (ലൂക്ക XX III, 28)

ഒരു കവി സങ്കല്പസാഗരത്തിൽനിന്നു കടഞ്ഞെടുത്ത ഒരു വിഭാവനാശകലം ഉന്നയിച്ചിട്ടുള്ളതിനെ ഇപ്രകാരം സംഗ്രഹിക്കാം: കന്യകാമറിയം സ്വർഗ്ഗത്തിലേക്കു ആനീതയാകേണ്ട സമയം സമാഗതമായപ്പോഴേയ്ക്കും രത്നഖചിതമായ സിംഹാസനവും വിചിത്രമണിഭൂഷിതമായ കനകച്ചെങ്കോലും വാനവർ സജ്ജമാക്കിക്കഴിഞ്ഞു. കിരീടത്തിന്റെ പണിയും പൂർത്തിയായെങ്കിലും അതിൽ പതിക്കേണ്ടതിനായി ഒരു രത്നംകൂടി ആവശ്യമായിരുന്നു. ഉടനെ ദൂതമംഖ്യനായ മിഖായേൽ ആകാശപ്പരപ്പിൽ പാഞ്ഞുനടന്നു കണ്ണഞ്ചിക്കുന്ന നിരവധി ജ്യോതിർഗോളങ്ങളെ പരിശോധിച്ചുനോക്കി. എന്നാൽ സ്വർഗ്ഗരാജ്ഞിയുടെ കിരീടത്തെ സമലങ്കരിക്കുവാൻ യോഗ്യമായ ഒരു നക്ഷത്രത്തെ കണ്ടെത്തുവാൻ ആ ദൂതാഗ്രണിക്കു കഴിഞ്ഞില്ല. അതിദൂതനായ ഗബ്രിയേൽ ഭൂമിയിലേക്കു പറന്നെത്തി കാന്തിപ്രദീപ്തങ്ങളും അമോഘസുന്ദരങ്ങളും സുപ്രകീർത്തിതങ്ങളുമായ വിശിഷ്ട രത്നങ്ങളെല്ലാം പരിശോധിച്ചുനോക്കി. എന്നാൽ ആ ദൂതമുഖ്യനും പരാജയമടഞ്ഞു. ദൂതാഗ്ര്യനായ റപ്പായേൽ ഭൂമിയിൽ വികസിച്ചുനില്ക്കുന്ന ഹൃദയാകർഷകവും സുരഭിലസുന്ദരവുമായ വിശിഷ്ട പുഷ്പങ്ങളെ ഓരോന്നായി പരിശോധിച്ചുനോക്കി. എന്നാൽ ഉദ്ദേശനിർവ്വഹണത്തിനു അർഹതയുള്ള ഒന്നുംതന്നെ തിരഞ്ഞെടുക്കുവാൻ സാധിക്കാതെ നിരാശയോടെ ആ ദൂതവര്യൻ മടങ്ങിപ്പോകുവാനാരംഭിച്ചപ്പോൾ കണ്ടകാഴ്ച ......... ഒരു ചെറുകുടിലിൽ ദരിദ്രയായ ഒരു വിധവ ആസന്നമരണയായി കിടക്കുന്നു. സമീപത്തായി അവളുടെ കൊച്ചുമകൻ തേങ്ങിക്കരഞ്ഞുകൊണ്ടും കൈകൾ കൂപ്പിയും മുട്ടുകുത്തിനില്ക്കുന്നു. തന്റെ അവസാനനിമിഷങ്ങൾ സമീപിച്ചുവെന്നു ആ സാധ്വിക്കു മനസ്സിലായി. നിഷ്കളങ്കനായ ആ കൊച്ചുകുമാരനെ—തന്റെ ഏക സന്താനത്തെ—പ്രേമഭാജനത്തെ—നിരാലംബനായി ലോകത്തിൽ വിട്ടുംവച്ച് പോകണമെന്നുള്ള വിചാരം അവൾക്കു സങ്കടകരമായിത്തോന്നി. എങ്കിലും അവൾ ദൈവതിരുമനസ്സിനു കീഴ്വഴങ്ങുവാനുറച്ചു. ഇപ്രകാരം പ്രേമവും പരിത്യാഗവും തമ്മിൽ അവളുടെ അന്തരംഗത്തിൽ നടന്നതായ ഘോരസമരത്തിന്റെ ഫലമായി ഒരു കണ്ണുനീർത്തുള്ളി അവളുടെ ഒട്ടിയ കവിൾത്തടത്തിലേക്കു ഉരുണ്ടുവീണു. ഉടനെ റപ്പായേൽ ആ കണ്ണീർകണം തന്റെ കരതലത്തിൽ സ്വീകരിച്ചുകൊണ്ടു ആനന്ദതുന്ദിലനായി സ്വർഗ്ഗത്തിലേക്കു മടങ്ങി. സ്വർഗ്ഗവാസികളെല്ലാവരും ഒരു മാതാവിന്റെ കണ്ണീർകണത്തിൽ അന്തർലീനമായിരിക്കുന്ന അനവദ്യഭംഗിയെ മനസ്സിലാക്കി. സ്വർഗ്ഗരാജ്ഞിയുടെ കിരീടത്തിൽ ആ ബാഷ്പകണം തിളങ്ങി പ്രശോഭിക്കയും ചെയ്തു.

ഇതു് വെറും ഒരു വിഭാവനയാണെങ്കിലും അർത്ഥസമ്പുഷ്ടമായ ഒന്നാണെന്നുള്ളതു് നിർവ്വിവാദമാണ്. ഒരു മാതാവു് തന്റെ മകനുവേണ്ടി തൂകുന്ന കണ്ണുനീർത്തുള്ളിയുടെ ശക്തിയും പരിശുദ്ധിയും സൗന്ദര്യവും അന്യാദൃശമാണ്. നിസ്വാർത്ഥവും അപരിമിതവുമായ പുത്രവാത്സല്യം; ആത്മസന്താനത്തിന്റെ ആദ്ധ്യാത്മികവും ശാരീരികവുമായ പുരോഗമനത്തിനുള്ള ഉൽകണ്ഠ; അതിനുവേണ്ടി എന്തുക്ലേശവും സഹിക്കുവാനുള്ള നിഷ്കാമവും പ്രേമജന്യവുമായ സന്നദ്ധത; അതിദാരുണമായ പരിത്യാഗങ്ങളുടെ വീരോചിതമായ നിർവ്വഹണം: ദൈവത്തിന്റെ നന്മയിലും ജ്ഞാനത്തിലുമുള്ള അതിരററ വിശ്വാസം—ഇങ്ങനെ നിരവധി ഗുണഗണങ്ങൾ ആ കണ്ണുനീർത്തുള്ളിയിൽ അന്തർലീനമായിട്ടുണ്ടു്. നായിം പട്ടണത്തിൽവെച്ച് ഒരു വിധവ കണ്ണുനീർ പൊഴിച്ച് പ്രലപിച്ചുകൊണ്ടു തന്റെ ഏകപുത്രന്റെ ശവമഞ്ചത്തെ അനുഗമിച്ചിരുന്നു. അവളുടെ ബാഷ്പകണങ്ങൾക്കു ക്രിസ്തുനാഥനെക്കൊണ്ടു ഒരു വലിയ അത്ഭുതകൃത്യം ചെയ്യിക്കുവാനുള്ള—തന്റെ പുത്രനെ പുനർജീവിപ്പിക്കുവാനുള്ള—ശക്തി കൈവന്നതു് ഇതുകൊണ്ടുതന്നെയാണ്. ലോകത്തിന്റെ പാപഭാരവും പേറിക്കൊണ്ടു് കാൽവരിയിലേക്കു പോകുന്ന ദിവ്യരക്ഷകനെകണ്ടപ്പോൾ ചില ഭക്തസ്ത്രീകൾ വാവിട്ടുനിലവിളിച്ചു. അവരുടെ സഹതാപവും കണ്ണുനീരും സ്നേഹസമന്വിതം സ്വീകരിച്ചുകൊണ്ടു് രക്ഷാനാഥൻ അവരോടു പറയുന്നു: "ഓറെശ്ലം പുത്രിമാരേ, നിങ്ങൾ എന്നെക്കുറിച്ച് കരയേണ്ട; നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരഞ്ഞുകൊൾവിൻ." അതെ, മാതാപിതാക്കന്മാർ സ്വസന്താനങ്ങൾക്കുവേണ്ടി കരഞ്ഞപേക്ഷിക്കണം. അങ്ങനെ തകന്ന ഹൃദയത്തിൽനിന്നും തപ്തബാഷ്പത്തിൽനിന്നും ഉയരുന്ന പ്രാർത്ഥന ദൈവത്തിനു സ്വീകാര്യവും മക്കൾക്കു അനുഗ്രഹസംദായകവുമായിരിക്കും.

ലോകത്തിൽ നമ്മുടെ സഹതാപം ഏററവുമധികം അർഹിക്കുന്ന ഒരു കൂട്ടരുണ്ടു്. അവർ ആരാണ്? താന്തോന്നികളായ മക്കളുള്ള നല്ല മാതാപിതാക്കന്മാർ. കുടുംബങ്ങളിൽ ഈ നല്ല മാതാപിതാക്കന്മാർ വിശിഷ്ടമാതൃകയാകുന്ന പ്രഭാപ്രസരം ചൊരിയുന്നു; ഭക്തകൃത്യാനുഷ്ഠാനങ്ങളിലും ദാനധർമ്മാദികളിലും അവർ ഉത്സുകരാണ്; മക്കളെ വളർത്തുന്നതിൽ നിസ്സ്വാർത്ഥമായ ക്ലേശങ്ങൾ അവർ സഹിക്കുന്നു; സന്താനങ്ങളെ ഉപദേശിക്കുന്നു, ശിക്ഷിക്കുന്നു, മാതൃകാജീവിതം അവരുടെ കൺമുമ്പാകെ വെച്ചുകൊടുക്കുന്നു; അവരെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും ദുഷ്ടസംസർഗ്ഗത്തിൽനിന്നു് അവരെ പിൻതിരിപ്പിക്കുന്നതിനും അവർ ഉൽകണ്ഠയോടെ അശ്രാന്തം പരിശ്രമിക്കുന്നു. എന്നാൽ ഈദൃശപരിശ്രമങ്ങൾക്കെല്ലാം വിപരീതമായി മക്കൾ മോശമായ കൂട്ടുകെട്ടിൽ പെട്ടും മററും താന്തോന്നികളായും നികൃഷ്ടന്മാരായും ജീവിതം നയിക്കുന്നു. ആ നല്ല മാതാപിതാക്കന്മാർക്കു എത്രയോ വ്യഥാഹേതുകമായ ഒരു കാര്യമാണിതു്? തങ്ങളുടെ ചുമതലകളെല്ലാം യഥാവിധി നിർവ്വഹിച്ചിട്ടുണ്ടെന്നുള്ള വിചാരം അവർക്കു സമാശ്വാസം നൽകുമെങ്കിലും, അവരുടെ ഹൃദയം വെന്തുനീറിക്കൊണ്ടിരിക്കും; അവരുടെ ഹൃദയസമാധാനം അപഹൃതമാകും. ഇങ്ങനെയുള്ള ദയനീയസംഭവങ്ങൾ ഓരോരുത്തരുടെയും പരിചയസീമയിൽ എത്തപ്പെട്ടിട്ടുണ്ടായിരിക്കും. ഈ മാതാപിതാക്കന്മാർക്കു എന്താണ് കരണീയമായിട്ടുള്ളതു്? അവർ കരയണം; ഹൃദയം തകർന്നുകൊണ്ടും ഉള്ളുരുകിക്കൊണ്ടും ചുടുകണ്ണുനീർ അവർ ധാരാളം ഒഴുക്കട്ടെ. ഈ കണ്ണുനീർച്ചാൽ അവർ ദൈവസന്നിധിയിലേക്കു തിരിച്ചുവിടട്ടെ; അവർ കരഞ്ഞുകൊണ്ടു് പ്രാർത്ഥിക്കട്ടെ. മാതാപിതാക്കൾ മക്കൾക്കുവേണ്ടി ചിന്തുന്ന കണ്ണുനീരിന്റെ പവിത്രതയും ശക്തിയും വലിയതാണ്. ദീർഘദർശി പറയുന്നു, ഹൃദയങ്ങൾ ദൈവത്തിന്റെ കരങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്നു്. ഹൃദയപരിവർത്തനം സാധിക്കുവാനും ദൈവത്തിനുമാത്രമേ ശക്തിയുള്ളൂ. കണ്ണിൽ കാണുന്നവരോടെല്ലാം മക്കളെ ചൊല്ലി പ്രലപിച്ചതുകൊണ്ടു കാര്യമില്ല; മറിച്ച്, അവരുടെ പ്രലാപം ദൈവസന്നിധിയിലേക്കു മാത്രമായിരിക്കട്ടെ. നിശ്ശബ്ദതയിലും ഏകാന്തതയിലും ദൈവതിരുസന്നിധിയിൽ—പരി. കുർബാനയുടെ മുമ്പിൽ—അവർ കണ്ണുനീർ പൊഴിച്ചുകൊണ്ടു പ്രാർത്ഥിക്കട്ടെ. ഉടനടിയല്ലെങ്കിലും കാലക്രമത്തിൽ ആ കണ്ണുനീരുകൾ ഫലപ്രദങ്ങളാകാതിരിക്കയില്ല.

സുകൃതിനിയായിരുന്ന വി. മോനിക്കാ സ്വപുത്രനായ ആഗുസ്തീനോസിന്റെ അപഥസഞ്ചാരത്തേയും വഷളായ ജീവിതരീതിയേയും കുറിച്ചു വളരെയധികം പ്രലപിക്കയും പ്രാർത്ഥിക്കയും ചെയ്തിരുന്നു. പണ്ഡിതനും വാഗ്മിയുമായ ഒരു മെത്രാന്റെ മുമ്പിൽ ചെന്നു അവൾ വിങ്ങി വിങ്ങിക്കരഞ്ഞുതുടങ്ങി. അപ്പോൾ അദ്ദേഹം പറഞ്ഞു: "സമാധാനത്തിൽ പോകുക. ഇത്രയധികം കണ്ണുനീരുകളുടെ പുത്രൻ ഒരിക്കലും നഷ്ടപ്പെടുകയില്ല." അതെ, "കണ്ണുനീരിന്റെ പുത്രൻ"! വികാരതരളിതനായിട്ടാണ് ആഗുസ്തീനോസ് ഈ സംഭവം തന്റെ അനുതാപചിന്തകളിൽ ലേഖനം ചെയ്തിരിക്കുന്നതു്. മകനെ സൽപഥത്തിലേക്കാനയിക്കുവാൻ ആ വിധവ ഉൽകണ്ഠയോടെ പരിശ്രമിച്ചുകൊണ്ടിരുന്നു. മകൻ കാർത്തേജിലേക്കു പോയപ്പോൾ അമ്മയും അവനെ അനുഗമിച്ചു. എന്നാൽ മകൻ അമ്മയെ—തനിക്കുവേണ്ടി നിശാവേളയിൽ കണ്ണുനീർ തൂകിക്കൊണ്ടു പ്രാർത്ഥിച്ചിരുന്ന അമ്മയെ—കബളിപ്പിച്ചുകൊണ്ടു ആ രാത്രിയിൽത്തന്നെ റോമിലേക്കു കപ്പൽ കയറി; അവിടെനിന്നു മിലാനിലേക്കും പോയി. കരയും കടലും കടന്നുകൊണ്ടു റോമിലേക്കും ഈ സ്ഥലങ്ങളിലേക്കെല്ലാം അദ്ദേഹത്തെ അനുഗമിച്ചു. എന്തിനു്? സ്വപുത്രനെ നല്ല വഴിക്കു തിരിക്കുവാൻ. ഒടുവിൽ അവളുടെ കണ്ണുനീരുകളും ക്ലേശങ്ങളും ഫലസമൃദ്ധമായി. ആഗുസ്തീനോസ് മനസ്സുതിരികയും ഹിപ്പോയിലെ മെത്രാനും, സുപ്രസിദ്ധനായ വേദവിദ്യാപാരംഗതനും, സഭയുടെ ഒരു നെടുംതൂണും, ഒരു മഹാവിശുദ്ധനുമായിത്തീരുകയും ചെയ്തു. മാതാപിതാക്കന്മാർ മക്കൾക്കുവേണ്ടി കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കണം. കണ്ണുനീരിന്റെ പുത്രന്മാർ ഒരിക്കലും നശിച്ചുപോകയില്ല.

(ജെ. ചെമ്മണൂർ)



എറണാകുളം അതിരൂപതവകയായി "അഗതികളുടെ സഹോദരികളു"ടെ മേൽനോട്ടത്തിൽ ചുണങ്ങംവേലിയിൽ നടത്തപ്പെടുന്ന സാധുവൃദ്ധമന്ദിരം ഐക്യസംസ്ഥാന ചീഫ് സിക്രട്ടറി, ശ്രീ കെ. ജി. മേനോൻ മോൺ. ജോർജ്ജ് വല്യാറമ്പത്തുമൊരുമിച്ച് സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.


## ഫാത്തിമാ മാതാവ്

ഫാത്തിമാ മാതാവിന്റെ തനിച്ചുള്ളതും സ്വീകരണാഘോഷങ്ങളുടെ വിവിധരീതിയിലുള്ളതുമായ അൻപതിൽപ്പരം ഫോട്ടോകളടങ്ങിയ ആൽബത്തിനു് വില 10 രൂപാ മാത്രം

5 രൂപാ അഡ്വാൻസ് സഹിതം ഉടൻ അപേക്ഷിക്കുക:—

കൃഷ്ണൻനായർ ബ്രദേഴ്സ്,
ഫോട്ടോഗ്രാഫേഴ്സ് & ഡീലേഴ്സ്,
എറണാകുളം.


## ജപ്പാൻ ചക്രവർത്തി ക്രിസ്തുമതം പഠിക്കുന്നു

ജപ്പാനിലെ ഹിറോഹിതൊ ചക്രവർത്തി ക്രിസ്തുമതം പഠിക്കുന്നതിൽ വ്യാപൃതനായിരിക്കുന്നു. മദർ എലിസബെത്തു് നഗാത്താ എന്ന ഒരു ജപ്പാൻ സന്യാസിനിയാണ് അദ്ധ്യാപനം നടത്തിക്കൊണ്ടിരിക്കുന്നതു്.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam